# കോഫി വിത്ത് ഗാന്ധാരിയമ്മ

Malayalam
**Coffee with Gandhariyamma**
By Bindu Baiju Panicker

First Impression 2016
by Nakshatra Publications
Vavara, Pothencode Post
Thiruvananthapuram 695 584
Mob: 8075339365
e-mail: nakshatrapublications2016@gmail.com

Cover Design:
Zainul Abid

Illustrations:
Artist Namboodiri, Artist T.N.Subodh Kumar
Arun Gopi, Sreehari B Panicker, Seema CR
Akhilesh Kumar, Sreelakshmi B Panicker

Layout : Bhattathiri
DTP: Printaids Laser Media, Trivandrum
Printing: Sujilee Color Printers, Kollam-691572

Distributed by
Changathi Swayam Sahaya Sangam
Thachappally, Trivandrum 695 313
Online Distribution:
www.indulekha.com

All rights reserved. No part of this book may be reproduced or transmitted in any form or by any means without permission in writing from the publisher.

https://www.facebook.com/Coffee-With-Gandhariyamma-1384418264925241/

₹ 120

# കോഫി വിത്ത് ഗാന്ധാരിയമ്മ

ബിന്ദു ബൈജു പണിക്കർ

NAKSHATRA PUBLICATIONS
നക്ഷത്ര പബ്ലിക്കേഷൻസ്
തിരുവനന്തപുരം
വില: ₹ 120

യോƒന്തഃ പ്രവിശ്യ മമ വാചമിമാം പ്രസുപ്താം
സംജീവയത്യഖിലശക്തിധരഃ സ്വധാമ്നാ
അന്യാംശ്ച ഹസ്തചരണശ്രവണത്വഗാദീൻ
പ്രാണാൻ നമോ ഭഗവതേ പുരുഷായ തുഭ്യം

## ബിന്ദു ബൈജു പണിക്കർ

കോട്ടയത്തിനടുത്ത് പുവന്തുരുത്ത് ലക്ഷ്മി ഭവനിൽ ജനനം. അച്ഛൻ റിട്ട. ആർമി ക്യാപ്റ്റൻ വാസുദേവൻ പിള്ള. അമ്മ റിട്ടയേർഡ് ഹെഡ്മിസ്ട്രസ് രത്നമ്മ. സ്കൂൾ കാലം മുതൽ കലാ സാംസ്കാരികരംഗത്ത് സജീവ സാന്നിധ്യം. ബാലമാസികകളിൽ കവിതകൾ പ്രസിദ്ധീകരിച്ചുകൊണ്ട് സാഹിത്യരംഗത്ത് പിച്ചവച്ചു. ഭരതനാട്യവും കർണ്ണാടകസംഗീതവും ശാസ്ത്രീയമായി അഭ്യസിച്ചു.

ഇൻഫർമേഷൻ ടെക്നോളജിയിൽ ബിരുദാനന്തരബിരുദം നേടിയ ശേഷം പൂനെയിലും മുംബൈയിലും ആ രംഗത്ത് ജോലിനോക്കി. തുടർന്ന് അമേരിക്കയിലെ മിഷിഗണിൽ സ്ഥിരതാമസമാക്കി. ഫോർഡ്, ജിഎം എന്നീ പ്രമുഖ കോർപ്പറേറ്റ് സ്ഥാപനങ്ങളിലും ബാങ്ക് ഓഫ് അമേരിക്കയിൽ വൈസ് പ്രസിഡന്റ് സ്ഥാനത്തുമായി ഇൻഫർമേഷൻ ടെക്നോളജിയിൽ ജോലി നോക്കി. ഇപ്പോൾ ജനറൽ ഇലക്ട്രിക് (GE) എന്ന ലോകപ്രശസ്ത സ്ഥാപനത്തിൽ പ്രോഗ്രാം മാനേജരായി ജോലി നോക്കുന്നു. കലാസാംസ്കാരിക രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നു. നിരവധി സ്റ്റേജ് ഷോകൾക്ക് രചന നിർവഹിച്ചു. 2001-ൽ പ്രസിദ്ധീകരിച്ച "ത്രേസ്യാകുട്ടീടെ കുമ്പസാരം" എന്ന കഥയെക്കുറിച്ച് പ്രശസ്ത നിരൂപകനായിരുന്ന എം. കൃഷ്ണൻനായർ പ്രശംസിച്ച് എഴുതിയത് തുടർന്ന് എഴുതാനുള്ള പ്രചോദനമായി.

കേരള ക്ലബ് ഓഫ് ഡിട്രോയിറ്റ് പ്രസിദ്ധീകരിക്കുന്ന കേരളൈറ്റ് എന്ന മാസികയുടെ ചീഫ് എഡിറ്ററായി അഞ്ചുവർഷത്തിലേറെയായി പ്രവർത്തിക്കുന്നു. മിഷിഗൺ ആസ്ഥാനമായുള്ള മിലൻ എന്ന സാഹിത്യ സംഘടനയിൽ പത്തു വർഷമായി പ്രവർത്തിക്കുന്നു.

2007-ൽ സത്യം ഓഡിയോസ് റിലീസ് ചെയ്തു, ബിനു പണിക്കർ സംഗീത സംവിധാനം നിർവഹിച്ച് ശ്രീവത്സൻ ജെ. മേനോൻ, ബിനി പണിക്കർ എന്നിവർ ഉൾപ്പെടെയുള്ള ഗായകർ ചേർന്നൊരുക്കിയ വിസ്മയ എന്ന മ്യൂസിക് ആൽബത്തിലെ വരികൾ എഴുതി ഗാനരചനയിലേക്കും കടന്നു.

ഭർത്താവ് - ബൈജു പണിക്കർ

മക്കൾ - ശ്രീഹരി പണിക്കർ, ശ്രീറാം പണിക്കർ.

Email : bindupoems@gmail.com
Facebook: https://www.facebook.com/Coffee-With-Gandhariyamma-1384418264925241/

# എന്തുകൊണ്ട് ഈ പുസ്തകം

സാഹിത്യം കുടിൽ വ്യവസായമല്ല എന്ന് ആദ്യമായി പ്രഖ്യാപിച്ചത് എഴുത്തുകാരനായ സക്കറിയയാണ്. മലയാളത്തിൽ അത്രയൊന്നും വിവാദമാകാത്ത ഒരു ചർച്ചയിൽ പങ്കെടുത്തുകൊണ്ടാണ് ഏറെക്കുറെ പത്തുവർഷം മുമ്പ് അദ്ദേഹം സാഹിത്യത്തെ സംബന്ധിച്ച തന്റെ തീവ്രനിലപാടു വ്യക്തമാക്കിയത്.

മലയാളി തന്റെ അഭിപ്രായങ്ങളും ആത്മരോഷവും ആത്മാവിഷ്കാരവും ബുദ്ധിശൂന്യതയും പരസ്യമായി വിക്ഷേപിക്കുന്ന കാലമായിരുന്നില്ല അത്. സമൂഹമാധ്യമങ്ങൾ ഇത്രയൊന്നും സജീവമല്ലാതിരുന്ന ആ കാലത്ത് സാഹിത്യപ്രവർത്തനം കുടിൽവ്യവസായ കലയായിരുന്നില്ല എന്നു സമ്മതിക്കാം. എന്നാൽ ഇന്ന് ഭാഷയുടെയും സാഹിത്യത്തിന്റേയും അച്ചടിമാധ്യമങ്ങളുടെയും നിലനിൽപ്പു തന്നെ അപകടകരമായ അവസ്ഥയിലേക്ക് പോകുന്ന സാഹചര്യത്തിൽ അച്ചടിമാധ്യമം കുടിലിൽ നിന്നായാലും കൊട്ടാരത്തിൽ നിന്നായാലും ഒരു അനിവാര്യതയാണ് എന്ന യാഥാർത്ഥ്യം നാം അംഗീകരിച്ചേ മതിയാവൂ.

ഈ പ്രത്യേക സാഹചര്യത്തിലാണ് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന 'നക്ഷത്ര പബ്ലിക്കേഷൻസ്' എന്ന കുടുംബശ്രീ പ്രസ്ഥാനം പുതിയൊരു ദൗത്യവുമായി മുന്നോട്ടു വരുന്നത്. പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന ചങ്ങാതി സ്വയം സഹായ സംഘമാണ് നക്ഷത്ര പബ്ലിക്കേഷൻസിന് നേതൃത്വം കൊടുക്കുന്നത്. നല്ല പുസ്തകങ്ങളുടെ അച്ചടിയും പ്രചരണവുമാണ് നക്ഷത്ര പബ്ലിക്കേഷൻസ് ലക്ഷ്യമിടുന്നത്. നവമാധ്യമങ്ങൾക്കിടയിലും പുസ്തകങ്ങൾക്ക് അതിന്റെ പവിത്രമായ സ്ഥാനം നഷ്ടപ്പെടരുത് എന്ന ആഗ്രഹം മാത്രമാണ് ഇത്തരമൊരു സാഹസത്തിനു പിന്നിൽ.

നക്ഷത്ര പബ്ലിക്കേഷൻസിന്റെ ആദ്യത്തെ സംരംഭമാണ് ബിന്ദു ബൈജു പണിക്കരുടെ 'കോഫി വിത്ത് ഗാന്ധാരിയമ്മ.' നാടിനെ സ്നേഹിക്കുന്ന ഒരു പ്രവാസി എഴുത്തുകാരിയുടെ കുറിപ്പുകളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

സാമ്പ്രദായികരീതികളിൽ നിന്നു വ്യത്യസ്തമായി എഴുത്തിന്റെ എല്ലാ തലങ്ങളെയും തൊട്ടുതലോടിപോകുന്നുണ്ട് ഈ എഴുത്തുകാരി. വായനയുടെ നർമ്മഭാസുരമായ ലോലഭാവങ്ങളെയും ചിലപ്പോൾ ഇരുണ്ട ചിരിയെയും മറ്റുചിലപ്പോൾ അപ്രതീക്ഷിതമായ നൊമ്പരങ്ങളെയും ഭാവനാത്മകമായി പ്രകാശിപ്പിക്കാൻ ബിന്ദു ബൈജു പണിക്കർക്കു കഴിയുന്നുണ്ട്. എന്തായാലും എഴുത്തിന്റെ നന്മ എഴുത്തുകാരിക്കു മാത്രം സ്വന്തം എന്നു പറയാനാണ് ഞങ്ങൾ താത്പര്യപ്പെടുന്നത്.

ഇത്തരമൊരു പുസ്തകം പ്രസിദ്ധീകരിക്കുവാനുള്ള ഉത്തരവാദിത്തം 'നക്ഷത്ര പബ്ലിക്കേഷൻസി'നെ ഏൽപ്പിക്കാനുള്ള ബിന്ദുവിന്റെ നല്ല മനസ്സിന് നന്ദി രേഖപ്പെടുത്തുന്നു. മലയാളത്തെ സ്നേഹിക്കുന്ന അഭ്യുദയകാംക്ഷികളിൽ നിന്നും തുടർന്നും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ പുസ്തകം വായനക്കാർക്കായി സമർപ്പിക്കുന്നു.

സ്നേഹപൂർവം
നക്ഷത്ര പബ്ലിക്കേഷൻസ്

വാവറ
തിരുവനന്തപുരം 695 584
ഫോൺ: 80753 39365
e-mail: nakshatrapublications2016@gmail.com

# ലോകാക്ഷരപ്രകാശമാകട്ടെ ഈ വചനയജ്ഞം

### വി. മധുസൂദനൻ നായർ

ബിന്ദുവിന്റെ നർമ്മബിന്ദുക്കളിൽ, ആദ്യത്തെ കൺതിളക്കങ്ങൾക്കപ്പുറം, അനേകം മർമ്മസന്ധികളുണ്ട്. സിദ്ധരായ എഴുത്തുകാരുടെ കൈയടക്കമാണത്. ഏഴു ഭാഗങ്ങളായിത്തിരിച്ച് സംവിധാനം ചെയ്തിരിക്കുന്ന "കോഫി വിത്ത് ഗാന്ധാരിയമ്മ" എന്ന ഈ ഗ്രന്ഥം മുഴുവൻ വായിച്ചപ്പോൾതോന്നിയതാണ്, ഇതിനുള്ളിൽ മുങ്ങിയെടുക്കാനേറെയുണ്ടെന്ന്. ദേശാന്തര ജീവിതാനുഭവങ്ങളുടെ വൈവിധ്യങ്ങൾ, വൈരുധ്യങ്ങൾ, അവയ്ക്കുള്ളിലെ നേരുകൾ, നേരുകേടുകൾ, ജീവിതരീതി വ്യത്യാസങ്ങൾ - ഇവയെല്ലാം നേർമ്മകളും അകപ്പൊരുളുമുള്ള കൊച്ചുവചനങ്ങളിലൊതുക്കാൻ ഒന്നാമതായി വേണ്ടത് സിദ്ധിതന്നെയാണ്. സരസമായ നിരീക്ഷണകൗതുകവും സൂക്ഷ്മദർശനശേഷിയും വിശകലനപാടവവും ആ സിദ്ധിയെ സാഫല്യമുള്ളതാക്കുന്നു. നാട്ടുമനസ്സും നവകാലമനസ്സും കൊരുത്തെടുക്കാനുള്ള നൈപുണി അതിനെ അധികം കാവ്യാത്മകവും ജൈവവുമാക്കുന്നു. അതുകൊണ്ട്, ഒറ്റനോട്ടത്തിൽ, ലഘുവായി വായിച്ചുപോകാവുന്ന ഇതിലെ രചനകളിലെമ്പാടും സമ്പുഷ്ടമായ രസായനശക്തി ഉണ്ട്.

രണ്ടായിരത്തിരണ്ടിലാണ് ശ്രീ. ബൈജു പണിക്കരെയും ശ്രീമതി. ബിന്ദു ബൈജു പണിക്കരെയും ശ്രീ ബിനുവിനെയും മറ്റും അമേരിക്കയിലെ ഡെട്രോയിറ്റ് നഗരത്തിൽ വച്ചാണ് ഞാൻ പരിചയപ്പെട്ടത്. മലയാളഗ്രാമത്തിന്റെ ഹൃദയം കൊണ്ടുനടക്കുന്ന ഇവർ അധുനാതനനാഗരികതയോടു വിമുഖത പുലർത്തിക്കണ്ടില്ല. എങ്കിലും എല്ലാം സ്വന്തം ഹൃദയത്തിൽ അലിയിച്ചേ അവർ ആസ്വദിച്ചുള്ളു എന്നാണറിവ്. അന്നേ ദർശിച്ചു ശ്രീമതി. ബിന്ദുവിലെ അക്ഷരപ്രകാശം. അത് കാലം കൊണ്ടുവളർന്ന് ഏതാണ്ട് പക്വശാഖമായിരിക്കുന്നു. ഇനിയുമുണ്ടതിന് വളർച്ചയുടെ ആകാശങ്ങൾ.

അന്യദേശത്തു പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യുന്നവരെയെല്ലാം 'പ്രവാസികൾ' എന്നാണ് നാമിന്നു വിളിക്കുന്നത്. അവർ എഴുതുന്ന കൃതികൾക്ക് 'പ്രവാസിസാഹിത്യം' എന്ന പേരു കൊടുക്കുകയും ചെയ്യുന്നു. ഇന്നത്തെ അവസ്ഥയിൽ ഇതു വേണമോ എന്നു ചിന്തിക്കാവുന്നതാണ് എന്നൊരു വിനീതാഭിപ്രായം പ്രകാശിപ്പിക്കട്ടെ. സ്വന്തദേശത്തുനിന്ന് മനസാ അന്യരായി പോകേണ്ടിവരുന്നവരും മറുദേശത്ത് ഒറ്റപ്പെട്ടവരുമല്ലേ പ്രവാസികൾ! ഏതാണ്ടു തിരസ്കൃതർ? ഇത് ഈ വിഷയത്തിലെ വിദഗ്ധചിന്തകർക്കു വിടുന്നു. ശ്രീമതി ബിന്ദുവിന്റെ ഈ ഗ്രന്ഥത്തിലെ രചനകളിൽ ആവിധമുള്ള അന്യതയുടെയും സംഘർഷത്തിന്റേയും ആവിഷ്കാരത്തിനപ്പുറം എനിക്കു കാണാൻ, എന്റെ പരിമിത നേത്രങ്ങൾക്കു കാണാൻ കഴിയുന്നത് ഇരുദേശങ്ങളിൽ പകർന്നു ജീവിക്കുന്നവരുടെ ജീവിതപരിണാമങ്ങളെയും അവസ്ഥകളെയുമാണ്. അകലെ നില്ക്കുന്നുവെങ്കിലും ഒട്ടും അകലാതെ

കാണുന്ന തൻനാട്ടുജീവിത സ്വഭാവങ്ങളെയുമാണ്. അതെല്ലാം നാടൻ രീതിയിൽ, നാടൻ കവിതയിൽ, നാട്ടുമൊഴിത്തിളക്കത്തോടെയും ഒപ്പം നവീനമായ,സ്വകീയമായ വചനശൈലിയോടെയും അവതരിപ്പിക്കാനുള്ള തന്മയത്വമാണ്. അതുകൊണ്ട് ഇവയിൽപ്പലതും ക്ലിഷ്ടമായ സാഹിത്യകാണ്ഡങ്ങളല്ല, രസവാഹിനികളായ സംഭാഷണങ്ങളാണ്.

'കോഫി വിത്ത് ഗാന്ധാരിയമ്മ' എന്ന പേരിൽതന്നെയുണ്ട് ഇതിന്റെ ധ്വനി. നാടകീയമായ കാവ്യഭാഷണം. അമേരിക്കൻ ജീവിതവും തനിമലയാളഗ്രാമജീവിതവും, ഒതുക്കി വച്ചിരിക്കുന്നു. അത് വിടർത്തിയെടുത്തു നോക്കുകയേ വേണ്ടൂ.

എല്ലാം വലിപ്പത്തിലമ്പോ.... വലിപ്പത്തിൽ
പച്ചക്കറിയും പഴങ്ങൾ പോലും
എല്ലാം വലിപ്പത്തിലമ്പോ...., വലിപ്പത്തിൽ.
പച്ചക്കറിയും പഴങ്ങൾ പോലും

തക്കാളി കണ്ടിട്ടു മത്തനാണെന്നങ്ങു -
തോന്നി ഞാൻ മത്തനായ് നിന്നുപോയി.
ഉള്ളിയും തേങ്ങയും കണ്ടാൽ തിരിച്ചങ്ങറി-
ഞ്ഞിടാനേറ്റം വിഷമമുണ്ടേ
.............................
നാട്ടാരും കൂട്ടവും റോട്ടിലോ കാണില്ല-
യെല്ലാരും കൂട്ടിലൊളിച്ചപോലെ

ഒച്ചയില്ലോശയില്ലാരാനുമുണ്ടെങ്കി-
ലാർക്ക് ചേതം കൂവെ എന്ന മട്ട്.

വേലിയില്ലാത്തൊരാ വീടുകളങ്ങനെ
പച്ചപ്പരപ്പിൽ നിരന്നു കാണാം.

എല്ലാരും കണ്ടാൽ ചിരിച്ചിട്ടും "ഹൈ"
എന്നു ചൊല്ലിട്ടും ഞാനും പഠിച്ചതൊക്കെ

ഈ വിധം ഏതാനും ചിത്രങ്ങൾ കൊണ്ട് അമേരിക്കൻ ശൈലികൾ, ഒരു യാത്രാവിവരണക്കാരനു കഴിയുന്നതിനേക്കാൾ ലാഘവത്തോടെ ചിമിഴിലൊതുക്കുമ്പോൾ, ആ നാടിന്റെ ജനവൈവിധ്യം, നാട്ടൊരുക്കം, വിഭവവിലാസം, യാന്ത്രികത, ഉപചാരാദികൾ - എല്ലാം വിടർന്നുകഴിഞ്ഞു.

തൊട്ടടുത്ത്, മിന്നുന്ന ലോട്ടിയിൽ പാൽക്കാപ്പിയും, കൂടെ കിണ്ണത്തിൽ കായ വറുത്തതും ചക്കവരട്ടിയും നല്കി സൽക്കരിച്ച്, ചുണ്ണാമ്പുവെറ്റിലയും സുഗന്ധക്കൂട്ടും നുള്ളിത്തിന്ന് ചോദ്യം തുടങ്ങുന്ന ഗാന്ധാരിയമ്മയിൽ കതിരിട്ടു വരുന്നത് ആത്മലാവണ്യമുള്ള മലയാള ജീവിതഭ്രമിയാണ്.

"മുല്ലയും പിച്ചിയും കൂടെ ചിരിക്കുന്ന തുമ്പയും" മാവിന്റെ കൊമ്പിൽ നിന്നു വണ്ണാത്തി കൊത്തിയടർത്തിയ മാങ്ങ", "ചേറിന്റെ ഗന്ധം മയങ്ങുന്ന തോട്ടിലെ മീനിന്റെ ചന്തം", "അന്തിക്കു രണ്ടടിച്ച് അന്തം വിട്ടു റോട്ടിൽക്കിടക്കുന്ന പാപ്പി", "പഞ്ചാരിയും ചേങ്ങിലത്താളവും മേളിച്ച ഉത്സവം" - ഇതൊക്കെച്ചേർന്നതാണു കേരളം. രണ്ടു നാടുകൾക്കും തനിച്ചന്തങ്ങൾ വെവ്വേറെ. എങ്കിലും രണ്ടു ചന്തങ്ങൾ തമ്മിൽ, കക്കാട്ട് പറഞ്ഞതുപോലെ 'ഒരു പ്രണവ'ത്തിന്റെ ദൂരമുണ്ട്. ആ ദൂരത്തെ ഗാന്ധാരിയമ്മയിലൂടെ, പുഴമീനിന്റെ ചന്തത്തിലൂടെ,

മുല്ലപ്പൂമണം പേറുന്ന അന്തിക്കാറ്റിലൂടെ, പഞ്ചാരി ചേങ്ങില മേളത്തിലൂടെ അനുഭവപ്പെട്ടുത്തുകയാണല്ലോ ബിന്ദു. പക്ഷേ പുതിയ കേരളമനസ്സ്, അമേരിക്ക കണ്ട കേശുവേട്ടനെപ്പോലെ ചോദിക്കുന്നു, മീനിന്റെ ചന്തം പുഴുങ്ങിയാൽ പള്ള നിറയ്ക്കാനാവുമോ? പഞ്ചാരിയും ചേങ്ങിലയും കൂട്ടിക്കുഴച്ച് വയർ നിറയ്ക്കാനാവുമോ? ഭൗതികതയിലേക്കു പറിച്ചുനടപ്പെട്ട കേരളം കേശുവേട്ടന്റെ ഭാഷ പറയും - "കണ്ണുകടിയാണ്"

എങ്കിലും കേശുവേട്ടനെപ്പോലുള്ളവർക്ക്, അമേരിക്കയിലുള്ള മക്കളുടെ മനോഗതം തന്നെ, സത്യം പറഞ്ഞുകൊടുക്കുന്നു.

"ഡോളർ, അതൊന്നേയുള്ളൂ നല്ലതായി"

"ടിഷ്യൂ പ്രയോഗം 'ഹൊ' വൃത്തികേടെങ്കിലും

ഡോളറിൽത്തീരും പരാതിയെല്ലാം"

ടോയ്‌ലറ്റ് പേപ്പർ ഉപയോഗിക്കേണ്ടിവരുന്ന അമേരിക്കയിലെ കേരളിയന്, അതു വൃത്തികേടെന്നാണ് അനുഭവമെങ്കിലും, ഡോളർ കിട്ടുമല്ലോ!

നാണയത്തിനുവേണ്ടി ജീവിതമുഴിഞ്ഞുവയ്ക്കുന്ന പുതുകാലമനുഷ്യാവസ്ഥയുടെ വിഷാദതീവ്രതയായി മാറുന്നു ഈ നർമ്മഭാഷണം.

നാണയലോഭവും ഭ്രമവും കൊണ്ട് നാട്ടുകളാകെ മാറിയിരിക്കുന്നു. ചട്ടിരാമുവിന്റെ ബേക്കറി റാംസ് കഫേയായി മാറുന്നു. നാട്ടു ഭക്ഷണം കപ് ചീനോയും സിന്നമൺറോളും ആയിരിക്കുന്നു. എങ്കിലും ചിലത് മാറുന്നില്ല, മാറ്റാൻ പറ്റില്ലായിരിക്കും. 'ബൈക്കിൽ ചുറ്റിയ വള്ളി' അതാണു പറയുന്നത്. നാട്ടിൻപുറത്തുനിന്ന് അമേരിക്കയിൽപ്പോയി താമസിച്ചാലും നാട്ടുസ്വഭാവം മായാൻ എളുപ്പമല്ല. ഭർത്താവിന്റെ ബൈക്കിന്റെ പിൻസീറ്റിൽ ഒരു 'ലതാവള്ളി'യെ കണ്ടാൽ ഏതു മലയാളരമണിയും 'മരണി' ആയേക്കും. ബൈക്കിൽ ചുറ്റിയ വള്ളി എന്ന നാമം തന്നെ പിണഞ്ഞുപോകുന്ന അത്തരം ബന്ധനങ്ങളെ ധ്വനിപ്പിക്കുന്നു.

നാട്ടിലെത്തുമ്പൊഴോ നാമറിയുന്നിതു

ജീവിതശീലങ്ങൾ മാറിയേറെ

പോരാതെ പോകുന്നു നാടിന്റെ ഭംഗികൾ

ശീലിച്ച ശൈലിക്കു പോന്നിടാതായ്

എന്ന് പരദേശിക്കൊരുപദേശം എന്ന രചനയിൽ 'മൂന്നാമൻ' പറയുന്നത് ബിന്ദുവിന്റെ ദർശനമാണ്. പെറ്റമ്മയും പെറ്റമണ്ണും സ്വർഗത്തേക്കാൾ മഹനീയങ്ങളാണെന്ന ആദർശത്തിന്റെ നാടാണു നമ്മുടേത്. പക്ഷേ, പെറ്റമ്മയും കൂടെ പോറ്റമ്മയും നൽകുന്ന സ്നേഹം ഒരുപോലെ നുകരാൻ പഠിക്കണം. "ഭൂമിയുടെ ഏതറ്റവും വാസയോഗ്യമായിക്കാണുന്നവർ വസുധൈവകുടുംബകം എന്ന ചിന്തയിലേക്കകലം കുറഞ്ഞവർ" എന്ന് ബിന്ദു ആദ്യമേ തന്നെ ആധാരവാക്യം കുറിച്ചിട്ടുണ്ട്. 'എവിടെ നല്ല മനുഷ്യരുണ്ടോ അവിടെ ഭൂമീ, നീയും നല്ലതാണ്.' എന്ന ഔവ്വൈയാരുടെ മഹാദർശനത്തിലേക്ക് നടന്നടുക്കുന്ന ബിന്ദുവിനെയാണ് ഇവിടെ കാണുക. നാട്ടുകൾ, സമൂഹങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ, സമ്പത്ത്, രാഷ്ട്രീയം, ബന്ധങ്ങൾ, അഭിരുചികൾ - ഇവയാകെ അവയുടെ അഗാധതയിൽച്ചെന്നു തൊടുമ്പോഴും വിശ്വമാനവന്റെ ആത്മീയത ബീജശക്തിയായി നില്ക്കുന്നു.

"എവിടെപ്പൊടിച്ചാലും വിത്തിന്റെയുള്ളിലെ

ത്തനിമ" - മാഞ്ഞുപോകാനെളുപ്പമല്ല. ആ തനിമ സ്വവ്യക്തിത്വമാണ്. "എവിടത്തെ അന്നം നുണഞ്ഞാലും പൊക്കിളിൽ തനിരസം താനേയുണർന്നേക്കാം." പൊക്കിളിന്റെ തനിരസം വറ്റിപ്പോകാത്ത മനസ്സിൽനിന്നേ സ്വകീയമായ വാക്കുകൾ മുളച്ചു തഴയ്ക്കൂ. "എന്നെ ഞാനാക്കിയവർക്കായ്" എന്ന ഭാഗത്തെ നൈർമ്മല്യമാർന്ന ലഘു രചനകൾ ആത്മാധാരശക്തികളുടെ ധന്യസ്മൃതികൾകൊണ്ട് ഏറെ കനമുള്ളതും ഗുരുത്വമാർന്നതുമായിരിക്കുന്നു.

'ദാമ്പത്യം' എന്ന മൂന്നാംഭാഗം സ്നേഹത്തിന്റേയും സ്വാർത്ഥതയുടേയും ഭിന്നാവതാരങ്ങളെ ആവിഷ്കരിക്കുന്നു. 'എങ്കിൽ ഞാനൊരു വരനാകാം' എന്ന കവനത്തിലെ പഴയത

ലമുറയും പുതിയ തലമുറയും തമ്മിലുള്ള വ്യത്യാസവും സാമ്യവും ശ്രദ്ധേയമാണ്.

എന്താണ് എഴുത്തുകാരന്റെ സ്വത്വം, ആരാണ് യഥാർത്ഥ എഴുത്തുകാരൻ എന്നെല്ലാമന്വേഷിക്കുന്ന 'സാഹിത്യം' എന്ന വിഭാഗം സവിശേഷവായന അർഹിക്കുന്നു. 'എനിക്ക് പരമസുഖമല്ലേ, അഥവാ എനിക്കെന്താണൊരു കുറവ്' എന്ന രചനയിലെ രാമന്നായർ എന്ന ജീവിതമെഴുത്തുകാരനാണ് എന്റെ മനസ്സിൽ നിറഞ്ഞുനില്ക്കുന്നത്. ഈ നൂറ്റാണ്ടിലെ കേരളീയ മനപ്പരിണാമത്തെ, സാമൂഹിക - രാഷ്ട്രീയപരിണാമത്തെ സരളമായി വിളിച്ചു പറയുന്ന നേതാവ്, ഭാഗ്യവാൻ ശങ്കരൻകുട്ടി തുടങ്ങിയ കൃതികൾ, തീക്ഷ്ണമായ വിമർശനങ്ങളാണ്. ഇവയെഴുതിയ കരങ്ങളാണോ 'നീലഗിരിയുടെ ലോലനിരകളിൽ ഓടിയണയുമീ പുലരൊളിയിൽ....' തുടങ്ങിയ ലാവണ്യ ഗീതികളുടെ രചയിതാവ് എന്നു വിസ്മയം തോന്നാം.

അതേ, മധുരകാല്പനിക ശൈലിയും ഹാസോപഹാസങ്ങളുടെ നിശിതശൈലിയും നിരുപദ്രവും ധ്വനിഭരിതവുമായ നർമ്മശൈലിയും ഒരുപോലെ വരുന്നുണ്ട് ബിന്ദുവിന്റെ ഉള്ളിൽനിന്ന്. അന്യദേശവാസം കൊണ്ട് ആത്മഭൂമി വറ്റിപ്പോകുമോ എന്ന ചോദ്യത്തിന് ഇല്ലേയില്ല എന്ന് ഉത്തരം തരുന്ന ബിന്ദുവിന്റെ ഉച്ചാരണങ്ങൾ, നാട്ടുമനസ്സിൽ ലോകമനസ്സിനെ നട്ടുപൊടിപ്പിക്കുന്ന ഈ രാസസമന്വയവിദ്യ അനുസന്ധേയമാണ്, അന്യദേശവാസികളായ സാഹിത്യപ്രയത്നികൾക്കും. എത്ര അയത്നലളിതമാണ്, ഔചിത്യഭദ്രമാണ് ആ ഭാഷ! എഴുത്തുകാരന്റെ വചനത്തിൽ സ്ഥലകാലങ്ങൾ വ്യഞ്ജനാശക്തിയോടെ സംഗമിച്ച് സാർവകാലികതയിലേക്കു സഞ്ചരിക്കുമെന്ന് പറയാതെ പറയുന്ന നൈസർഗികത കൊണ്ട് ധന്യമായ രചനകളാണധികവും. തന്ദ്രിയറ്റ വാഗപാസന, ബലിഷ്ഠമായ സംസ്കാരാധാനം, സന്തുലിതമായ ദർശനം ഇവകൊണ്ട് ബിന്ദുവിന്റെ കാവ്യഭാഷ രസബിന്ദുക്കളായിരിക്കുന്നു. ഇനി നൂറ്റൊന്നാവർത്തിയേ വേണ്ടൂ അത് അധികതേജസ്സാർജിക്കാൻ. ആത്മാവർത്തനവൈരസ്യം തെല്ലുമില്ലാതെ, ബിന്ദുവിന്റെ വചനയജ്ഞം ലോകാക്ഷരപ്രകാശമായി വളരട്ടെ. കാലം അതിലൂടെ കൺതുറക്കുമാറാകട്ടെ!

പ്രാർത്ഥനയോടെ

# കഥകളിൽ കാലയളവിന്റെ ചൈതന്യം വേണം

**എം. കൃഷ്ണൻ നായർ**

തോമസ് ഹാർഡി 'On the Western Circuit' എന്നൊരു ചെറുകഥ എഴുതിയിട്ടുണ്ട്. ഒരഭിഭാഷകൻ ഒരു സുന്ദരിപ്പെൺകുട്ടിയെകണ്ട് കാമമോഹിതനായി. അവൾ നിരക്ഷരയാണെന്നറിയാതെ അയാൾ പ്രേമലേഖനങ്ങൾ നിരന്തരം അയച്ചു. വിരസമായ ദാമ്പത്യജീവിതം നയിക്കുന്ന കൊച്ചമ്മ (ഗൃഹനായിക) ആ കാമക്കുത്തുകൾ കാണാനിടയാകുകയും അവർ തന്നെ പരിചാരികയായ പെൺകുട്ടിയുടെ പേരുവച്ച് മറുപടികൾ അയയ്ക്കുകയും ചെയ്തു. കത്തുകൾ വായിച്ച അഭിഭാഷകന്റെ കാമം ആളിക്കത്തി അയാൾ ആ പെൺകുട്ടിയെ വിവാഹം കഴിക്കാൻ തീരുമാനിച്ചു. യഥാർത്ഥത്തിൽ കത്തുകളെഴുതിയ ഗൃഹനായികയ്ക്ക് അഭിഭാഷകനോട് പ്രേമമാണ്. വിവാഹത്തിൽ പങ്കുകൊള്ളാൻ അവരും പോയി. വിവാഹസ്ഥലത്തു വച്ചാണ് കത്തുകൾ എഴുതിയത് ആരെന്ന് അഭിഭാഷകൻ ഗ്രഹിച്ചത്. അയാളും ഗൃഹനായികയും ആശ്ലേഷത്തിൽ അമർന്നു എന്നിട്ട് അവർ പിരിഞ്ഞുപോകുകയും ചെയ്തു. (ഇക്കഥ ഞാൻ വായിച്ചിട്ടുണ്ടെങ്കിലും ഈ സംഗ്രഹം ഒരു നിരൂപണത്തെ അവലംബിച്ചുള്ളതാണ്).

കലയുടെ പക്ഷത്ത് നിന്നു നോക്കുമ്പോൾ വിരൂപവും ചൈതന്യത്തിന്റെ പക്ഷത്ത് നിന്ന് നോക്കുമ്പോൾ നിർജ്ജീതവുമായ ചില കഥകളിൽ നിന്ന് നമ്മൾ നേരേ പോരുന്നത് ബിന്ദു ബൈജു പണിക്കറിന്റെ നർമ്മഭാസുരമായ ത്രേസ്യാക്കുട്ടീടെ കുമ്പസാരത്തിലേക്കാണ്(12.12.01) ത്രേസ്യാക്കുട്ടി സുന്ദരിയാണ്. ആ സൗന്ദര്യം കൊണ്ടാണ് അവൾക്ക് അർഹയായ ഭർത്താവിനെ കിട്ടിയത്. അയാൾ ഡോക്ടർ. പ്രതികൂല സാഹചര്യങ്ങളിൽ പ്രവർത്തിച്ചിരുന്ന അയാളെ ത്രേസ്യാക്കുട്ടിയുടെ പ്രാഗത്ഭ്യമാണ് ഒരു വലിയ ആശുപത്രിയുടെ മേധാവിയാക്കിയത്. അതിനുള്ള ശ്രമങ്ങളെല്ലാം കഥാകാരി ഗ്രാമീണഭാഷയിൽ ഹാസ്യാത്മകമായി ആവിഷ്കരിക്കുന്നു. ത്രേസ്യാക്കുട്ടിക്ക് ദിവസവും കുടിക്കണം. പ്രയത്നത്താൽ ഭർത്താവിനെ വലിയ സ്ഥാപനത്തിന്റെ ഉടമസ്ഥനാക്കിയതിനാൽ അൽപ്പം കുടിച്ചാലെന്ത് എന്ന മട്ടാണ് അവൾക്ക്. കഥ ഹാസ്യാത്മകമായി തന്നെ അവസാനിക്കുന്നു. നേരം വൈകിയാൽ ഞാൻ രണ്ടെണ്ണം വിടുന്നതിൽ എന്താ തെറ്റ്? എന്റെ വിഷമങ്ങൾ ആര് അറിയാനാണ്. "ലീലേ കുറച്ച് ഐസ്‌വാട്ടറും ഗ്ലാസും ഇങ്ങെടുത്തോ" എന്ന ത്രേസ്യാകുട്ടിയുടെ ആജ്ഞയോട് കൂടിയാണ് കഥയുടെ പര്യവസാനം. ജീവിതത്തെ നർമ്മഭാസുരമായി വീക്ഷിക്കുന്നു ബിന്ദു ബൈജു പണിക്കർ.

*(12-12-2001-ൽ അമേരിക്കയിൽ നിന്നു പ്രസിദ്ധീകരിക്കുന്ന മലയാളം പത്രത്തിൽ ഉണ്ണി സ്റ്റെർലിങ് ഹൈറ്റ്സ് എന്ന തൂലികാ നാമത്തിൽ ബിന്ദുബൈജുപണിക്കർ എഴുതിയ ത്രേസ്യാക്കുട്ടിയുടെ കുമ്പസാരം എന്ന കഥയെക്കുറിച്ച് സാഹിത്യവാരഫലത്തിൽ എം. കൃഷ്ണൻ നായർ എഴുതിയത്.)*

# എഴുത്തിലെ സംഗീതം

## ഡോ. ശ്രീവത്സൻ ജെ. മേനോൻ

പ്രവാസ ജീവിതത്തിന്റെ തലങ്ങളിലേക്ക് വെളിച്ചം വീശുന്ന ചില രചനകൾ ബിന്ദു പ്രബൈജു പണിക്കരുടെ 'കോഫി വിത്ത് ഗാന്ധാരിയമ്മ' എന്ന പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അമേരിക്കയിലോ യൂറോപ്പിലോ ഒക്കെ ജീവിക്കുന്ന ആൾക്കാരുടെ ചിന്തകൾ, അഥവാ വളരെ ആധുനികമായ ജീവിത സാഹചര്യങ്ങളിൽ ജീവിക്കുന്ന സ്ത്രീകളുടെ ചില വേവലാതികൾ നല്ലവണ്ണം സംഗ്രഹിച്ച്, വളരെ ആഴത്തിൽ മഥനം ചെയ്ത് കഥാരൂപേണ നമ്മുടെ മുമ്പിൽ എത്തിച്ചുതരുന്ന ബിന്ദുവിന്റെ സൃഷ്ടികൾ. മുംബൈയിലോ ചെന്നൈയിലോ ഡൽഹിയിലോ അങ്ങനെ ലോകത്തിന്റെ ഏതു കോണിലായാലും മലയാളികളുടെ മാനസിക വ്യാപാരങ്ങൾ എന്താണ് എന്ന് ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന സൃഷ്ടികളാണ് ബിന്ദുവിന്റെ രചനകൾ.

നൊസ്റ്റാൾജിയ അനുഭവിക്കുന്ന ഒരു പ്രവാസി വനിത, ഒരു ഭാര്യ ഇതെല്ലാം ചേർന്ന ഒരു വ്യക്തിയുടെ ചിന്തകൾ ഈ രചനകളിൽ തെളിഞ്ഞുകാണുന്നു. "ഡോളറിൽ തീരും പരാതിയെല്ലാം" എന്നവസാനിപ്പിക്കുന്ന 'കോഫി വിത്ത് ഗാന്ധാരിയമ്മ' എന്ന കവിത, വയനാട്ടിലെ നാട്ടിൻ പുറത്തു പോകേണ്ട, പകരം നൊസ്റ്റാൾജിയ നുണഞ്ഞു ഡോളറിൽ മുറുകെ പിടിച്ചു അമേരിക്കയിലെ സ്വന്തം എ.സി.റൂമിൽ ഇരുന്നു കൊള്ളാം എന്ന് തീർച്ചപ്പെടുത്തുന്ന തെക്കൻ ശൈലിയിൽ പരാമർശിക്കുന്ന കഥാകാരി, ഇങ്ങനെ ഓരോ സൃഷ്ടികളിലായി ഉള്ളിലുള്ള പരിഭ്രമങ്ങൾ നർമത്തിൽ പൊതിഞ്ഞു രസകരമായി അവതരിപ്പിക്കുവാൻ ബിന്ദുവിന് സാധിച്ചിരിക്കുന്നു. ഞാൻ എന്ന വ്യക്തി ആരാണ്? ഞാൻ എന്തിനാണ് ഈ ജീവിതം നയിച്ച് കൊണ്ടു പോകുന്നത്? ഞാൻ എന്റെ സൃഷ്ടിപരമായ രചനകളിൽ എന്തിനെക്കുറിച്ചാണ് എഴുതേണ്ടത്? എന്നിങ്ങനെയുള്ള ഹ്യൂമൻ എക്സിസ്റ്റെൻഷ്യൽ ചോദ്യങ്ങളും രചയിതാവ് നർമരൂപേണ ചോദിച്ചിരിക്കുന്നു.

പല രചനകളിലും മറ്റൊരു പ്രത്യേകതയായി തോന്നിയ ഒരു കാര്യം, ആക്ഷേപഹാസ്യരംഗത്തെ സാമ്രാട്ട് എന്ന് വിശേഷിപ്പിക്കാവുന്ന ശ്രീ. വി.കെ.എന്നിന്റെ ശൈലി ബിന്ദുവിനെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട് എന്നതാണ്. വി. കെ. എന്നിന്റെ ശൈലി എന്നു പറയുമ്പോൾ:

"തക്കാളി കണ്ടിട്ട് മത്തനാണെന്നങ്ങു

തോന്നി ഞാൻ മത്തനായ് നിന്നുപോയി" എന്ന 'കോഫി വിത്ത് ഗാന്ധാരിയമ്മ' എന്ന കവിതയിലെ വരികൾ.

'ഞാൻ വെള്ള കീറാനൊന്നും നിൽക്കാറില്ല', എന്ന ജീവിതവും ഭാവനയും എന്ന കഥയിലെ പ്രയോഗം. 'കല്ലിൽനിൽക്കുന്ന ചേച്ചി, മണലിൽനിൽക്കുന്ന മണി' എന്ന ഒരെഴുത്തുകാരന്റെ മനസാക്ഷി കോടതിയിലെ കേസ് വിസ്താരം എന്ന കഥയിലെ സംബോധന. ക്രമത്തിലോ ക്രമക്കേടിലോ പറഞ്ഞു പോന്ന', 'ഉച്ചതിരിഞ്ഞോ മറിഞ്ഞോ കഴിയുമ്പോൾ ടി യാനെ കുടുംബശ്രീ കോവിലകത്തേക്കയക്കുവാൻ', 'യാത്ര പറഞ്ഞു പിരിഞ്ഞു വളഞ്ഞു കയറിപ്പോയി' എന്നിങ്ങനെയുള്ള 'ബൈക്കിൽ ചുറ്റിയ വള്ളി' എന്ന കഥയിലെ പ്രയോഗങ്ങൾ ഒക്കെ നർമം തുളുമ്പുന്നതും ശ്രദ്ധേയവുമാണ്. എന്നാൽ ഇതേ എഴുത്തുകാരി തന്നെ മറ്റു പല രചനകളിലും ഉപയോഗിച്ചിരിക്കുന്ന ഭാഷ വളരെ വ്യത്യസ്തമാണ്. ഉദാഹരണത്തിന് ഗർഭിണിയ്ക്ക് മധുരം കൊടുക്കുന്ന ചടങ്ങിലേയ്ക്കായ് രചിച്ചിരിക്കുന്ന ഗർഭിണിയ്ക്ക് സാദരം എന്ന കവിത നർമം തുളുമ്പുന്ന മറ്റു രചനകളിൽനിന്ന് വ്യത്യസ്തവും കാവ്യ ഭംഗി നിറഞ്ഞതുമാണ്. പിന്നീട് 'കവി കഴിച്ച കല്യാണം' എന്ന രചനയിലേക്ക് വരുമ്പോൾ ഏറെ വ്യത്യസ്തവും നർമം നിറഞ്ഞതും ആയിട്ടാണ് അനുഭവപ്പെടുന്നത്. ഈ രചനയിലെ 'സാക്ഷാൽ മുതുകാടിനേക്കാൾ കേമനാണ്' എന്ന പ്രയോഗം ഒക്കെ വളരെയേറെ ശ്രദ്ധേയമാണ്. ഈ രചനയുടെ ഉള്ളിലെ ആശയങ്ങളും ഭാവനയും പ്രത്യേക പരാമർശം അർഹിക്കുന്നു. കാരണം പല വേദനകളും, ബുദ്ധിമുട്ടുകളും ഒക്കെ തന്നെ നർമത്തിൽ പൊതിഞ്ഞ് അവതരിപ്പിക്കുന്നതിൽ ഈ സൃഷ്ടി അങ്ങേയറ്റം വിജയം നേടിയിരിക്കുന്നു.

എടുത്തു പറയേണ്ട മറ്റൊരു വസ്തുത രചനയിൽ പലയിടത്തും കാണുന്ന ആഹാര വിഭവങ്ങളുടെ ഹൃദ്യമായ അവതരണമാണ്. മനുഷ്യജീവിതത്തിൽ ആഹാരത്തിനും അത് പ്രദാനം ചെയ്യുന്ന സംതൃപ്തിയ്ക്കും മഹാനായ അടൂരിന്റെ സിനിമകളിൽ വളരെയേറെ പ്രാധാന്യം ആണ് നൽകിയിരിക്കുന്നത്. ബിന്ദുവിന്റെ പല രചനകളിലും ഭക്ഷണത്തിന്റെ ആസ്വാദ്യത വളരെ ഭംഗിയായി തന്നെ അവതരിപ്പിച്ചിരിക്കുന്നു.

ബിന്ദുവിന്റെ രചനകളെ പൊതുവായി വിലയിരുത്തുമ്പോൾ മിക്ക രചനകളും വളരെയേറെ നർമ ബോധത്തോടെ എന്ന് പറഞ്ഞാൽ വളരെ 'ഇന്റലിജന്റ്' ആയിട്ടുള്ള നർമത്തിൽ പൊതിഞ്ഞു സാധാരണ നാടൻ ഭാഷയുടെ ഭംഗി ഉൾപ്പെടുത്തി കൊണ്ട് നിർവഹിച്ചിരിക്കുന്നു എന്നതാണ്. ഒരു എഴുത്തുകാരി എന്ന നിലയ്ക്ക് കവിയെ തന്നെ കളിയാക്കുകയും, കവിയുടെ ഭാവനകളെ ചോദ്യം ചെയ്യുകയും, കവിതയും കഥയും ഒരുമിച്ച് കൊണ്ടുപോകുകയും, നൊസ്റ്റാൾജിയ കാത്തുസൂക്ഷിക്കുന്നതിനൊപ്പം തന്നെ പ്രവാസിയെ കളിയാക്കുകയും, എല്ലാം ഒരുപോലെ വൈദഗ്ധ്യത്തോടെ ബിന്ദു കൈകാര്യം ചെയ്തിരിക്കുന്നു. ഇതോടൊപ്പം തന്നെ എടുത്തുപറയേണ്ട വസ്തുത, കഥയുടെ ഒഴുക്കിനു തീർത്തും കോട്ടം വരാതെ, നർമം തുളുമ്പി നിൽക്കുന്ന രീതിയിൽ ഭാവനയുടെ പ്രവാഹത്തിന് ഒരു ചെറിയ വിരാമം പോലും കൂടാതെയാണ് ഒട്ടുമിക്ക രചനകളും നിർവഹിച്ചിരിക്കുന്നത് എന്നതാണ്.

ചുരുക്കി പറഞ്ഞാൽ പല രചനകളും കഥയാണോ കവിതയാണോ എന്ന് തിരിച്ചറിയാൻ പറ്റാത്ത തരത്തിൽ രണ്ടു സാഹിത്യരൂപങ്ങളും ഒരുപോലെ കൂട്ടിയോജിപ്പിച്ച് വാർത്തെടുത്ത ബിന്ദുവിന്റെ സൃഷ്ടികൾ മലയാളികൾക്ക്, മലയാളത്തെ സ്നേഹിക്കുന്നവർക്ക്, ഒരു നല്ല ഉപഹാരം തന്നെ ആയിരിക്കും. ഈ ഉദ്യമത്തിന് എന്റെ എല്ലാവിധ അനുമോദനങ്ങളും അറിയിക്കുന്നു. 'കോഫി വിത്ത് ഗാന്ധാരിയമ്മ' എന്ന ഈ പുസ്തകത്തിനും ഭാവിയിൽ ബിന്ദു എഴുതാനിരിക്കുന്ന പുസ്തകങ്ങൾക്കും എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

തൃപ്പൂണിത്തുറ

# രണ്ടു വാക്ക്, സ്നേഹപൂർവ്വം

സാഹിത്യ അഭിരുചി ഓരോരുത്തർക്കും വിഭിന്നമായിരിക്കും. ലോകത്തിന്റെ അനീതികൾക്ക് എതിരെ പൊരുതാൻ മുതൽ വായനക്കാരന്റെ മുഖത്ത് ഒരു ചെറുപുഞ്ചിരി വിടർത്താൻ വരെ പോന്ന വിഭിന്ന വിഭാഗത്തിൽപ്പെടുന്ന സാഹിത്യ രചനകൾ.

എന്റെ അഭിരുചിയെക്കുറിച്ച് പറയുകയാണെങ്കിൽ എന്നും ചിരിക്കാനും ചിന്തിക്കാനും ഒപ്പം തെല്ല് വിജ്ഞാനം പകരുന്നതിനും ഉതകുന്ന തരത്തിലുള്ള ആക്ഷേപഹാസ്യം എന്ന വിഭാഗത്തോടായിരുന്നു എനിക്ക് താല്പര്യം. പ്രത്യേകിച്ച് ചട്ടക്കൂടുകളോ അളവുകോലുകളോ അതിന് വേണമെന്നും തോന്നിയിട്ടില്ല. വി.കെ.എൻ എന്ന മഹാപ്രതിഭയുടെ രചനകൾ എന്നും എനിക്ക് അത്ഭുതമായി തോന്നിയിരുന്നു. ഓരോ രചനകളിലും ഒളിഞ്ഞിരിക്കുന്ന വിജ്ഞാനത്തിന്റെ വിസ്തൃതിയും, അത്യുദ്ദീപിപ്പിക്കുന്ന ചിന്താധാരയും, ഉള്ളുതുറന്ന് ചിരിച്ചു പോകുന്ന ഹാസ്യാത്മകതയും ആ മഹാനുഭാവനു മാത്രം സ്വന്തം. ആ മഹാപ്രതിഭയ്ക്ക് എന്റെ ഒരു കോടി പ്രണാമം. ശ്രീ. എം.ടി. വാസുദേവൻ നായർ, പ്രൊഫ. വി. മധുസൂദനൻ നായർ എന്നീ പ്രതിഭകൾ ഉൾപ്പെടെ പോർച്ചുഗീസ് സാഹിത്യകാരനായ സറാമഗു, ഒഡിഷാ സാഹിത്യകാരി പ്രതിഭാറായ് എന്നിങ്ങനെ ഞാൻ ആരാധിക്കുന്ന സാഹിത്യലോകത്തെ പ്രതിഭാശാലികൾക്കും ഞാൻ പ്രണാമം അർപ്പിക്കട്ടെ.

കുട്ടിയായിരിക്കുമ്പോൾ തന്നെ കവിതകൾ എഴുതുന്ന ശീലം ഉണ്ടായിരുന്നു. വിദ്യാഭ്യാസകാര്യങ്ങളിലെന്നതുപോലെ തന്നെ കലാസാഹിത്യരംഗങ്ങളിലുള്ള വാസനകളെയും നിരന്തരം പ്രോത്സാഹിപ്പിച്ചിരുന്ന എന്റെ അച്ഛനമ്മമാരുടെ പാദങ്ങളിൽ ഞാൻ സാഷ്ടാംഗം നമസ്കരിക്കട്ടെ. എനിക്ക് മറ്റൊരമ്മയുടെ സ്നേഹം കൂടി അനുഭവിക്കാൻ ഭാഗ്യം നൽകിയ എന്റെ മദർ -ഇൻ -ലോ ശ്രീമതി ചന്ദ്രമതിയമ്മ, എന്റെ ഫാദർ - ഇൻ ലോ ശ്രീ മാധവൻകുട്ടി പണിക്കർ ഇവർ രണ്ടുപേർക്കും എന്റെ പ്രണാമങ്ങൾ.

എന്നെ എന്നും കൈപിടിച്ച് നടത്തുന്ന ജഗദീശ്വരനു എന്റെ കോടിപ്രണാമം - പൂവൻതുരുത്ത് ശ്രീകൃഷ്ണഭഗവാന്റെ മായാവിലാസങ്ങൾ കീർത്തനരൂപത്തിലാക്കി എഴുതുവാൻ തന്ന ഭാഗ്യത്തിനും എന്റെ കോടി കോടി പ്രണാമങ്ങൾ.

ചെറിയ സംസ്കൃതശ്ലോകങ്ങൾ ഉൾപ്പെടുത്തി പുരാണ കഥകളും പഞ്ചതന്ത്രകഥകളും പറഞ്ഞുതന്ന് എന്നെ കഥയുടെ ലോകത്തേയ്ക്കാനയിച്ച എന്റെ അമ്മൂമ്മ ശ്രീമതി ലക്ഷ്മികുട്ടിയമ്മ, കഥകളുടെ കെട്ടുകളഴിച്ച് അവധിക്കാലങ്ങളാഘോഷമാക്കിയ എന്റെ അപ്പൂപ്പൻ നീലകണ്ഠപിള്ള, തിരുവാതിരപ്പാട്ടിന്റെ താളം ജീവിതത്തിലൊളിപ്പിച്ച് നടന്ന അമ്മൂമ്മ ലക്ഷ്മിക്കുട്ടിയമ്മ, എന്റെ അപ്പൂപ്പൻ ശ്രീ ഈശ്വരക്കുറുപ്പ് എല്ലാവർക്കും എന്റെ സ്നേഹം നിറഞ്ഞ പ്രണാമങ്ങൾ.

ജീവിതത്തിൽ ഇന്നോളം പഠിച്ച പാഠങ്ങൾ പകർന്നു തന്ന ഗുരുക്കന്മാരുടെ പാദങ്ങ

ളിലും ഞാൻ നമസ്കരിക്കട്ടെ.

അമേരിക്കയിലെത്തിയ ശേഷവും കഥാരചനകളും കവിതാ രചനകളും നടത്തിയിരുന്നു എങ്കിലും എന്റെ പ്രിയപ്പെട്ട അനുജൻ ബിനു പണിക്കരുടെ സ്നേഹപൂർവവും കർശനവുമായ ഇടപെടലും പ്രോത്സാഹനവും ഇല്ലായിരുന്നു എങ്കിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കപ്പെടുന്ന കാര്യം സാധ്യമാവുകയില്ലായിരുന്നു. നന്ദിവാക്കുകൾക്കതീതമായ ഈ സ്നേഹത്തിനും എന്റെ സ്നേഹാദരങ്ങൾ.

എന്റെ ഭർത്താവ് ബൈജു പണിക്കർ എന്നും എന്റെ രചനകളുടെ ആദ്യത്തെ വായനക്കാരനാണ്. സ്നേഹം നിറഞ്ഞ ആ പ്രോത്സാഹനം ഞാൻ എന്റെ മഹാഭാഗ്യമായികരുതുന്നു. എന്റെ അനുജത്തി ബിനി പണിക്കർ എന്റെ എല്ലാ രചനകളും കേട്ട് പ്രോത്സാഹനവും സൂക്ഷ്മമായ നിരൂപണവും നൽകുന്നതിൽ കാട്ടുന്ന ശ്രദ്ധയെ ഞാൻ സ്നേഹത്തോടെ സ്മരിക്കുന്നു.

അമ്മയുടെ സാഹിത്യവാസനകളെ നിരന്തരം പ്രോത്സാഹിപ്പിക്കുന്ന എന്റെ മക്കൾ ശ്രീഹരി, ശ്രീറാം, പ്രകാശം പരത്തുന്ന എന്റെ കൊച്ചു ശ്രീലക്ഷ്മി, ശ്രീകേഷ്, എന്റെ ജീവിതത്തിലെ ഈ കുരുന്നുകൾക്ക് എന്റെ സ്നേഹാലിംഗനങ്ങൾ.

എന്റെ സാഹിത്യവാസന അമേരിക്കൻ ജീവിതത്തിനിടയിൽ കെട്ടുപോകാനനുവദിക്കാതെ അവസരങ്ങൾ ഉണ്ടാക്കി തന്ന എന്റെ ഡിട്രോയിറ്റിലെ പ്രിയപ്പെട്ട മിത്രങ്ങൾക്കും കേരളാക്ലബ്, മിലൻ എന്നീ സംഘടനകൾക്കും എന്റെ ഹൃദയം നിറഞ്ഞ സ്നേഹാദരങ്ങൾ.

എന്റെ സംഭാഷണ ശൈലിക്കൊത്തുപോകുന്ന രീതിയിൽ എന്റെ ചില സ്നേഹിതർ പകർന്നു തന്ന ചില വാക്ശൈലികൾക്ക് ഞാൻ അവരോട് കടപ്പെട്ടിരിക്കുന്നു. നിങ്ങളുടെ പദപ്രയോഗങ്ങൾ എന്റെ രചനകളിലൂടെ മഷി പുരണ്ടത് എന്റെ സ്നേഹസമ്മാനമായി സ്വീകരിക്കാനപേക്ഷ.

എന്റെ അമ്മാവൻമാർക്കും കുടുംബാംഗങ്ങൾക്കും, പേരപ്പൻമാർക്കും കുടുംബാംഗങ്ങൾക്കും, ദേവകിസദനത്തിലെ ഓരോ സ്നേഹമനസ്സുകൾക്കും എന്റെ സ്നേഹാദരങ്ങൾ. അങ്ങേയറ്റം തിരക്കുകൾക്കിടയിലും സമയം കണ്ടെത്തി അവതാരിക കുറിച്ചുതന്ന എനിക്ക് ഗുരുതുല്യനായ പ്രൊഫ. മധുസൂദനൻ നായർ സാറിന് എന്റെ പ്രണാമം. ബഹുമുഖപ്രതിഭയായ ഡോ. ശ്രീവത്സൻ ജെ മേനോൻ, എന്റെ രചനകൾക്ക് അഭിപ്രായവും പ്രോത്സാഹനവും പകർന്നു തന്നതിന് എന്റെ സ്നേഹാദരങ്ങൾ. ഈ പുസ്തകത്തെ വരകൾകൊണ്ടും അക്ഷരങ്ങൾകൊണ്ടും ധന്യമാക്കിയ ആർട്ടിസ്റ്റ് നമ്പൂതിരി, ആർട്ടിസ്റ്റ് ഭട്ടതിരി, ആർട്ടിസ്റ്റ് റ്റി. എൻ. സുബോധ് കുമാർ, അഖിലേഷ് അരുൺഗോപി, ലക്ഷ്മി മേനോൻ, സീമ, അഖില, സുനിൽ മുഖചിത്രം ഒരുക്കിത്തന്ന സൈനുൽ ആബിദ് എന്നിവർക്കും എന്റെ നന്ദിയും കടപ്പാടും.

ഈ പുസ്തകം വെളിച്ചം കാണുന്നതിലേക്ക് വേണ്ട സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിച്ച നക്ഷത്ര പബ്ലിക്കേഷൻസിനും എന്റെ നന്ദി.

സദാ സ്മരിക്കുന്ന സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻ എല്ലാ പ്രവർത്തികളിലുമെന്നതു പോലെ ഈ ഉദ്യമത്തിലും തുണയായിരിക്കുവാൻ, പ്രാർത്ഥനയോടെ,

സ്നേഹപൂർവം

ബിന്ദു ബൈജു പണിക്കർ

# സമർപ്പണം

എന്റെ അമ്മച്ചിക്ക്

എന്നെ കൈപിടിച്ച് നടത്തി
മാമൂട്ടി വളർത്തി
അറിവിന്റെ പാഠങ്ങൾ പകർന്നു
ഭാവനയുടെ ചിറകുകൾ വിരിയിച്ചു
സ്നേഹം, ക്ഷമ, അറിവ്, ബുദ്ധി, ദയ
എന്നതിനെല്ലാം തെളിവായി നിലകൊണ്ടു.
ആ പാദത്തിലർപ്പിക്കാൻ മറ്റെന്തുള്ളു എന്റെ കയ്യിൽ
ഈ സ്നേഹ സമർപ്പണം സ്വീകരിച്ചാലും



# ഉള്ളടക്കം

**ഭാഗം -ഒന്ന്**
**ഭൂവാസി**
കോഫി വിത്ത് ഗാന്ധാരിയമ്മ
ബൈക്കിൽ ചുറ്റിയ വള്ളി
ജീവിതവും ഭാവനയും
ചതിക്കല്ലേ മാഷേ
പരദേശിയ്ക്കൊരുപദേശം

**ഭാഗം -രണ്ട്**
**എന്നെ ഞാനാക്കിയവർക്കായ്**
ഞങ്ങളുടെ പാത
എന്റെ അമ്മ
ഒരു തുളസീദളം

**ഭാഗം -മൂന്ന്**
**ദാമ്പത്യം**
കവി കഴിച്ച കല്യാണം
ഭർത്താവ് ഒരു ഭീകരനോ?
ത്രേസ്യക്കുട്ടീടെ കുമ്പസാരം
യെവളാണെന്റെ ഭാര്യ
ഗർഭിണിയ്ക്ക് സാദരം
എന്നാൽ ഞാനൊരു വരനാകാം
ഗുഡ് പോരാ, വെരി വെരി ഗുഡ് ഹസ്ബന്റ്
അമ്മയുടെ ഉണ്ണി

**ഭാഗം -നാല്**
**സാഹിത്യം**
ഒരു എഴുത്തുകാരന്റെ (കാരിയുടെ) മനഃസാക്ഷിക്കോടതിയിൽ
നടന്ന കേസു വിസ്താരം
എനിക്ക് പരമ സുഖമല്ലേ, അഥവാ എനിക്കെന്താണ് ഒരു കുറവ്
കഥാകൃത്ത്

**ഭാഗം -അഞ്ച്**
**ഈ നൂറ്റാണ്ട്**
നേതാവ്
യഥാർത്ഥ ചങ്ങാതി അവനിവൻ മാത്രം
ഭാഗ്യവാൻ ശങ്കരൻ കുട്ടി
അപ്പച്ചനും മകനും

**ഭാഗം -ആറ്**
**ഗീതങ്ങൾ**
പ്രഭാതം (നീലഗിരിയുടെ)
പ്രതീക്ഷ (കൺമണിയേ)
മനസ്സിൽ മധുരം (ഇന്നു വിരിഞ്ഞൊരാ)
മഴ (അഴകേ മനസ്സിൽ)
സന്ധ്യ (മാലിനി മധു ഭാഷിണി)
താരാട്ട് ( പൊൻപുലരി)

**ഭാഗം -ഏഴ്**
**തിരിഞ്ഞു നോട്ടം**
കുന്തിയെക്കുറിച്ച് എന്റെ ചില ചിന്തകൾ
ഹൈത്തിയിൽ



# ഭാഗം ഒന്ന്

## ഭൂവാസി

“ പ്രവാസികളല്ല ഞങ്ങൾ ഭൂവാസികൾ”
ഭൂമിയുടെ ഏതറ്റവും വാസയോഗ്യമായി കാണുന്നവർ
വസുധൈവകുടുംബകം എന്ന
ചിന്തയിലേയ്ക്കുകലം കുറഞ്ഞവർ



# കോഫി വിത്ത് ഗാന്ധാരിയമ്മ

## പങ്കെടുക്കുന്നവരും കഥാപാത്രങ്ങളും

ഗാന്ധാരിയമ്മ : മലയാളക്കരയിൽ അന്യംനിന്നുകൊണ്ടിരിക്കുന്ന നാട്ടിൻപുറങ്ങളിൽ വളരെ വിരളമായി ഇന്നു കണ്ടുവരുന്ന സരസയും രസികയും പണ്ഡിതയുമായ വൃദ്ധ സ്ത്രീ.

കേശുവേട്ടൻ: ജീവിതം പച്ചപിടിപ്പിക്കാനായി അമേരിക്കയിലേക്കു കുടിയേറി കഠിന പ്രയത്നം ചെയ്തു ജീവിക്കുന്ന മലയാളി യുവതിയുടെ ജീവിത വിജയത്തിൽ അഭിമാനംകൊള്ളുന്ന നാട്ടിൻപുറത്തുകാരനായ ഒരു സാധാരണക്കാരൻ. അമേരിക്കൻ പര്യടനം കഴിഞ്ഞ് തിരിച്ചെത്തിയിരിക്കുന്നു.

ഗാന്ധാരിയമ്മയുടെയില്ലത്തു വന്നിരു-
ന്നാഢ്യം പറഞ്ഞിതു കേശുവേട്ടൻ
എന്റെ മകളുടെ നാട്ടിലേയ്ക്കൊന്നു ഞാൻ
പോയി വന്നെന്റെ ഗാന്ധാരിയമ്മേ.

കണ്ണുനിറച്ചിട്ടും കാഴ്ചകൾ കണ്ടുഞാ-
നന്തവും കുന്തവും വിട്ടുപോയി.
എന്തൊരു നാടത്, എന്തു പറഞ്ഞീടാൻ
കെങ്കേമം കെങ്കേമമെന്നുതന്നെ.

ചൊല്ലാതെവയ്യെനിക്കില്ലാത്തതല്ലെന്റെ
ഭാഗ്യമെന്നല്ലാതെ എന്തു ചൊല്ലാൻ.
വെള്ള, കറുപ്പ് നിറങ്ങളിൽ മാനുഷർ
ആറടിപ്പൊക്കത്തിൽ കേമത്തികൾ

പച്ചയും, നീലയും, മഞ്ഞ നിറത്തിലും
നാനാതരത്തിലായ് കണ്ണുള്ളവർ
ഗോതമ്പുമാവിൻ നിറത്തിലും സുന്ദരി.
താടകപോലെ തടിച്ചവളും...

കണ്ടിട്ടുണ്ടോ നിങ്ങൾ കൊട്ടാരം പോലുള്ള
കാറുകൾ റോട്ടിലങ്ങോളമിങ്ങും
എല്ലാം വലിപ്പത്തിലമ്പോ...., വലിപ്പത്തിൽ.
പച്ചക്കറിയും പഴങ്ങൾ പോലും

തക്കാളി കണ്ടിട്ട മത്തനാണെന്നങ്ങു -
തോന്നി ഞാൻ മത്തനായ് നിന്നുപോയി.
ഉള്ളിയും തേങ്ങയും കണ്ടാൽ തിരിച്ചങ്ങറി-
ഞ്ഞിടാനേറ്റം വിഷമമുണ്ടേ.

പേരറിയാത്ത പഴങ്ങളും പോരാതെ
നാനാ നിറത്തിൽ മലക്കറികൾ
പാതകൾ ടാറിട്ട റോഡുകൾ ഹമ്പടാ...
നീളത്തിൽ വീതിയിൽ കേമം തന്നെ.

കുണ്ടുംകുഴികളുമൊന്നില്ല തേവരെ
പാതവക്കത്തോ കടകളില്ല.
നാട്ടാരും കൂട്ടവും റോട്ടിലോ കാണില്ല-
യെല്ലാരും കൂട്ടിലൊളിച്ചപോലെ

ഒച്ചയില്ലോശയില്ലാരാനുമുണ്ടെങ്കി-
ലാർക്ക് ചേതം കുവെ എന്ന മട്ട്.
വൃത്തിയോ ചൊല്ലിടാം. തുപ്പില്ല തുവില്ല
കടലാസു തുണ്ടോ പഴത്തൊലിയോ

വേലിയില്ലാത്തൊരാ വീടുകളങ്ങനെ
പച്ചപ്പരപ്പിൽ നിരന്നു കാണാം.
എല്ലാരും കണ്ടാൽ ചിരിച്ചിട്ടും "ഹൈ"
എന്നു ചൊല്ലിടും ഞാനും പഠിച്ചതൊക്കെ

ചൊല്ലാം വിശേഷം ഇനിയുമുണ്ടാവോളം
നിങ്ങൾക്കൊ പോയിടാൻ ഭാഗ്യമില്ല.
നീട്ടിയ കാലു തിരുമ്മിയിരുന്നൊരാ -
ഗാന്ധാരിയമ്മ ചിരിച്ചുമെല്ലെ.

സ്വർണ്ണവർണ്ണത്തിലായ് മിന്നുന്ന ലോട്ടയിൽ
അതിഥിക്കു പാൽക്കാപ്പി സൽക്കരിച്ചു -
കായ വറുത്തതും ചക്ക വരട്ടിയും
ഹൃദ്യമായ് കിണ്ണത്തിലേറ്റി വച്ചു.

പയ്യെത്തെറുത്തൊരാ ചുണ്ണാമ്പു വെറ്റില
പല്ലിന്നിടയിൽ തിരുകിവെച്ചു.
നല്ല സുഗന്ധക്കൂട്ടൊന്നു നുള്ളിത്തിന്ന്
കൈയ്യൂന്നി തെല്ലൊന്നമർന്നിരുന്നു.

മുല്ലയും പിച്ചിയും കൂടെ ചിരിക്കുന്ന
തുമ്പയും കണ്ടുവോ താനവിടെ
മാവിന്റെ കൊമ്പിലായ് പാടുന്ന വണ്ണാത്തി
കൊത്തിയടർത്തിയ മാങ്ങയുണ്ടോ.

അന്തിക്കു പൂക്കുന്ന മുല്ലതൻ പൂമണം
പേറിവരുന്നൊരു കാറ്റുമുണ്ടൊ
ഒച്ചയിൽ ചങ്ങാതിക്കൂട്ടത്തിൽ കുട്ടികൾ
മാവെറിയുന്നതു കണ്ടുവോ താൻ.

ചെമ്പടക്കാതോട്ടമൊന്നതിലോട്ടുവാൻ
കേമത്തമെത്ര ഹെ തിട്ടമുണ്ടോ.
പഞ്ചാരിയും പിന്നെ ചേങ്ങിലത്താളവും
ഉത്സവം കാണാൻ തരപ്പെട്ടുമോ.

നല്ല കരിക്കിൻ കുലകൾപൊട്ടിച്ചൊന്ന്
വെട്ടിക്കുടിക്കുവാൻ മാർഗ്ഗമുണ്ടോ.
നാടൻ പൈമ്പാലിട്ടങ്ങാറ്റിക്കുറുക്കിയ
കാപ്പിവെള്ളം തെല്ലു കിട്ടുമോ ഹെ.

ചേറിൻ സുഗന്ധം പതുങ്ങിക്കിടക്കുന്ന
തോട്ടിലേ മീനിന്റെ ചന്തമുണ്ടോ
അന്തിക്കു രണ്ടടിച്ചന്തം വിടുമ്പൊഴാ
റോട്ടിൽ കിടക്കുന്ന പാപ്പിയുണ്ടോ

എല്ലാം പറഞ്ഞു കുലുങ്ങിച്ചിരിച്ചിട്ടു
വെറ്റില ചെല്ലം മടക്കിമെല്ലെ.
ക്രുദ്ധനായ് ഗാന്ധാരിയമ്മയെ നോക്കി
യിട്ടിത്ഥം പറഞ്ഞിതു കേശുവേട്ടൻ

തള്ളയ്ക്കസൂയ മരുന്നില്ലതിന്നിന്നു
കേമത്തിയാണെന്നഭാവം തന്നെ.
തോട്ടിലെ മീനിന്റെ ചന്തം പുഴുങ്ങിയാൽ
പള്ള നിറയ്ക്കാൻ വകയാകുമോ

പഞ്ചാരിയും പിന്നെ ചേങ്ങിലയും കൂടി
കൂട്ടികുഴച്ചു വയർ നിറയ്ക്കു.
ദേശവിദേശ വിശേഷങ്ങളൊന്നുമെ
ചൊന്നതില്ലാ പിന്നെ കേശുവേട്ടൻ

ശുംഭരാണൊക്കെയും തണ്ടരാണൊക്കെയും
കണ്ണിൽ കടിയോ അളവിലേറെ
ചുമ്മാതെയെങ്കിലും മോളവൾ ചൊന്നത്
കേശവൻ തെല്ലു മനസ്സിലോർത്തു.

"അച്ഛാ അറിയുമോ നാട്ടിൽ പ്രിയമില്ല
പോയോരും വന്നോരും മോശമായി
സംസ്കാരം കൊള്ളില്ലൊരാൾക്കാരും കൊള്ളില്ല
ഡോളർ അതൊന്നുണ്ട് നല്ലതായി"
ടിഷ്യൂ പ്രയോഗം 'ഹൈറാ' വൃത്തികേടെങ്കിലും
ഡോളറിൽ തീരും പരാതിയെല്ലാം

ഡോളറിൽ തീരും പരാതിയെല്ലാം.

# ബൈക്കിൽ ചുറ്റിയ വള്ളി

വേലി തന്നെ വിളവു തിന്നുക, പയ്യെതിന്നാൽ പനയും തിന്നാം, കട്ടവനെ കിട്ടിയില്ലെങ്കിൽ കിട്ടിയവനെ പിടിക്കുക. എന്നൊക്കെ കേട്ടിട്ടില്ലേ? ഉണ്ടാവണമല്ലോ. പക്ഷെ ഇതുമായി ഇവിടെ പറയാൻ പോകുന്ന കാര്യങ്ങൾക്ക് ഒരു ബന്ധവുമില്ല.

പിന്നെന്തിന് പറഞ്ഞു എന്നല്ലേ? 'കഥയിൽ ചോദ്യമില്ല' എന്ന് ഓർമ്മിപ്പിക്കാനും ഇനി പറയുന്ന കാര്യങ്ങൾ ഒന്നും തന്നെ ചോദ്യം ചെയ്യപ്പെടേണ്ടതില്ല എന്ന് നിർദ്ദേശിക്കാനും ആയി പറഞ്ഞു എന്ന് മാത്രം.

ഇനി തുടങ്ങാം...

എളിമയുടെ നിറകുടമായി മകുടോദാഹരണമായി തേഞ്ഞ അച്ഛന്റെ ചെരുപ്പുമിട്ട് ക്ഷമിക്കണം അച്ഛന്റെ തേഞ്ഞ ചെരുപ്പുമിട്ട്, നിറം മങ്ങിയ ലുങ്കിയും പുതിയതല്ലാത്ത ടീഷർട്ടു മണിഞ്ഞ് കുട്ടേട്ടന്റെ കടയെ ലക്ഷ്യമാക്കി ഞാൻ നടന്നു. വീട്ടിൽ കിടന്ന കാറും, നിന്ന ബൈക്കും, ചാരിയിരുന്ന സൈക്കിളും എന്റെ എളിമയെ മാനിച്ച് സലാം വച്ച് മാറിനിന്നു. അമേരിക്കക്കാരനാണെന്ന ജാട (ഉണ്ടെങ്കിലും) തോന്നരുത് എന്നതായിരുന്നു ദുരുദ്ദേശം.

വിദൂരവാസികൾ അവശ്യം അറിഞ്ഞിരിക്കേണ്ട അഞ്ചു ചോദ്യങ്ങളുടെ ഉത്തരങ്ങൾ പി.എസ്.എസി ടെസ്റ്റിന്റെ ഗൈഡ് ഡൗൺലോഡ് ചെയ്ത് പഠിച്ചുവച്ചതിൻ പ്രകാരം, അഞ്ചാം തീയതി വന്നു, ഇരുപത്തിയഞ്ചാം തീയതി പോകും, പതിനഞ്ചു ദിവസത്തെ ലീവുണ്ട്, അവിടെയിപ്പോൾ തണുപ്പാണ്, ഇൻഷ്വറൻസ് പോളിസി ആവശ്യമില്ല എന്നീ ക്രമത്തിലോ ക്രമക്കേടിലോ പറഞ്ഞു പോന്നു. അത് ഒരു അക്രമമായി എനിക്ക് തോന്നിയതുമില്ല. കാരണം നാട്ടുകാർ ഒന്നു കുശലം ചോദിച്ചാൽ മാഞ്ഞുപോകുന്നതായിരുന്നില്ല എന്റെ മനോധൈര്യം, മറിച്ച് ഈ കടലാസില്ലാ ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞു നടക്കുവാൻ വേണ്ടിമാത്രമാണ് തലയൊന്നിന് ആയിരത്തി അഞ്ഞൂറു ഡോളർ എന്നകണക്കിൽ മൂന്നുതലകൾക്കും കൂടി ഏതാണ്ട് മൂന്ന് ലക്ഷം ഇന്ത്യൻ മണീസ് കൊടുത്ത് മുപ്പത്തിയഞ്ചു മണിക്കൂർ യാത്ര ചെയ്ത് ഞാൻ വന്നിരിക്കുന്നത് തന്നെ.

പരമപ്രധാനമായി ശ്രദ്ധിക്കേണ്ടുന്ന ഒരു കാര്യം നാട്ടുകാരുമായുള്ള കുശലപ്രശ്നങ്ങളുടെ അവശിഷ്ടം മുഖത്ത് പറ്റിയിരുപ്പുണ്ടെങ്കിൽ വീട്ടുമുറ്റത്ത് പ്രവേശിക്കുംമുമ്പ് കൈലിത്തുമ്പു കൊണ്ട് ഉരച്ച് മായ്ച്ച് കളയേണ്ടതാണ് എന്നതാണ്. എന്റെ രാപ്പനി അറിയാവുന്ന ഒരേ ഒരാൾ എന്ന നിലയ്ക്ക് ആ വാദത്തിൽ എതിർകക്ഷികളില്ലാതെ ജയിച്ചു കളയും എന്റെ രമക്കുട്ടി. നാട് ചുറ്റിമടങ്ങുമ്പോൾ ചുണ്ടത്ത് ഒരു തുണ്ട് ചിരിപറ്റിയിരുന്നാൽ എന്റെ 'രമണി' 'മരണി'യായി മാറും. നാട്ടിൽ വരുമ്പോഴെല്ലേ പെണ്ണേ എനിക്കൊന്നു മലയാളത്തിൽ ചിരിക്കാൻ പറ്റൂ എന്ന വാദം ഒന്നും വിലപ്പോവില്ല. ആരെയോ കണ്ട് എന്റെ മനമിളകി



പ്പോയെന്നും, തുള്ളിക്കളിച്ച് രസിച്ച് ഞാൻ തിരികെയെത്തി എന്നുമുള്ള നിലപാടിൽ നാരി ഉറച്ചു പാറപോലെ നിൽക്കും. 'യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവത' - അതുകൊണ്ട് എപ്പോ നാരിയെക്കണ്ടാലും ഞാൻ പൂജിക്കും എന്നെങ്ങാനും ഒരു തമാശ പൊട്ടിച്ചാൽ ശിവശിവാ എന്നല്ലാതെന്തു ചൊല്ലാൻ !

ചിരിച്ചും ചിന്തിച്ചും കുട്ടേട്ടന്റെ കടയിലെത്തിയപ്പോഴതാ തേടാതിരുന്നിട്ടും ആ വള്ളി വഴിവക്കിൽ പൂത്തുലഞ്ഞങ്ങനെ നിൽക്കുന്നു. കുശലപ്രശ്നങ്ങളുടെ കുത്തൊഴുക്കിനൊടുവിൽ ലതാ വല്ലരിയുടെ അനുജന്റെ ജോലിക്കാര്യവും ഒഴുകി വന്നു. നിഷ്കളങ്കനും നിരുപദ്രവകാരിയുമായ ഞാൻ വിശദമായ ചർച്ചയ്ക്കായി അനുജൻ ക്ടാവിനെ നേരിട്ടുകാണുവാനാവശ്യപ്പെടുകയും അതിൻ പ്രകാരം ഉച്ചതിരിഞ്ഞോ മറിഞ്ഞോ കഴിയുമ്പോൾ ടിയാനെ കുടുംബശ്രീ കോവിലകത്തേയ്ക്കയക്കുവാനുള്ള തീരുമാനം ഉറപ്പിയ്ക്കുകയും ചെയ്തു. പിന്നീട് ലതാവള്ളി യാത്ര പറഞ്ഞ് പിരിഞ്ഞ് തിരിഞ്ഞ് വളഞ്ഞ് കയറിപ്പോയി.

വട്ടുള്ള മനുഷ്യർ സുലഭമെങ്കിലും അതുള്ള സോഡ അമേരിക്കയിൽ കുടിക്കാൻ തരപ്പെടായ്കകൊണ്ട് അങ്ങനെയൊന്ന് കുട്ടേട്ടന്റെ കടയിൽ നിന്നു തരപ്പെടുത്തി കുടിച്ചു. ഒരു കാർബൺ ആറ്റം രണ്ട് ഓക്സിജൻ ആറ്റവുമായി ചേർന്ന് ആ സോഡയിൽ മയങ്ങുന്നു എന്ന് ഓർത്തപ്പോൾ മാത്രം ഡിഗ്രിക്ലാസിലെ കെമിസ്ട്രിലാബും കെമസ്ട്രി ക്ലാസിൽ കൂടെ പഠിച്ച ലതാവള്ളിയും, ലതാവള്ളിയുടെ അനുജന്റെ ജോലിക്കാര്യവും വീണ്ടും ഓർമ്മയിലേയ്ക്ക് പടർന്നു കയറി വന്നു. വഴിയോരത്തണലിൽ നിന്ന് നാവിനെ പെരുപ്പിച്ച് സോഡ അരിച്ചിറങ്ങിയപ്പോൾ പണ്ട് കൂട്ടുകാരോടൊപ്പം ശീലിച്ചിരുന്നതുപോലെ 'ഏക് ദോ തീൻ ചാർമിനാർ ചേട്ടാ' എന്ന് നാവറിയാതെ പാടിപ്പോയി. ശ്വാസകോശം സ്പോഞ്ചു പോലെയാകുന്നതിനുമുമ്പുള്ള ആ കാലയളവിലേക്ക് ആ സോഡയും ചാർമിനാറും എന്നെ കൂട്ടികൊണ്ടുപോയി. ആ നിമിഷത്തിന്റെ നിർവൃതിയിൽ പഴയ സുഹൃത്തുക്കൾ ഓരോരുത്തരായി ഹൃദയകവാടം തള്ളി തുറന്നു കടന്നു വരാൻ തുടങ്ങി. ആ തള്ളലിന്റെ ഫോഴ്സ് ഉണ്ടാക്കിയ ആക്സിലറേഷനിൽ തന്റെ ഫിസിക്സ് പേപ്പർ സ്ഥിരമായി കോപ്പിയടിച്ചു വളർന്നവനും ബാല്യവേല സുഹൃത്തുമായ രാമൻകുട്ടിയുടെ ബേക്കറി ലക്ഷ്യമാക്കി കുതിക്കുവാൻ തീരുമാനിച്ചു. ആദ്യം വന്ന 'പുഞ്ചിരി'യ്ക്കു കൈനീട്ടി പുഞ്ചിരിപ്പുറത്തേറി കുടിക്കുകയും വിഴുങ്ങുകയും ചെയ്തതിന് പുറകെ കുറച്ച് CO2 ശ്വാസകോശത്തിലും ശേഖരിച്ച് കുടുങ്ങിക്കുലുങ്ങി യാത്ര തിരിച്ചു.

ബേക്കറി നിന്നിരുന്നിടത്ത് പുഞ്ചിരി നിന്നപ്പോൾ മുഖത്ത് പരന്ന രസം ദ്വാരക കണ്ട കുചേല രസം. ആദ്യം സംശയം തോന്നിയെങ്കിലും റാംസ് കഫെ എന്ന നാമധേയം സംശയനിവാരണത്തിനുതകുന്നതായിരുന്നു. ഹമ്പമ്പട കുട്ടിരാമാ എന്ന് വിലപിച്ചുള്ളിലേയ്ക്ക് തള്ളിക്കയറാൻ നടത്തിയശ്രമം നീല യൂണിഫോമിട്ട നാലടി ഒമ്പതിഞ്ചു പൊക്കമുള്ള സെക്യൂരിറ്റി എന്ന ഭീകരൻ തടഞ്ഞു.

എന്റെ വേഷ ഭൂഷാദികൾ അദ്ദേഹത്തെ പ്രലോഭിപ്പിക്കാൻ പോരാത്തതായതുകൊണ്ട് ആദ്യം കൈയിൽകിട്ടിയ അഞ്ഞൂറിന്റെ നോട്ടിൽ പ്രലോഭനം സാധിച്ചെടുത്തു. പെട്ടെന്ന് തന്നെ ഒരു കറൻസി കൺവേർഷൻ ടേബിൾ തലയിലുദിക്കുകയും ഒരു എട്ടു ഡോളർ ഒരാഴ്ചത്തെ പെട്രോളിന്റെ രൂപത്തിലും ഒരു ദിവസത്തെ ലഞ്ച് സാലഡിന്റെ രൂപത്തിലും മുന്നിൽ വന്ന് നിന്ന് കൊഞ്ഞനം കുത്തുകയും ചെയ്തു. സെക്യൂരിറ്റി കിഴവൻ എന്ന് പിറുപിറുത്തു തിരിഞ്ഞു നോക്കുമ്പോൾ തൊപ്പിയൂരി സലാം വച്ച് ചാടിയെഴുന്നേൽക്കുന്ന ആ പാവത്തിന്റെ രൂപം കുത്തിയ കൊഞ്ഞനങ്ങൾ മായ്ച്ചു കളഞ്ഞു. ആധുനികമായി സജ്ജീകരിച്ച കഫെയുടെ ഉള്ളിലെ ശീതത്തിൽ നിൽക്കുമ്പോൾ കൈലിയും തേഞ്ഞ സ്ലിപ്പറും കൊണ്ടലങ്കരിച്ച 'നൈമിഷികം' അനാവശ്യഭാരമായി പുറത്ത് കയറി ഇരിപ്പുറപ്പിച്ചു. രാമൻകുട്ടീസ് ബേക്കറി റാംസ് കഫെയായി വികസിച്ച് പൊട്ടാറായ വിവരം നേരത്തെ അറിഞ്ഞിരുന്നു, എങ്കിൽ വേഷം കുറച്ച് ഭൂഷണമാക്കി പോരാമായിരുന്നു. ഭർത്താവിന്റെ

'ആലോചനയില്ലാത്ത പ്രവൃത്തികൾ' എന്ന നോവലിൽ രമ ഇന്ന് മറ്റൊരു ഏട്ട കൂടി എഴുതിച്ചേർക്കും. സംഭവിക്കാനുള്ളതെല്ലാം നല്ലതിന് എന്ന സൂത്രവാക്യം മനസിൽ ഉരുവിട്ടു. മണിക്കൂറുകൾക്ക് മുമ്പ് എ.ടി.എം മാതാവ് പ്രസവിച്ച കുഞ്ഞുങ്ങൾ പോക്കറ്റിൽ കിടന്ന് നഷ്ടപ്പെട്ട ആത്മധൈര്യത്തെ പിടിച്ച് കെട്ടികൊണ്ടുവന്നു.

ആദ്യം കണ്ട കാത്തിരിപ്പുകാരനായ വെയ്റ്ററോട് രാമൻകുട്ട്യദ്യേം ഉണ്ടോ എന്ന് തിരക്കി. 'ഉണ്ടു' എന്ന മറുപടി പ്രതീക്ഷിച്ചെങ്കിലും അദ്യേം മീറ്റിങ്ങിലാണ് വരാൻ വളരെ വളരെ വൈകും എന്ന് കിട്ടിയ ഉറപ്പിന്മേൽ അവിടെ കുത്തിയിരിക്കുവാൻ തീരുമാനിച്ചു. കഫെയിൽ കയറിയാൽ കോഫി കുടിക്കുന്നത് പണ്ടെ എന്റെ ഒരു ശീലമായത് കൊണ്ടും കയറി വന്നവർ വന്നവർ എന്റെ വേഷ ഭൂഷാദികളെ അടി മുടി വീക്ഷിക്കുന്നത് കണ്ടത് കൊണ്ടും വലിയ കോഫി കപ്പിൽ തലകുത്തനെയിറക്കി കുനിഞ്ഞിരുന്നു. ആ ഇരുപ്പിൽ ഉള്ളിലെ ബനിയനിലുടക്കി വച്ച അഞ്ഞൂറു ഡോളറിന്റെ ഓക്'ലി സൺഗ്ലാസ് ശ്രദ്ധയിൽപ്പെട്ടതോടെ ചെറിയൊരാശ്വാസം വന്നു ചേർന്നു. അത് മുഖത്ത് പതിപ്പിച്ച്, കൂട്ടിയ ആത്മവിശ്വാസത്തോടെ അന്ധഗായകനെപ്പോലെ മുകളിലേയ്ക്ക് നോക്കിയിരിക്കുമ്പോഴുണ്ട് രാമൻകുട്ടി എന്ന കല്യാണരാമൻ സിൽക്ക് ഷർട്ടും ടൈറ്റ് പാന്റ്സും അണിഞ്ഞ് വെട്ടിത്തിളങ്ങുന്ന മുഖവുമായി കോവണിയിറങ്ങി ഒരു ദാവണിക്കാരിക്കൊപ്പം വരുന്നു. എഴുന്നേറ്റ് പോയി സ്വീകരിക്കണ്ട എന്ന് തീരുമാനിച്ചു, കാരണം തന്റെ എളിമയുടെ കുറച്ചുഭാഗമെങ്കിലും മേശയുടെയടിയിൽ കയറ്റി ഒളിപ്പിച്ച് വയ്ക്കാം. ഓടിക്കൂടിയ മറ്റ് ചില ദാവണിക്കാരികൾക്ക് നിർദ്ദേശം കൊടുത്തുകൊണ്ട് എന്റെ തൊട്ടപ്പുറത്തുകൂടി സ്ലോമോഷനിൽ എന്നെക്കടന്നവൻ പോയപ്പോൾ പോയത് ക്ലൈവ് ക്രിസ്റ്റ്യന്റെ കുഞ്ഞാണോ എന്ന് എന്റെ മൂക്ക് എന്നോട് ചോദിച്ചു.

അടിക്കടി കമ്പനിച്ചെലവിൽ ഫസ്റ്റ് ക്ലാസിലുള്ള ഫ്ലൈറ്റ് യാത്രയും ഇടയ്ക്കൊക്കെ നനയുന്ന ബ്ലൂ ലേബലും കാട്ടി ഇടയ്ക്കിടെ എന്നെ തന്നെ ഭാഗ്യവാൻ എന്ന് വിശ്വസിപ്പിക്കാൻ ശ്രമിക്കുന്ന ഒരു പര....ദേശി എനിക്കെന്നോട് ആ നിമിഷത്തിൽ ദേഷ്യം, അവജ്ഞ, അണ്ഡകടാഹം, മുട്ടത്തോട് എന്നുവേണ്ട സകല നെഗറ്റീവ് വികാരങ്ങളും തോന്നി. ഉത്തരക്ഷണത്തിൽ തന്നെ. "എടാ പന്നീ മൾട്ടി മില്യൺ ഡോളർ കമ്പനിയുടെ ടെക്നോളജി തുമ്പത്തിരുന്ന് ഐ.ഐ.ടിയിലും എം.ഐ.ടിയിലും വരെ പൊരുതിയിറങ്ങി വന്ന പടയാളികളുൾപ്പെടെ നാനൂറഞ്ഞൂറ് പടക്കുറുപ്പന്മാരെ ചട്ടം പഠിപ്പിക്കുന്ന വീരശൂരപരാക്രമിയായ പടനായകനാണ് ഞാൻ. സ്വിമിംഗ് പൂൾ ഉൾപ്പെടെ അയ്യായിരം സ്ക്വയർഫീറ്റുള്ള ഒരു വീടും മുറ്റത്ത് നിർത്തിയിട്ട രണ്ട് ബെൻസ് കാറുകളും സ്വന്തമാക്കിയവനാണ് ഞാൻ" എന്നൊക്കെ വിളിച്ച് പറയണം എന്ന് തോന്നി. എങ്കിലും ഇതൊന്നും പറയുന്നതിനു മുൻപ് തന്നെ (ഒരു പക്ഷെ ഇതിന്റെ ഒക്കെ ലോണാണ് സ്വന്തമാക്കിയത് എന്നോർത്തിട്ടാവാം) പോകാറായ ബുദ്ധി തിരികെ വന്നോർമ്മിപ്പിച്ചു.

"മൂഢജഹീഹി ധനാഗമതൃഷ്ണാം
കുരുസദ്ബുദ്ധീം മനസിവിതൃഷ്ണാം"

ഇങ്ങനെയൊക്കെ ചിന്തിച്ചതിൽ ക്ഷമിക്കണേ അമ്മേ എന്ന് മനസിൽ ചിന്തിച്ച് തീരുമ്പോഴേക്ക് എന്റെ നാവ് ഒരു അവിവേകം പ്രവർത്തിച്ചു.

"എടാ ചട്ടീ" എന്ന് വിളി കേട്ട നിമിഷം ചട്ടി തിരിഞ്ഞ് നോക്കി. ബക്കറ്റ് പിരിവ് നിരോധിച്ചപ്പോൾ ചട്ടിപ്പിരിവിന്റെ ഉപജ്ഞാതാവായെത്തി ചട്ടി, ചട്ടിരാമു ചില പെൺകുട്ടികളിൽനിന്നും 'തൊട്ടി' എന്നീ നാമധേയങ്ങൾ കരസ്ഥമാക്കിയ കുട്ടി, നമ്മുടെ രാമൻകുട്ടി, ദാവണിക്കാരികളെ തള്ളിമാറ്റി 'എടാ നത്തെ' എന്ന മറുവിളിയുമായി അവൻ പാഞ്ഞടുത്തു. (ഞാൻ നത്തായ കഥയ്ക്ക് ഇവിടെ പ്രസക്തിയില്ലാത്തത് കൊണ്ട് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല.) ഓടിയണഞ്ഞ രാമു സതീർത്ഥ്യനെ സ്നേഹാലിംഗനം കൊണ്ട് ശ്വാസം മുട്ടിച്ചു. തോളിൽ തല്ലി വേദനിപ്പിച്ചു. ചെവിയുടെ വളരെ അടുത്തായി

അതികഠോരമായ തെറിപ്രയോഗത്തിലൂടെ സ്നേഹബന്ധം ഊട്ടിയുറപ്പിച്ചു. പിന്നീട് പരസ്പരം അടിമുടിയുള്ള ഒരു മെഷർമെന്റിലൂടെ എന്തൊക്കെ മാറ്റങ്ങൾ വന്നു എന്നൊരവലോകനം നടത്തി.

"എടാ പണ്ട് നീ കാവിയുടുത്തു ഇപ്പോ ദാ കറുപ്പുടുത്തിരിക്കുന്നു. അമേരിക്കയിൽ നീ വല്യ പുള്ളിയാണെന്നൊക്കെയാ ഞാനറിഞ്ഞത്. എന്നിട്ടും നീയിവിടുന്നു പോയ നത്തു തന്നെ."

ഈ അവസരത്തിൽ ഞാൻ എന്റെ മനസ്സ് കൊണ്ട് ജഗന്നിയന്താവിന് ഒരു ഹൈ ഫൈവ് നൽകി. എന്റെ നെഗൾ എളിമ ഫലിച്ചിരിക്കുന്നു. തേഞ്ഞ ചെരുപ്പുമണിഞ്ഞ് കഷ്ടപ്പെട്ടത് വെറുതെ ആയില്ല. മാത്രമല്ല ഈ ഞാൻ വലിയ പുള്ളിയാണെന്ന ഖ്യാതിയും ആവശ്യത്തിന് പ്രചരിച്ചിരിക്കുന്നു. തിരുപ്തിയായി അളിയാ തിരുപ്തിയായി. എന്ന് മനസ്സ് മന്ത്രിച്ചു. നിലത്ത് വീഴാൻ പോയ ഈഗോ ഭദ്രമായി പൂർവസ്ഥാനത്ത് വന്നിരുന്നു. ഇനി എന്റെ ഊഴമാണ്.

"ചട്ടീ.... അളിയാ നിന്റെ കട കണ്ട് ഞാൻ ഞെട്ടി." എന്ന് തുടങ്ങി അകത്ത് കടക്കാൻ സെക്യൂരിറ്റിക്ക് കാശെറിഞ്ഞതുൾപ്പെടെ സംഭവം വികാരസാന്ദ്രമായി വർണിച്ച് ചട്ടി വിളക്കി മിനുക്കി കണ്ണാടി പോലെയാക്കി. ഇപ്പോൾ എളിമയുടെ നിറഞ്ഞ കുടവുമായി നിൽക്കുന്നത് ചട്ടി.

വിശേഷങ്ങൾ പറഞ്ഞ്, കപ്പ്ചീനോയും സിന്നമൺറോളും അടിച്ച് വിഷയം കെമസ്ട്രി ലാബിലെത്തിയപ്പോഴാണ് ലതാവള്ളിയുടെ അനുജൻ മാൻകിടാവിന് ഉച്ച തിരിഞ്ഞ് അപ്പോയിന്റ്മെന്റ് കൊടുത്ത കാര്യം ഓർമവന്നത്. തിരികെ അമേരിയ്ക്കക്ക് പോകും മുമ്പ് 'വോയ്ഫിനെയും ഡോട്ടറെയും കൂട്ടി' വരണം, എന്ന ഉടമ്പടി ചട്ടിയ്ക്ക് പുറത്ത് എഴുതി ഒപ്പിട്ട ശേഷം ഭംഗിയായി പായ്ക്ക് ചെയ്ത് തന്ന വെൽവറ്റ് കേക്കും എടുത്ത് ചട്ടിയുടെ ഡ്രൈവറുടെ ഒപ്പം അവന്റെ പുതിയ ഒഡിയുടെ അടുത്തേയ്ക്ക് ഓടുമ്പോൾ "എനിക്കിതൊക്കെ തന്നു എന്ന് പറഞ്ഞ് ആ സെക്യൂരിറ്റി ചേട്ടന്റെ ശമ്പളം കട്ട് ചെയ്തേക്കല്ലേ വ്യാപാര കാന്തമേ" എന്ന് ഓർമപ്പെടുത്താൻ മറന്നില്ല.

വീട്ടിലെത്തുമ്പോൾ മാൻകിടാവിനെ മാത്രം പ്രതീക്ഷിച്ച ഞാൻ സഹോദരിയായ വുമൻ കിടാവിനെ കൂടെ കണ്ട് തെല്ലൊന്നമ്പരന്നു.

'എന്റെ ചിന്ത ചിന്തിച്ചെടുത്ത പോൽ

മുല്ലവള്ളിയവൾചൊന്നു.'

"തന്നത്താൻ വരാൻ അവനൊരു മടി, അവനിവിടാരേം പരിചയമില്ലല്ലോ". ലതാവള്ളി മൊഴിഞ്ഞു. 'ലവനു വേണം ഞാൻ ജോലി തരപ്പെടുത്തിക്കൊടുക്കാൻ' എന്ന ഒരു കാഞ്ഞചിന്ത എന്റെ മനസിൽ കടന്നു വന്നു. എന്തു പഠിച്ചു, ഏതു പഠിച്ചു, എന്തിനു പഠിച്ചു, എങ്ങനെ പഠിച്ചു എന്ന് തുടങ്ങി ഒരു ഉദ്യോഗാർത്ഥി പറഞ്ഞിരിക്കേണ്ട നാനൂറ് ചോദ്യങ്ങൾക്കുത്തരം ചെക്കൻ മനംപുരട്ടലില്ലാതെ സാധിച്ചു.

"ബയോഡാറ്റാ അയക്കൂ നോക്കാം." എന്ന സ്റ്റേറ്റ്മെന്റിൽ അവസാനിപ്പിക്കാൻ ശ്രമിക്കുമ്പോൾ പടിപ്പുരമാളികയിൽ ഒരു ബൈക്ക് വന്ന് നിന്നു.

പണ്ട് കാലത്ത് ചെത്ത് പയ്യൻ എന്നും ഇന്ന് വേണമെങ്കിൽ ഫ്രീക്കൻ എന്നും വിളിക്കാവുന്ന രണ്ടു പോക്കിരികൾ അതീവ ധൃതിയിൽ വലിഞ്ഞ് മുറുകിയ ദുഃഖഭാവത്തോടെ നടന്നടുത്തു.

ഒന്നു മടിച്ചു നിന്നിട്ട് വന്നതിൽ ഒരു തങ്കപ്പൻ പറഞ്ഞുതുടങ്ങി. "ചേട്ടായി അത്യാവശ്യമായി ഒന്ന് വരണം ഞങ്ങള് നോക്കീട്ട് ശരിയാവുന്നില്ല" സംഭാഷണത്തിന്റെ രത്നചുരുക്കം ഇങ്ങനെ.

അയലത്ത് വീട്ടിൽ കല്യാണം, പണിപറ്റിയതോ പറ്റിച്ചതോ എന്നറിയില്ല കറണ്ട് പോയിരിക്കുന്നു. ഇതൊക്കെ മാനത്ത് കണ്ട് ഗൃഹനാഥൻ ഏർപ്പാടാക്കിയ ജനറേറ്റർ നടക്കുകയോ ഓടുകയോ ചെയ്യുന്നില്ല. പ്രശ്നത്തിന് പരിഹാരം കാണേണ്ട ചുമതല എന്റെ

മുന്നിലിരിക്കുന്ന കിടാവായ ചേട്ടായിയുടേതാണ്. ഗാനമേളക്കാർ ആക്രോശിക്കുന്നു, ഗസ്റ്റുകൾ ചൂടുകൊണ്ടു പുളയുന്നു. ഗൃഹനാഥന് തല്ലാനൊരു ചെകിടു വേണം അത് ചേട്ടായിയുടേതായാൽ അത്യുത്തമം എന്ന് പറഞ്ഞ് നിർത്തി.

"ശരി ചേട്ടാ ഞാൻ വീണ്ടും വരാം, ബയോഡേറ്റാ അയക്കാം" എന്നിങ്ങനെയുള്ള മോഹനവാഗ്ദാനങ്ങൾ നൽകി ബൈക്കിന്റെ അദൃശ്യമായ മൂന്നാമത്തെ സീറ്റിലേറി മാൻകിടാവ് പറന്നകന്നപ്പോൾ സീനിൽ മുല്ലവള്ളിയും ഞാനും മാത്രം.

പടിയിറങ്ങാൻ പരിഭ്രമിച്ച മുല്ലവള്ളിക്ക് മുന്നിലേയ്ക്ക് അമ്മ ചായക്കപ്പുമായി ചിരിച്ചുകൊണ്ട് പ്രവേശിച്ചു. 'അയ്യോ അനിയൻ ചെക്കൻ പോയോ, എന്തൊരു ചൂടാ' എന്നീ ആവലാതികളുമായി അമ്മ മുല്ലവള്ളിയെ തഴുകി തടം വെട്ടി ചായയൊഴിച്ചു പരിലാളിച്ചു. ഈ ലതാ നികുഞ്ജത്തോട് എന്റെ അമ്മയ്ക്കുള്ള സോഫ്റ്റ് കോർണർ മനസിലാക്കിയതുമുതലാണ് എന്റെ രമ ഇടയ്ക്കിടെ 'മര'യായി തുടങ്ങിയത്.

ഏക പത്നീ വ്രതക്കാരനായി ഒരു പന്നിയിറച്ചി പോലും കഴിക്കാതെ ജീവിക്കുന്ന എന്റെ ആത്മാർത്ഥത രമേ നീ മനസിലാക്കുമോ എന്ന് ചിന്തിച്ചു നിൽക്കുന്ന എന്റെ മുഖത്തേയ്ക്ക് അമ്മ ഒരു കീറാമുട്ടി വലിച്ചെറിഞ്ഞു.

"മോനേ ഈ കുരുകുരാ വെയിലത്ത് ഈ കുട്ടി എങ്ങനെ നടന്ന് പോകും ഇതാ ബൈക്കിന്റെ കീ" എന്ന പ്രഖ്യാപനമായിരുന്നു ആ കീറാമുട്ടി.

"ഞാനെന്റെ ഭാര്യയും കുഞ്ഞുമായി സന്തോഷമായി ജീവിക്കുന്നത് അമ്മയ്ക്ക് തീരെ സുഖിക്കുന്നില്ല അല്ലെ?" എന്നെന്റെ കണ്ണുകളിലെ ചോദ്യം വായിച്ചെടുത്തത് പോലെ "അവളിപ്പൊ ഇവിടില്ലല്ലോ രാധികേം അവളും ഷോപ്പിങ്ങു കഴിഞ്ഞു വരാൻ വൈകും." എന്ന് അമ്മ കണ്ണുകൾ കൊണ്ടു തന്നെ മറുപടി പറഞ്ഞു. "എന്നാലും എന്റെ അമ്മേ" എന്ന് ഞാൻ.

എന്റെ കണ്ണുകളിലെന്തോ വായിച്ചെടുത്തിട്ടെന്നോണം ലതാവല്ലരി മൊഴിഞ്ഞു "സാരമില്ലാന്റീ, ഞാൻ നടന്ന് പൊയ്ക്കോളാം."

"വേണ്ട മോളെ ഇവൻ വിടും. മാത്രമല്ല സൗദാമിനിയമ്മക്ക് ഇവനെ ഒന്നു കാണുകേം ചെയ്യാമല്ലോ എപ്പോഴും ചോദിക്കും ഇവന്റെ കാര്യം....." പഴയ കൂട്ടുകാരിയോടുള്ള സ്നേഹം.

ചൊവ്വാദോഷത്തിന്റെ പേരും പറഞ്ഞ് എന്റെ അമ്മ പാലം വലിച്ചിട്ടും വിധിയെന്ന് മുഖം കറുപ്പിക്കാത്ത ഒരു അമ്മയും മകളും.

ക്രോധവദനനായി ബൈക്കിന്റെ കീയും വാങ്ങി ഞാൻ നീങ്ങി. കല്യാണവീടിനേയും അവിടത്തെ പോയ കറന്റിനെയും മനസാ ശപിച്ചു. പരദൈവങ്ങളെ പാരയാവരുതേ എന്ന് പ്രാർത്ഥിച്ച് വണ്ടിയുരുട്ടി. പിന്നാടിയിൽ ലതാ വല്ലരി പറന്ന് കളിക്കുന്നുണ്ടായിരിക്കണം.

രണ്ട് വളവുകൾ തിരിഞ്ഞാൽ ലതയുടെ വീടായി. എന്തെങ്കിലും കുശലം പറയണം എന്നാഗ്രഹം ഉണ്ടെങ്കിലും വാക്കുകൾക്ക് അതീവമായ ദാരിദ്ര്യം അനുഭവപ്പെട്ടു. മനസിലിരുന്നു രമ മനോരമയായി. പാവം എന്നോടുള്ള സ്നേഹം കൊണ്ടവൾ എന്തൊക്കെ കാട്ടിക്കൂട്ടുന്നു. ആദ്യത്തെ വളവ് സക്സസ് ഫുൾ ആയി തിരിഞ്ഞു. ഒരു ചെറിയ കയറ്റം കയറി രണ്ടാമത്തെ വളവ് തിരിയുമ്പോൾ കഷ്ടിച്ചു മാത്രം വീതിയുള്ള ഇടവഴിയിൽ തൊട്ടുമുൻപിൽ ഒരു കാർ. കാർ മുന്നിലെത്തുമ്പോഴേയ്ക്ക് വിൻഡോ താഴ്ത്തി 'അച്ഛാ അച്ഛാ' എന്ന് കൊഞ്ചുന്ന നിഷമോൾ. പിൻസീറ്റിൽ വർണനകൾക്കപ്പുറമായ മുഖഭാവമായി രമാമണി ദേവി.

കല്യാണവീട്ടിൽ കറന്റില്ലാത്തത് കൊണ്ടാണ് ലതാവല്ലരി എന്റെ ബൈക്കിന്റെ പുറകിൽ പൂത്തുലഞ്ഞത് എന്ന് ഞാൻ ഇവളെ പറഞ്ഞ് എങ്ങനെ മനസ്സിലാക്കും!!!

# ജീവിതവും ഭാവനയും

"നിങ്ങൾ ഐടി മേഖലയിൽ ജോലി ചെയ്യുന്നു അല്ലേ"

"അതെ സർ"

"ചുണ്ടിൽ ചായം പൂശി അഹങ്കാരത്തിനു കയ്യും കാലും വച്ച ഒരു ജീവി എന്നു നിങ്ങളെക്കുറിച്ച് പറഞ്ഞാൽ നിങ്ങൾ എന്തു പറയും"

"സർ ആണ് പറയുന്നതെങ്കിൽ ആവശ്യക്കാരന് ഔചിത്യമില്ല എന്ന് അമ്മ പഠിപ്പിച്ച പാഠം ഉരുവിട്ടു ഞാൻ മിണ്ടാതിരിക്കും സർ."

"മറ്റാരെങ്കിലും ആണ് പറയുന്നതെങ്കിൽ?"

"ഔചിത്യം വേണ്ടാത്ത അവസരത്തിലാണ് എങ്കിൽ കുറ്റിക്കൊന്ന് പൊട്ടിക്കും സർ, സർ ക്ഷമിക്കണം ഉത്തരം സത്യസന്ധമായതിൽ ഖേദിക്കുന്നു"

"അങ്ങനെ ആളും ഔചിത്യവും നോക്കി പ്രവർത്തിക്കാൻ എപ്പോഴും സാധിക്കുമോ? പിടി വിട്ടുപോവില്ലേ"

"വിട്ടു പോവില്ല സർ"

"എന്താണിത്ര ഉറപ്പ്"

"ഇന്റലിജെന്റ് ക്യോഷ്യന്റിനെക്കാളുപരി ഇമോഷണൽ ക്യോഷ്യന്റിന് പ്രാധാന്യം കൊടുക്കണം എന്ന രാമായണപാഠം പഠിക്കാൻ ഒരുപാട് ട്രെയിനിങ്ങുകൾ ഇന്ന് നടക്കുന്നുണ്ട്. സർ, അതിന്റെ ഒരു വക്താവായ എനിക്ക് പറച്ചിൽ പ്രവൃത്തിയാക്കിയേ കഴിയൂ സർ"

"ശരി നല്ലത്,..... എന്റെ മുൻപറഞ്ഞ ചോദ്യത്തിലേക്ക് ഞാൻ തിരികെ പോകുന്നു. 'അഹങ്കാരത്തിന് കയ്യും കാലുംവച്ച ജീവി' എന്ന് ഞാൻ പറഞ്ഞല്ലോ എന്താണ് നിജസ്ഥിതി?"

"കോർപ്പറേറ്റ് എന്ന ജയന്റ് പിടിമുറുക്കി ശ്വാസം കഴിക്കാൻ ബുദ്ധിമുട്ടുന്ന ഒരു പാവം..... അതെ സർ, അതാണ് നിജസ്ഥിതി."

"അപ്പോൾ പിന്നെ മുട്ടുവരെ ഉള്ള ഈ ഇറുകിയ പാവാടയും ചുണ്ടിലെ ചായവും തിളങ്ങുന്ന മുടിയും ആണിയിൽ കയറിയതുപോലുള്ള നിന്റെ നടത്തവും വിളിച്ചുപറയുന്ന കഥയെന്താണ്?"

"പോരാൻ പെട്ടി കൈയിലെടുത്തപ്പോൾ അച്ഛൻ പറഞ്ഞു സർ, ചേരയെ തിന്നുന്ന നാട്ടിൽ ചെന്നാൽ മോളെ, നടുക്കണ്ടം വിട്ടുകളയരുത് എന്ന്. ഭാഗ്യത്തിന് പോയത് ചൈനയിലേക്കല്ല സർ"

സാറിന്റെ ചുണ്ടിൽ ചെറിയ ഒരു ചിരി മിന്നിമറഞ്ഞു.... തമാശ രസിച്ചിരിക്കുന്നു.

“നിങ്ങൾ ഒരു അമേരിക്കകാരിയാണ് എന്നല്ലേ പറഞ്ഞതിന്റെ സാരം ? ”

“അല്ല സർ, പത്തിരുപത് വർഷമായി അമേരിക്കയിലാണ് താമസം എന്നേ ഉദ്ദേശിച്ചുള്ളൂ.”

“അപ്പോപ്പിന്നെ അമേരിക്കക്കാരിയല്ലെ?”

“അതിനുമുൻപ് ഒരു പത്തിരുപതുവർഷം ഇന്ത്യാമഹാരാജ്യത്തും വസിച്ചിരുന്നു സർ”

“അതുകൊണ്ട്?”

“അതുകൊണ്ട് എന്നെ ‘ഭൂവാസി’ എന്നാക്ഷേപിക്കുന്നതാണ് എനിക്ക് താൽപ്പര്യം”

“ദരിദ്രവാസി എന്ന് പറയുന്നത് പോലെ അല്ലെ?”

“അല്ല സർ, അയൽവാസി എന്ന് പറയുന്നത് പോലെ സർ”

“അപ്പോ നിങ്ങളുടെ വേഷഭൂഷാദികളിൽ ഒരു ന്യായവും ഇല്ല എന്നാണോ?”

“അല്ല സർ, ഓന്തിനെക്കാൾ ഭംഗിയായും സുന്ദരമായും നിറവും രൂപവും മാറാൻ എനിക്കു സാധിക്കും സർ”

“എന്നുവച്ചാൽ?”

“എന്നുവച്ചാൽ, സാഹചര്യവശാൽ സർ എന്നെക്കണ്ടത് ഇങ്ങനൊരു മോഡിയിലായിപ്പോയി, നാളെ മലയാളിപ്പെണ്ണുങ്ങളുടെ തിരുവാതിരക്കൂട്ടത്തിൽ എന്നെ കണ്ടാൽ സാറിന്റെ മലയാളനാട്ടിൽ പോലും ഉണ്ടാവില്ല സർ ഇങ്ങനൊരു ശാലിനി, നാളെ കഴിഞ്ഞ് ഇവിടുള്ള നോർത്തിന്ത്യൻ അമ്പലത്തിലെ ആഘോഷത്തിലെന്നെക്കണ്ടാൽ നിന്നെപ്പോലൊരു ഡെല്ലിക്കാരിയെ ഞാൻ കണ്ടു എന്ന് ചിലപ്പോ സർ വന്നെന്നോടു പറയും, ഇതൊക്കെ കഴിഞ്ഞ് ഇടയ്ക്കിടെ നൊസ്റ്റാൾജിയയുടെ ഭാണ്ഡവും പേറി നാട്ടിലെത്തിക്കഴിഞ്ഞാലോ, നാട് നടുവെ ഓടിപ്പോയതൊന്നും അറിയാതെ സ്വദേശികളൊക്കെ വിദേശത്ത് മാത്രമാണെന്ന സത്യം മനസ്സിലാക്കാതെ കുലീനതയും ആഢ്യത്വവും കൂടെയുണ്ടെന്ന് വിശ്വസിച്ച് കുറകത്തി നടക്കുന്ന നോക്കുകുത്തി അതാണ് സർ ഞാൻ”

“സമ്മതിച്ചിരിക്കുന്നു ഓന്തുകൾ നിങ്ങളുടെ മുന്നിൽ തോറ്റു തുന്നം പാടിയത് തന്നെ, അപ്പോൾ അസ്തിത്വം എന്ന നട്ടെല്ല് കൈമോശം വന്നിരിക്കുന്നു എന്നു സമ്മതിച്ചിരിക്കുന്നു അല്ലേ”

“ക്ഷമിക്കണം സർ, സാറിന്റെ സർ വന്നു പറഞ്ഞാലും അത് സമ്മതിച്ചു തരാൻ കഴിയില്ല സർ, വസുധൈവകുടുംബകത്തിന്റെ വർഗ്ഗത്തിലേക്ക് കൂടുതലായി അടുക്കുന്നതിന്റെ ഉത്തമ ലക്ഷണമായി മാത്രമേ ഇതിനെ സമാഹരിക്കുവാൻ കഴിയുകയുള്ളൂ സർ, ഭൂവാസി, ഭൂലോകവാസി, ഒരു ലോകം ഒരൊറ്റ ജനത സർ”

പറഞ്ഞ് പകുതിയായപ്പോൾ കുലുങ്ങിച്ചിരിക്കാൻ തുടങ്ങിയ സർ ചിരി നിർത്തി തലയുയർത്തി. തമാശകൾ മാത്രമല്ല ചിലരുടെ ജീവിതാവസ്ഥയും ഹാസ്യത്തെ ഉത്തേജിപ്പിക്കും എന്നു ഞാൻ ഡയറിയിൽ കുറിച്ചിട്ടു.

“ശരി അതൊക്കെയിരിക്കട്ടെ, ഐടി മേഖലയിൽ ജോലി ചെയ്യുന്നവളും ‘ഭൂവാസി’യുമായ നിങ്ങളുടെ ആ ചിന്താഗതികളും വാദങ്ങളും ഒന്നും നിങ്ങളുടെ രചനകളിൽ കാണുന്നില്ലല്ലോ, അതെന്തുകൊണ്ടാണ്?”

“ഞാനിതുവരെ ആത്മകഥ എഴുതിയിട്ടില്ല സർ, അത് കൊണ്ടാണിതൊന്നും കാണാത്തത്”

“തനിക്കറിയാവുന്ന വിഷയങ്ങളെക്കുറിച്ച് ഒക്കെ ഒരു എഴുത്തുകാരൻ അഥവാ എഴുത്തുകാരി എഴുതണം.”

“അറിയാവുന്ന വിഷയങ്ങളിൽക്കൂടി നമ്മൾ ജീവിക്കുന്നുണ്ടല്ലോ സർ, എഴുത്തിലും അത് കൊണ്ടു വന്നാൽ വിരസമാവില്ലേ സർ.”

“ആർക്ക് വിരസം?”

“എനിക്ക് തന്നെ വിരസം, സർ”

“ഇതാണ് ഇന്നത്തെ എഴുത്തുകാരുടെ കുഴപ്പം, എഴുത്തൊക്കെ സ്വന്തം രസത്തിനായി മാത്രം,വായനക്കാർ അവർക്കൊരു വിഷയമേയല്ല, ശരിയല്ലെ ഞാൻ പറഞ്ഞത് ?”

“ശരിയാണ് സർ”

അദ്ദേഹം അത്ഭുതത്തോടെ എന്നെ നോക്കി, ഒരു വിയോജിപ്പാണ് അദ്ദഹം പ്രതീക്ഷിച്ചത് എന്ന് സ്പഷ്ടം.

........

..........

നിമിഷങ്ങൾ കടന്ന് പോയി. മൗനം കട്ട പിടിക്കാൻ തുടങ്ങി. കട്ടപിടിച്ച് തീരും മുൻപ് ഞാനൊരു ചോദ്യം ചോദിക്കാൻ തീരുമാനിച്ചു.

“സർ, ഞാനൊരു ചോദ്യം ചോദിക്കട്ടെ?”

“തീർച്ചയായും ചോദിക്കൂ”

“എന്റെ രചനകൾ കൊള്ളില്ല എന്ന് അങ്ങേയ്ക്ക് പറയാൻ വിഷമം ഉള്ളത് കൊണ്ടല്ലേ ഇങ്ങനെ ഒരു വളഞ്ഞവഴി? അറിയാവുന്ന വിഷയങ്ങളെക്കുറിച്ചെഴുതണം എന്നൊരുപദേശം.?”

ഉത്തരമായി തലചരിച്ചുപിടിച്ച് ചുണ്ടുകൾ ഒരുവശത്തേക്ക് വലിച്ച് ഒരു ചിരി മാത്രം. എന്നിട്ട് ഇങ്ങനെ ചോദിച്ചു.

“നിങ്ങളുടെ ഒരു സാധാരണ ദിവസം എങ്ങനെ എന്ന് വിശദമാക്കാമോ?”

“അതു വേണോ സർ?”

“എന്തുകൊണ്ട് കഴിയില്ല? കോർപ്പറേറ്റ് ജെയന്റ് പിടിമുറുക്കിയ പാവം എന്നല്ലേ നിങ്ങൾ നിങ്ങളെക്കുറിച്ച് അല്പം മുൻപ് പറഞ്ഞത്, അതു ഞാനും കൂടെ ഒന്ന് വിശ്വസിക്കട്ടെ.”

മൗനം ആവശ്യത്തിനു നീണ്ടു എന്നുറപ്പ് വരുത്തിയ ശേഷം ഞാൻ പറഞ്ഞ് തുടങ്ങി.

“ഞാൻ വെള്ള കീറാനൊന്നും കാത്ത് നിൽക്കാറില്ല സർ, ആവശ്യത്തിനുള്ള വെള്ള ഇലക്ട്രിക് ബൾബിന്റെ സഹായത്തോടെ കീറി, ഞാൻ വെളുപ്പിന് തന്നെ എഴുന്നേൽക്കും... എഴുന്നേറ്റാൽ കുളിയും പ്രാർത്ഥനയും നിർബന്ധം. ഭ്രുവാസിയുടെ ആ ദിവസത്തെ ആദ്യത്തെ വേഷത്തിൽ ഒരു ചന്ദനത്തിന്റെ തരിയോ തെല്ല് കുങ്കുമമോ കലർന്നിരിക്കും. മാസത്തിലെ ചില പ്രത്യേക ദിവസങ്ങളിൽ പ്രഭാതഭേരിയുമുണ്ടാകും. കണ്ണ് ഉറന്നെണീക്കും മുൻപ് എന്റെ ഭർത്താവും മക്കളും രൗദ്രഭാവം തിരിച്ചറിയും. അതിന് പ്രതികരണമുണ്ടായാൽ ഒരു മഴപെയ്യുന്ന പ്രതീതി, പക്ഷെ മിക്കവാറും പ്രഭാതഭക്ഷണത്തിന് മുൻപ് തന്നെ കണ്ണീരിന്റെ ഉപ്പ് കലർന്ന തനിമലയാളിമുത്തങ്ങൾ പരസ്പരം ഞങ്ങൾ കൈമാറും. ഇത്രയുമായിക്കഴിഞ്ഞാൽ ഭ്രുവാസി ഭാവം മാറുകയായി. ഹെയർസ്പ്രേയും കഠിനമായ ചൂടും നൽകുന്ന നിർദ്ദേശത്തിൽ ശാലിനിയുടെ കേശം മര്യാദ പഠിക്കും. കവിളത്തും ചുണ്ടത്തും കണ്ണിലും നിറങ്ങൾ പൂശി ഹൃദയത്തെ മറച്ച് വയ്ക്കും. നഖവും പല്ലും വരെ മിനുക്കി വസ്ത്രം മാറി പോയിന്റഡ് ഹീൽസിൽ ഒരു നടത്തവുമായാൽ അന്നത്തെ അങ്കത്തിന് തയ്യാറായി എന്നർത്ഥം.

കാറിന്റെ സ്റ്റിയറിങ് വീലിനു പിന്നിലിരിക്കുമ്പോൾ തന്നെ ഏതാണ്ട് ഇരുപത്തിയഞ്ചോളം കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഭ്രുവാസിവർഗ്ഗത്തിന് സാധിക്കും. കുട്ടികൾ ഹോംവർക്ക് ചെയ്ത കാര്യങ്ങൾ മുതൽ മേക്കപ്പിന്റെ വിട്ടുപോയ ഭാഗങ്ങളും, കാലത്തെടുത്തിട്ട് കുടിക്കാൻ പറ്റാതിരുന്ന ചായയുടെ ബാക്കിയും ഒക്കെ തീരുന്നത് ആ ഡ്രൈവർ സീറ്റിൽ തന്നെ. കാറിനുള്ളിൽ കയറുമ്പോൾ തന്നെ ബ്ലൂടൂത്തിലാരംഭിച്ച ഫോൺ സംഭാഷണം ഒരു വശത്ത് പുരോഗമിക്കുന്നുണ്ടാവും. ഇതിനിടെ കേട്ടാൽ ഞെട്ടുന്ന മലയാളപദങ്ങൾ ഉപയോഗിച്ച് കുട്ടികളെ ചീത്തവിളിക്കണം എങ്കിൽ ഫോണിൽ മ്യൂട്ട് എന്ന പ്രത്യേക സംവിധാനം അതിനായി മാത്രം. കുട്ടികളെ ഒക്കെ യഥാസ്ഥാനത്ത് അൺലോഡ് ചെയ്ത് കഴിഞ്ഞാൽ പൂർണശ്രദ്ധ ഫോൺ സംഭാഷണത്തിൽ തന്നെ. ഇതിനിടെ കയ്യിലെ

ചില പ്രത്യേക വിരലുകൾ ഉയർത്തിക്കാട്ടി കാറിൽപാഞ്ഞ് പോകുന്ന മറ്റ് ചില ഭ്രവാസികൾ. കാർ യാത്രയിൽ ഓഫീസിലെത്തും മുൻപ് ചെയ്ത് തീർക്കാൻ ഇനിയും കാര്യങ്ങൾ ഏറെ. അന്ന് അങ്കത്തിലേർപ്പെടാനിരിക്കുന്ന എല്ലാ ചേകവന്മാർക്കും നൽകേണ്ട പ്രത്യേക നിർദ്ദേശങ്ങൾ ആണ് അതിൽ പ്രധാനം. എന്റെ സ്വന്തം "ടീം" എന്ന് അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുന്ന ആ പടക്കുറുപ്പന്മാരെ തയ്യാറാക്കിയില്ലെങ്കിൽ റാണിയായ എന്റെ തല ശത്രുപക്ഷം അന്ന് കൊയ്തത് തന്നെ. അങ്ങനെ രക്തസമ്മർദ്ദം ഉയരാൻ സാഹചര്യമുള്ള പല കാര്യങ്ങളും അവിടെയിരുന്ന പരിഹരിച്ച് കഴിഞ്ഞാൽ നാട്ടിലേക്ക് ഫോൺവിളി എന്നതാണ് പരിപാടിയിലെ അടുത്തയിനം. ആ ഫോൺ സംഭാഷണത്തിൽ അടിയന്തിരമായ പല ആഗോള പ്രശ്നങ്ങളും ചർച്ചചെയ്യപ്പെടും. ഉദാഹരണത്തിന് ഇന്ന് രാത്രി ചപ്പാത്തിയ്ക്ക് എന്താണ് തൊടുകറി, ഇന്നലെ വറക്കാൻ പറിച്ചെടുത്ത ചക്ക പഴുത്തുതുടങ്ങിയതായിരുന്നോ? ഇന്ത്യൻ കടയിൽ ഇന്നലെ കണ്ടുകിട്ടിയ അമൂല്യവസ്തുവായ കണ്ണിമാങ്ങ കറിവയ്ക്കുന്നതെങ്ങനെ? മോന്റെ സ്കൂളിൽ ഇന്ന് ബാന്റ് പ്രോഗ്രാമിന് പോകുമ്പോൾ പ്രോഗ്രാം ഫേസ് ടൈംമിൽ കാണിച്ച് തരാൻ ശ്രമിക്കാം.... ഇങ്ങനെ പോകുന്ന ആ വിഷയങ്ങൾ. ഇതിനെല്ലാമൊടുവിൽ കാറിൽനിന്നും ഫോണിൽനിന്നും ഇറങ്ങുന്നത് ഒരുമിച്ചായിരിക്കും. ഇരുപതു വർഷമായി ശീലിപ്പിച്ചിട്ടും പരിചയം വരാത്ത കോട്ടും പോയിന്റെഡ് ഷൂസും അണിഞ്ഞ് ഓഫീസിനുള്ളിലേക്ക്. അവിടെ ഓരോ ദിവസവും ഓരോ വിധമായിരിക്കും.

എന്റെ ബോസായിട്ട് ഇവൾ ഇരുന്ന സുഖിക്കുകയല്ലെ ഒരു പണി കൊടുത്തു കളയാം എന്ന് കരുതി ശ്വാസം മുട്ടിക്കാൻ തുനിയുന്നത് ചിലപ്പോൾ എന്റെ 'സ്വന്തം ടീം' എന്ന് ഞാൻ അഭിസംബോധനചെയ്യുന്ന പടനായകന്മാർ തന്നെയാവും.

എന്റെ താഴെയിരിക്കുന്ന ഇവൾ ഈ തലയാടിക്കഴിഞ്ഞ് മാത്രം ആടിയാൽമതി എന്ന് പറഞ്ഞ് ശ്വാസം മുട്ടിക്കാൻ തുനിയുന്നത് ചിലപ്പോൾ എന്റെ ബോസായിരിക്കും.

ചില ദിവസങ്ങളിൽ ശ്വാസം മുട്ടിയ്ക്കുന്ന ജോലി സഹപ്രവർത്തകർ ഏറ്റെടുക്കും.

എല്ലാ ദിവസങ്ങളിലും മുടങ്ങാതെ മൂന്ന് നേരം ശ്വാസം മുട്ടിക്കുന്ന ഒരു കൂട്ടർ ഉണ്ട്. നമ്മൾ ഇവരെ കസ്റ്റമർ എന്ന് വിളിയ്ക്കും. അവർക്ക് തോന്നിയതെന്തും പറയാം, എന്തും പ്രവർത്തിക്കാം.

ഇതിനിടെ ഉള്ള ഒരേ ഒരാശ്വാസം നമ്മുടെ അങ്ങേ തലയ്ക്കൽ ശ്വാസം മുട്ടപ്പെടാൻ തയ്യാറായി കുടികൊള്ളുന്ന വെണ്ടർ എന്ന സമൂഹമാണ്. ശ്വാസം മുട്ടപ്പെടുമ്പോൾ നാമറിയാതെ നമ്മുടെ കൈകൾ അവരുടെ കഴുത്തിലും മുറുകിപ്പോകും. ഈ ശ്വാസംമുട്ടിക്കൽചങ്ങലയുടെ ഒടുവിൽ അല്ലെങ്കിൽ ചിലപ്പോൾ ഇടയിൽ എല്ലാം മറന്ന് എല്ലാവരും ഒത്തൊരുമിച്ച് ഒരു ബാറിലോ, റസ്റ്റാറന്റിലോ പോയിരുന്ന് തമാശകൾ പറഞ്ഞ് പൊട്ടിപൊട്ടി ചിരിക്കുകയും അടുത്ത ദിവസം ശ്വാസംമുട്ടിക്കൽ കലാപരിപാടി തുടരുകയും ചെയ്യും.

ഇതിനെല്ലാം ഇടയ്ക്ക് ചില വേളകളിൽ പാഠം ഒന്ന് പാഠം രണ്ട് എന്ന കണക്കിന് 'ലസൻസ് ലേൺഡ്' സ്വർണത്താളുകളിൽ എഴുതിച്ചേർക്കും. ഇതുമായി ബന്ധപ്പെട്ട ചില ആഘാതങ്ങൾ ചില വൈകുന്നേരങ്ങളിൽ കുടുംബസദസ്സിലും നടപ്പാവും. ഇതാണ് സർ എന്റെ ഒരു സാധാരണ ദിവസം.

കഥ പറഞ്ഞ് വിദൂരതയിൽ നട്ട്പോയ കണ്ണുകളും താടിയിലൂന്നിപ്പോയ കൈകളും പറിച്ചെടുത്ത് സാറിന്റെ പ്രതികരണത്തിനായി കാത്തു.

കയ്യിലിരുന്ന പേന മടിയിൽ വീണ പോയതറിയാതെ തലകുനിഞ്ഞു പോയതറിയാതെ സുഖസുഷുപ്തിയിലാണ്ടു കഴിഞ്ഞിരിക്കുന്ന സർ.

ഏത് കാര്യവും പറഞ്ഞ് മുഴമിപ്പിക്കണമല്ലൊ, അത് കൊണ്ട് മാത്രം പറഞ്ഞു "സർ, ഇപ്പൊ മനസിലായില്ലേ എഴുത്തിന് ചാരുതയേകാൻ ഭാവനതന്നെയാണ് ഉത്തമം, ജീവിതം നമുക്ക് ജീവിച്ചുകൊണ്ടേയിരിക്കാം".

ശുഭം

# ചതിക്കല്ലെ മാഷെ

ദൈവം പ്രത്യക്ഷപ്പെട്ട് പ്രവാസി കവിയോട് ഇങ്ങനെ ചോദിച്ചു.

ദൈവം: ഹലോ കവേ... അങ്ങ് മിനക്കെട്ടിരുന്ന് ഒരുപാട് നൊസ്റ്റാൾജിയ കവിതകൾ.....'ഐ മീൻ...' നാട്ടും, വീടും, കാവും, കുന്നും, പുഴയും, തോടും മീനും ഒക്കെ വിഷയമാക്കി ഒരുപാട് കവിതകൾ എഴുതിക്കൂട്ടുന്നുണ്ടല്ലോ. ഇങ്ങനെ വിങ്ങുന്ന മനസുമായി കഴിയുന്നതെന്തിന്. ഞാൻ നിങ്ങളെ മൊട്ട കുന്നുകളും, വട്ടപ്പാറകളും, മാവും, മരവും, മലയും, പുഴയും, ഈച്ചയും, പല്ലിയും ഒക്കെയുള്ള വയനാട്ടിലെ ഒരു ഗ്രാമത്തിൽ എത്തിച്ചുതരാം. അങ്ങ് സന്തോഷവാനായി അവിടെ കഴിഞ്ഞ് കൊള്ളുക. ഇങ്ങനെ എ.സി.യിൽ ഇരുന്ന് തണുത്ത് വിറച്ച് നാട്ടിലെ ഇളംതെന്നലിനെ കുറിച്ച് കുത്തിക്കുറിച്ച് വിഷമിക്കേണ്ടതില്ല.

പ്ര. കവി: അയ്യോ ചതിക്കല്ലെ ദൈവം തമ്പുരാനേ. ഇന്ത്യൻ രൂപയുടെ മൂല്യം കുറഞ്ഞിരിക്കുന്ന കൊണ്ടാ, ഇല്ലെ നാട്ടിലുള്ള ഇത്തിരി മണ്ണും കൂടി വിറ്റേച്ചും പിന്നെ അങ്ങോട്ട് കാലുകുത്തുകയേ വേണ്ടല്ലോന്നൊള്ള ആശ്വാസത്തിലാ ഞാൻ... യെന്നാ ചൂടാ പിന്നെ കൊതുകും. ഫ്ലൈറ്റ് ചാർജ് കുതിച്ചു കേറുവല്ല്യോ....?

ദൈവം: മകനേ നീ പിന്നെ എന്തിനാണ് ഈ നൊസ്റ്റാൾജിയക്കഥകൾ തലങ്ങും വിലങ്ങും എഴുതിവിടുന്നത്?

പ്ര കവി: മാഷേ...... സോറി ദൈവമേ, നൊസ്റ്റാൾജിയ അങ്ങനെ നൊസ്റ്റാൾജിയ ആയിത്തന്നെ ഇരുന്നോട്ടെ. വല്ലപ്പോഴും നാലാളു കൂടുന്നിടത്ത് കയറി ഒരു കവിത തട്ടിവിടാനും പിന്നെ തരപ്പെട്ടാ ഒരു പ്രവാസി പുരസ്കാരം അടിച്ചെടുക്കാനും അടിയനാഗ്രഹമുണ്ട്. തരപ്പെട്ടാ അതിനൊന്ന് സഹായിക്ക് മാഷെ...

# പരദേശിക്കൊരുപദേശം.....

ഒരു നല്ല ജീവിതം കെട്ടിപ്പടുക്കുവാനും കുടുംബത്തിനു തണലേകുവാനുമായി സ്വന്തം നാടുപേക്ഷിച്ച് പരദേശത്ത് ജീവിതം നട്ടുപിടിപ്പിക്കുന്ന പരദേശി. എന്നാൽ കാലമെത്ര കഴിഞ്ഞാലും നാടും നാട്ടുവഴിയും നെഞ്ചിലൊരു നേർത്ത നീറ്റലായി പുകഞ്ഞു നിൽക്കുന്നു. തിരക്കുകൾക്കിടയിൽ ഒക്കെയൊന്നൊതുക്കിവച്ച് കുറച്ച് ദിവസം എല്ലാം മറന്നാസ്വദിക്കാൻ തിടുക്കപ്പെട്ട് നാട്ടിലെത്തിയാലോ, പരദേശത്തെ ജീവിതം കൊണ്ട് സ്വന്തം ജീവിതശൈലിയും കാലത്തിനനുസരിച്ച് നാടിന്റെ രീതികളും മാറിപ്പോയിരിക്കുന്നു എന്ന് വേദനയോടെ മനസിലാക്കുന്നു... അങ്ങനെ നടുവിലകപ്പെട്ടുഴലുന്ന പ്രവാസിമനസുകൾക്കായി ഈ കവിത സമർപ്പിക്കട്ടെ...

മൂന്നു പ്രവാസി സുഹൃത്തുക്കൾ ഒരു സന്ധ്യയിൽ ഒരുമിച്ചപ്പോൾ....

ഒന്നാമൻ സതീശൻ: നാട്ടു വിട്ടു പോന്നകാലം മുതൽ ഓരോ നിമിഷവും നാടിന്റെ ഓർമയിൽ വേദനിച്ചുകഴിയുന്ന പ്രവാസി മലയാളി, എന്നാൽ വല്ലപ്പോഴും നാട്ടിലെത്തിക്കഴിഞ്ഞാലോ, ചൂടും പൊടിയും വിയർപ്പും എന്ന പരാതി തന്നെ.

രണ്ടാമൻ സുധാകരൻ : മറ്റൊരു പ്രവാസി മലയാളി. സതീശന്റെ നാടിനെക്കുറിച്ചുള്ള തീരാത്ത വേദന ഒരു കാപട്യം മാത്രമാണ് എന്ന് വിശ്വസിക്കുന്ന സുഹൃത്ത്.

മൂന്നാമൻ : സുധാകരന്റെയും സതീശന്റെയും സംഭാഷണം കേട്ടിരിക്കുന്ന ഒരു സുഹൃത്ത്. പിന്നീട് അവരുടെ അഭിപ്രായഭിന്നതയുടെ കാരണങ്ങൾ പറഞ്ഞ് കൊടുത്ത് കാര്യങ്ങൾ രമ്യതയിലാക്കാൻ ശ്രമിക്കുന്ന മധ്യസ്ഥൻ.

സതീശൻ:

സ്നേഹിതാ ഓർക്കുമോ നമ്മളന്നാമണൽ-
തിട്ടതന്നിൽ കളിച്ചും ചിരിച്ചും
ആൽത്തറയിൽ വെടിവട്ടങ്ങൾ കൂട്ടിയും
ആവോളം ഭക്തരെയാരാധിച്ചും

നേരം കളഞ്ഞൊരാ കാലമിന്നോളമെ-
ന്നോർമയിൽ നേർമയായ് നീറിടുന്നു.
എത്ര മനോഹരമെത്രചേതോഹര-
മക്കാലമോർത്തിന്നു ദുഃഖമായി

കാറ്റുമുണ്ടേസിയിൻ നേർത്ത കുളിർമയു

ണ്ടെങ്കിലും നാടിന്റെയാ കുളിർമ
വല്ലാതെയല്ലലായ് നീറുന്നിതെന്നുള്ളിൽ
എന്നുമാകാറ്റും മണൽ പരപ്പും

എന്നും മനസിന്റെ കോണിലേ തേങ്ങലായ്-
വിങ്ങുന്ന നാടും നടവഴിയും
എത്രനാൾ പോയിട്ടുമെത്രമറന്നിട്ടു-
മേറെത്തെളിമയായ് കാണും ചിത്രം

സുധാകരൻ:

അയ്യോ സതീശന്ന 'നൊസ്റ്റാൾജിയ' വന്നു
കൂട്ടരെ സംഗതീമാരകമാ.....
ഓടിയൊളിക്കിലും തേടിപ്പിടിച്ചിട്ടു-
മെന്നെക്കരയിക്കുമീ സതീശൻ

സതീശൻ:

വേണ്ട സുധാകരാ നീ കളിചൊല്ലേണ്ട
നാടതു പെറ്റമ്മ തന്നെയെന്നും
ഓർക്കുവാനെങ്കിലും നേരം തികയാതെ
ഓടുന്നൊരെന്ത്രങ്ങൾ നമ്മളെന്നും

ചക്കിന്നു ചുറ്റുമാകാളയെപ്പോലെ നാം
ചക്രം തിരിക്കുന്നിതെന്നുമെന്നും
ചക്രം തിരിച്ചിട്ടുചക്രമുണ്ടാക്കുവാ-
നായി നാം ദേശമുപേക്ഷിച്ചവർ

സുധാകരൻ:

കൂട്ടരേ കേൾക്കുക വാചക കോമളൻ
ഈ സതീശന്റെയാ കന്നിയാത്ര
കൂട്ടരേ കേട്ടിട്ടു നിങ്ങൾ പറഞ്ഞിടൂ
അഭ്യാസമെന്തിനായ് കാട്ടുന്നിവൻ

നാടു കണ്ടീടുവാൻ വീടു കണ്ടീടുവാൻ
ഒരുമിച്ചു ഞങ്ങളോ യാത്രയായി
ലീവും തരപ്പെട്ടു കെട്ടും മുറുക്കിയി-
ട്ടീ കുബേരൻ അവൻ നാട്ടിലെത്തി.

രണ്ടുദിനങ്ങൾ കഴിഞ്ഞുപോയ് പിന്നെയോ
ആരംഭമായ് ചിലനാടകങ്ങൾ
ഹയ്യോ സഹിക്കില്ല ചൂടിതു കൊണ്ടുവാ
ഏസിയും ഫാനും ഈസിചെയറും

കണ്ടാൽ സഹിക്കില്ല മിണ്ടാൻ തരമില്ല

മാലിന്യക്കുന്നുകളെങ്ങുമെങ്ങും
എന്താപൊടിയിതു തുക്കലും വാരലും
വല്ലതുമുണ്ടോയീ നാട്ടിലെങ്ങാൻ

കുണ്ടും കുഴിയും നിറഞ്ഞൊരുറോഡി -
ലേയ്ക്കെങ്ങനെ കാറിൽ ഞാൻ പോയീടുവാൻ
കാലുകുത്താനോ ഇടമില്ല സിറ്റിയിൽ
എല്ലാരും വീടുവിട്ടെത്തിയപോൽ

എന്തിനായ് തിക്കിതിരക്കുന്നു നാട്ടുകാർ
വീട്ടിൽ പണികളോ ഏതുമില്ലേ
ചൂടും സഹിക്കില്ല റോഡും സഹിക്കില്ല
കൊതുകിന്റെ ശല്യമോ ഒന്നുവേറെ.

ഇങ്ങനെയോതി വല്ലോണവും തീർന്നൊരാ
ലീവും കഴിഞ്ഞു പുറപ്പെട്ടിവൻ
ഇങ്ങു തിരിച്ചെത്തി നാലുനാളേയ്ക്കിവൻ
മിണ്ടിയതില്ലാ വിശേഷമൊന്നും

പിന്നെതുടങ്ങിയാകാറ്റിൻ കുളിർമയും
വെള്ളമതിന്റെ രുചിഭേദവും
മാമലനാടിന്റെ ചന്തമേ ചിന്തയിൽ
എന്നു തുടങ്ങുന്ന പല്ലവികൾ

നിങ്ങൾ പറയൂ സുഹൃത്തേ പറയുക
അക്കരപ്പച്ചയോ വങ്കത്തമോ
അയ്യോ സഹിക്കില്ലെനിക്കീവിധമുള്ള
ജാടകൾ കാട്ടിടും കേമന്മാരെ.

*　　*　　*　　*　　*

ക്രുദ്ധവദനനായ് തീർന്നു സതീശനും
പാനകം തെല്ലൊന്നകത്തുമാക്കി
മെല്ലെ കരങ്ങളെക്കൊണ്ടു മുടിയിട
നാലു തവണയുഴിഞ്ഞുചൊന്നു

*　　*　　*　　*　　*

സതീശൻ:

നിർത്തു സുധാകരാ ചൊല്ലേണ്ടതില്ല നീ
എന്നെക്കുറിച്ചിത്ര മോശമായി
നെഞ്ചിലെ തീയായി പൊള്ളുന്ന ചൂടായി
എത്തുന്ന നാടുമെന്നോർമകളും

പങ്കിട്ടുകൊണ്ടു ഞാനാർജ്ജിക്കുമൂർജ്ജത്തെ
തല്ലിക്കെടുത്തുന്നതെന്തിനായ് നീ?

വങ്കത്തമല്ലിതു കാപട്യവുമല്ല
തട്ടിപ്പുചൊല്ലിയിട്ടെന്തുനേട്ടം.

*  *  *  *  *

മൂകത തെല്ലൊന്നു തങ്ങിക്കിടന്നൊരാ
സന്ധ്യയിൽ സ്നേഹിതർ ചേർന്നനേരം
മൂകതയ്ക്കർത്ഥം വിരിഞ്ഞിടും പോലൊരാ
സ്നേഹിതൻ മെല്ലെ ചിരിച്ചുചൊല്ലി

*  *  *  *  *

അതെ ഈ രണ്ട് സ്നേഹിതന്മാരുടെ സംഭാഷണം കേട്ടുകൊണ്ടിരുന്ന മൂന്നാമൻ ഇങ്ങനെ പറഞ്ഞു തുടങ്ങി....

നോക്കു സുധാകരാ ചൊല്ലിടാം ഞാനിന്നു
നമ്മുടെ സ്നേഹിതൻ ഈ സതീശൻ
കാപട്യ മല്ലേതുമീവിധം തോന്നുവാൻ
പെറ്റമ്മപോലെയാ പെറ്റനാടും.

ജീവിത യാത്രയിലെത്തി നാമീവിധം
നാടിനും വീടിനും നാം തണലായ്
അന്യദേശത്തിങ്ങു നാമുഴലുമ്പൊഴോ-
തേൻ മഴയാകുന്നിതാ ഓർമകൾ

എത്തണം പോകണം നാട്ടിലേക്കെന്നുള്ളി-
ലെന്നെന്നുമോർക്കയാലെത്ര കഷ്ടം
നഷ്ടം സഹിച്ചു കൊണ്ടെന്തിനീ ജീവിതം
എന്നു ചിന്തിച്ചും പരിതപിച്ചും

നാട്ടിലെത്തുമ്പോഴോ നാമറിയുന്നിതു
ജീവിതശീലങ്ങൾ മാറിയേറെ
പോരാതെ പോകുന്ന നാടിന്റെ ഭംഗികൾ
ശീലിച്ച ശൈലിക്കു പോന്നിടാതായ്

സ്നേഹിതാ തെല്ലൊന്നു ചിന്തിക്കുകിന്നു നീ
ചാരുതയൊന്നല്ലോ ഭൂവിലെങ്ങും
പൂവും പുലരിയും നീലമേഘങ്ങളും
ചേതോഹരമീ ധരണിയെങ്ങും

ഈശ്വരൻ തന്നതീ ഭാഗ്യമെന്നായതും
ഓർക്കണം കേവലം മാനുഷർ നാം
ആകുവോളം നന്മ ചെയ്യുകിൽ പാരിടം
എങ്ങുമേ സ്വച്ഛന്ദമായ് തിളങ്ങും

പെറ്റമ്മയും കൂടെ പോറ്റമ്മ നൽകിടും
സ്നേഹം നുകരുവാൻ ഭാഗ്യമേറെ

പെറ്റമ്മയും കൂടെ പോറ്റമ്മ നൽകിടും
സ്നേഹം നുകർന്നിടാൻ നാം പഠിക്കൂ.

പെറ്റമ്മയും കൂടെ പോറ്റമ്മ നൽകിടും
സ്നേഹം നുകർന്നിടാൻ നാം പഠിക്കൂ.



# ഭാഗം രണ്ട്

## എന്നെ ഞാനാക്കിയവർക്കായ്

“The apple never falls far from the tree”


Sambu

# ഞങ്ങളുടെ പാത

ആത്മവിശ്വാസം എന്ന കരുത്തുമായ്
ഒരു പുത്രിയെ വാർത്തെടുത്തീടുവാൻ
അച്ഛന്റെ വാക്കുകൾ തീർത്തിടും
സ്വച്ഛ പന്ഥാവ് തന്നെ പ്രചോദനം.

കത്തുകൾക്കുള്ളിൽ നിറച്ചൊരാ
വിശ്വദർശനം തന്നെ കരുത്താക്കി
വാക്കിൻ കരുണ തുണയാക്കി
രണ്ടു പുത്രികൾ ചാരേ വളർന്നതും

ചിത്തശുദ്ധിക്കായുപായവും പിന്നെ-
സാത്വീക ചിന്തതൻ നാളവും
ഈശ്വര ചിന്തതൻ നേർമയും
സത്യസന്ധത തന്നെ ധനമെന്നും

വാക്കുകൾ ചേർത്തു കൊരുത്തൊരാ
കുന്നിമാലകൾ മക്കൾക്കു നൽകിയാ
താതനവരെ വഴികാട്ടി -
ധൈര്യമേറെപ്പകർന്നു നിലകൊണ്ടു.

അച്ഛന്റെ വാക്കുകൾ തീർത്തൊരാ -
ശോഭയേറിടും പാതയിൽ പോകയാൽ
കണ്ണുകൾ പൂട്ടി നടക്കിലും
ഒന്നു തെറ്റാ വഴികൾ അവർക്കെന്നും.

കണ്ണന്റെ നാമം ജപിക്കുവാൻ
ശീലമേകി അവരെ അയയ്ക്കയാൽ
വാസുദേവ പദാംബുജം തീർത്തിടും
പാത കാട്ടണേ... കാക്കണേ മാധവാ (2)


Sambu

# എന്റെ അമ്മ
## (സപ്തതി ആഘോഷം)

പൗർണ്ണമീ നാളിൽ ഭജിപ്പവൾ
കൃഷ്ണദാസ്യത്തിൽ മാനസംപൂണ്ടവൾ
നാരായണാർച്ചനം ചെയ്യുവോൾ
കൃഷ്ണഗോവിന്ദ നാമങ്ങൾ പാടുവോൾ

വാസുദേവാർച്ചനം  ലക്ഷ്യമായ്
നൊയമ്പേറ്റവൾ ഭക്തയാം സാധ്വിയും
സേവനം നാരായണാർപ്പണം
തന്നെയെന്നങ്ങു നിശ്ചയം ചെയ്തവൾ

ധീരജവാന്റെ പ്രേയസി വാസു -
ദേവന്നവൾ പ്രിയയായവൾ
വിദ്യയാം സമ്പത്തു നൽകി നീ- ദേവീ
ശിഷ്യരെ സമ്പന്നയാക്കിയോൾ

പുത്രിമാർക്കെന്നും പ്രിയങ്കരി
പുത്രപൗത്രാദികൾക്കും പ്രിയങ്കരി
മാതൃകാ മാതാവവർക്കവൾ - സ്വന്ത
ജീവിതം പാഠമായ് കാട്ടുവോൾ

ലക്ഷ്മിക്കുപുത്രിയാം രത്നമായ്
നീലകണ്ഠന്നുരത്നമാം പുത്രിയായ്
പുരുഷോത്തമന്നവൾ സോദരി
പ്രിയ രാമാനുജൻ ജ്യേഷ്ഠ സോദരി

ആ തൃക്കോതമംഗലം തന്നിലെ
നീലകണ്ഠന്നനുഗ്രഹം കൊണ്ടവൾ
നാലുപതിറ്റാണ്ടു മുന്നിലായ്
പൊൻവിളക്കേന്തിയിങ്ങെത്തിപോൽ

ലക്ഷ്മീസമേതനാം ഈശ്വരൻ
തന്റെ പുത്രവധുവായ്ഭവിച്ചപോൽ
നാരായണാർച്ചനം ചെയ്കയാൽ ഇന്നു
ലക്ഷ്മീഭവനവൾ ലക്ഷ്മിയായ്

നാരായണാ വിഭോ കാക്കണേ
ആയുരാരോഗ്യസൗഖ്യങ്ങൾ നൽകണേ
കാരുണ്യവാരിധേ നിത്യവും - നിൻ
കരുണാകടാക്ഷം പൊഴിക്കണേ

നാരായണാ നമോ കേശവാ - ദേവ
ഗോവിന്ദഗോപാല പാലയ
വാസുദേവാ നമോ കേശവാ - ദേവ
ഗോവിന്ദ ഗോപാല പാലയ.

# ഒരു തുളസീദളം

തുളസീദളത്തിന്റെ ശുദ്ധിയും - ഒരു
ചെറുതെച്ചിപോലെ നൈർമല്യവും
തീയിനെ വെല്ലുന്നൊരൂർജ്ജവും - പിന്നെ
തിരമാല പോലെയാ സ്നേഹവും

ചന്ദനം തീർത്ത തൊടുകുറി - ഏറെ
ചാരുതയേകിയ ശ്രീമുഖം
നീണ്ട ചുരൾമുടിത്തുമ്പിലായ് - കോർത്ത
കൃഷ്ണതുളസീദളമതും

കനിവിന്റെ മന്ദാരമലരുകൾ
ചൊരിഞ്ഞുഷസ്സുപോലുള്ള ചലനവും
ഏറെ പ്രിയംവദം പോലെയാ - നേർമ
യാർന്നുള്ള ലോല സംവാദവും

ഈശ്വരഭക്തിയിൽ ശ്രദ്ധയായ് - നീണ്ട
രാവും പകലും ജപങ്ങളും
നോയ്മ്പുകൾ നോറ്റുകൊണ്ടേറ്റവും - പൂണ്ട
ചിട്ടയാർന്നുള്ള ദിനങ്ങളും

ഏവർക്കുമേറെ പ്രിയങ്കര-
മായി സ്വാദുറ്റ ശൈലിയായ് പാചകം
ഊട്ടിക്കഴിപ്പിച്ചു മാനസം
പോലുമുല്ലാസമാക്കിടും പാടവം

പ്രിയതമൻ മാധവൻ ഭാഗ്യവാൻ
ധൈര്യഗാംഭീര്യമാർന്നവൻ യോഗ്യനും
ഉത്സാഹിയായവനേറ്റവും - ചേർന്ന
പതിയായ് മഹതിയായ് വാണവൾ


Sambu

പട്ടിന്നലങ്കാര മേറെയായ് - സ്വർണ
ഭൂഷാദികൾ അതും വേറെയായ്
പതിക്കു സമ്മാനമേകിയോൻ - ഏറെ
അധ്വാനിയായവൻ പ്രിയനവൻ

ചേർന്നു വിദേശ സഞ്ചാരവും
പുത്രസമ്പത്തതിന്റെ സൗഭാഗ്യവും
സഹജർക്കുമേറ്റം പ്രിയങ്കരി - ലോക
വാസികൾക്കും തുണയായവൾ

ആ തുളസീധരൻ കൃപയേകയാ -
ലന്നു തുളസീദളമതിൻ യോഗമായ്
വിഷ്ണുപാദം പുണർന്നീടുവാനാ
ദ്ദളം നിശ്ചയം ചെയ്തുപോയ്

തുളസീധരാ ഹരേ മാധവാ
ദേവ ഗോവിന്ദ ഗോപാല പാലയാ
മാധവാ കേശവാ ശ്രീധരാ
ഭക്തരക്ഷകാ ഗോവിന്ദ പാലയാ.




# ഭാഗം മൂന്ന്

# ദാമ്പത്യം

ബിന്ദുവിന്റെ മഹദ് വചനങ്ങൾ മൂന്നാമത്തെ അധ്യായം

പ്രിയതമ : “സ്നേഹം അമൂല്യമാണ് അത് പാഴാക്കരുത്. എനിക്കായ് നീക്കിവച്ച ആ സ്നേഹം എനിക്ക് കാട്ടിത്തരു... എന്റെ ശേഷിക്കുന്ന ജീവിതം ഞാനവനെ ശല്യപ്പെടുത്തിക്കൊണ്ട് ജീവിച്ചുകൊള്ളാം.”

പ്രിയതമൻ : “എന്റെ പ്രിയതമ, അവൾ സ്നേഹത്തിന്റെ കാല്പാടുകളുമായ് എന്റെ ജീവിതത്തിലേക്ക് കടന്നുവരും.... കടന്നു കയറിക്കഴിഞ്ഞാൽ എന്റെ കയ്പാടുകൾ അവളുടെ മുഖത്ത് നിന്നും മാറിയസമയം ഉണ്ടാവില്ല.”

# കവി കഴിച്ച കല്യാണം !

ആഗ്രഹിച്ച തരത്തിൽ ഒരു ഭർത്താവിനെ അഥവാ ഭാര്യയെ അല്ല തനിക്ക് കിട്ടിയിരിക്കുന്നത് എന്ന് കരുതി ജീവിതം പുകച്ചും പഴിച്ചും തീർക്കുന്നവരുണ്ട്. എന്നാൽ ബുദ്ധിമാനായ ഒരു കവി ഇവിടെ എന്താണ് ചെയ്തത് എന്ന് നമുക്ക് നോക്കാം

കവി കഴിച്ച കല്യാണം...

കവിക്ക് നിർബന്ധം കല്യാണം കഴിക്കുന്നെങ്കിൽ പെണ്ണ് അതിസുന്ദരി തന്നെ ആയിരിക്കണം. വീട്ടുകാരും കൂട്ടുകാരും ഒരുപോലെ ശ്രമിച്ചിട്ടും കവിയുടെ സൗന്ദര്യബോധത്തിനിണങ്ങിയ 'അപൂർവ പെൺകൊടി' ദുർലഭയായിരുന്നു. കൂട്ടുകാർ ചോദിച്ചു,

"ഒരു കോംപ്രമൈസു മില്ല്യേടേയ് ?" കവി പറഞ്ഞു,

ഇല്ല സഹോദരാ. എന്റെ ഭാര്യയാകുന്ന പെണ്ണ് മഹാഭാഗ്യവതിയായിരിക്കും. അപ്പോൾ അവൾ അതിസുന്ദരി തന്നെ ആയിരിക്കേണ്ടേ?

കൂട്ടുകാർ ചൊടിച്ചു. 'കഞ്ചാവുവലിയും മുറുക്കും ശീലമാക്കിയ നീ, കാൽകാശിനു വകയില്ലാത്തവൻ, നിന്റെ ഭാര്യയോ ഭാഗ്യവതി കൂവെ!'

കവി മൊഴിഞ്ഞു.... "അവൾക്കായി ഞാൻ വള്ളിക്കുടിൽ തീർക്കും... താമരമെത്തയിലിരുത്തി ഊഞ്ഞാലിലാട്ടി അവൾക്കായ് മാത്രം ഞാൻ കവിതകളെഴുതും.... അവളെക്കുറിച്ച് മാത്രം പാടും... ഇങ്ങനെയൊരു മഹാഭാഗ്യം എത്ര പെൺകുട്ടികൾക്കുണ്ട്? അങ്ങനെ അവൾ പരമാനന്ദവതിയായി പരമഭാഗ്യവതിയായി ജീവിക്കും.."

ഒരുപാടന്വേഷണങ്ങൾക്ക് ശേഷം കറുത്തിടതൂർന്ന കുന്തലഴകും, വിടർന്ന കണ്ണുകളുമുള്ള ഒരു ശാലീനസുന്ദരിയെ കൂട്ടുകാർ കവിയ്ക്കായി കണ്ടു പിടിച്ചു. കല്യാണ മഹാമഹം പൊടി പൊടിച്ചു. തിരക്കൊഴിഞ്ഞ് കിട്ടാൻ കവി അക്ഷമനായി. കാത്തിരിപ്പിനവസാനം ആ സുന്ദരമുഹൂർത്തം വന്നെത്തി. പ്രിയതമയ്ക്കായ് തീർത്ത വള്ളിക്കുടിലിലേയ്ക്ക് കവി സുന്ദരിയെ ആനയിച്ചു. മറക്കാതെ കൊണ്ടുവന്ന പാട്ടു പുസ്തകം എടുത്ത് ആലാപനം ആരംഭിച്ചു. തന്റെ മിഴികൾ പ്രിയതമയുടെ മിഴികളിൽ ഊന്നിവയ്ക്കാൻ കവി മറന്നില്ല....

എന്നിട്ട് കവി ഇങ്ങനെ പാടി.........

നീ മഞ്ഞ മന്ദാര മലരായാൽ
പച്ചിലചാർത്തായ് തഴുകും ഞാൻ
നീയൊരു തേൻകണമാണെങ്കിൽ
പേറും പൂവതു ഞാനാകാം

മധുവിൻ മധുരം നീയെങ്കിൽ
മധുവതു ഞാനായ് തീർന്നിടാം.

നീയൊരു ചെമ്പകമലരെങ്കിൽ
ചെമ്പകമരമതു ഞാനാകാം

നീയൊരു ചന്ദ്രികയായെങ്കിൽ, കാർ -
മേഘമകറ്റും കാറ്റാകാം
നീയൊരു പാട്ടായ് തീർന്നെങ്കിൽ
പാട്ടിന്നീണം ഞാനാകാം

വാക്കിന്നർത്ഥം നീയെങ്കിൽ
വാക്കതു ഞാനായ് തീർന്നിടാം
പ്രകാശമലരുകൾ നീയെങ്കിൽ
കത്തും നെയ്ത്തിരി ഞാനാകാം

പാറും പറവയതാണെങ്കിൽ
പേറും കാറ്റതു ഞാനാകാം
നീർച്ചാലതു നീയാണെങ്കിൽ
ഒഴുകും ഭൂവതു ഞാനാകാം

ഇത്രയുമായപ്പോൾ സുന്ദരിക്ക് മനസിലായി താൻ വിവാഹം കഴിച്ചിരിക്കുന്നത് ചില്ലറക്കാരനെയൊന്നുമല്ല എന്ന് .... സുന്ദരിയുടെ സുന്ദര നേത്രങ്ങൾ അദ്ഭുതം കൊണ്ട് വിടർന്നു.... ഇദ്ദേഹം സാക്ഷാൽ മുതുകാടിനേക്കാൾ കേമൻ തന്നെ.... സുന്ദരി മനോഗതം ചെയ്തു. പ്രിയ, പെട്ടെന്ന് പാടിക്കൊണ്ടിരുന്ന പ്രിയതമൻ കവിയുടെ വായ് പൊത്തി.... എന്നിട്ടവൾ ഇങ്ങനെ പാടി....

"ചേട്ടാ.... എനിക്ക്, ചേട്ടാ..... എനിക്ക്
ശീമാട്ടിയിലെ കൽപ്രതിമ
സാരികൾ ചുറ്റും കൽപ്രതിമ
പട്ടിൻ സാരികളെന്നെന്നും
മാറ്റിയുടുക്കും കൽപ്രതിമ
അതുമതി ചേട്ടാ എന്നെന്നും
സഫലം സഫലം എൻ ജന്മം.

ഉടഞ്ഞ ചില്ലുപാത്രം പോലെ തകർന്നു പോയ മനസിനെ വല്ല വിധവും വാരിയെടുത്ത് കവി അവിടെ നിന്നും നിഷ്ക്രമിച്ചു. എങ്കിലും അവരുടെ ദാമ്പത്യം തുടരുക തന്നെ ചെയ്തു.... സ്വപ്നം കണ്ടു നടന്ന ജീവിതസഖിയെ കിട്ടാതിരുന്ന സങ്കടത്തിൽ കവി ജീവനൊടുക്കാൻ പോലും തുനിഞ്ഞു. അതിലും പരാജിതനായെങ്കിലും പത്തു പന്ത്രണ്ടു വർഷങ്ങൾ ചില തല്ലുബഹളങ്ങളും മറ്റുമായി കടന്നുപോയി. ഇതിനിടയിൽ ആൺകുട്ടിയൊന്ന് പെൺകുട്ടിയൊന്ന് എന്ന ക്രമത്തിൽ മൂന്ന് നാല് പ്രസവങ്ങളും നടന്നു. എന്നാൽ പന്ത്രണ്ടു വർഷങ്ങൾക്കൊടുവിൽ കവിയുടെ ജീവിതം മഴക്കാറൊഴിഞ്ഞ ആകാശം പോലെ സ്വച്ഛന്ദമായി. സ്നേഹമലരുകൾ മാത്രം എന്നെന്നും വിരിഞ്ഞുനിന്നു. ഈ മാറ്റം കവിയുടെ ജീവിതത്തിൽ എങ്ങനെ വന്നു എന്നറിയേണ്ടേ? ബുദ്ധിമതിയായ ഒരു സൗന്ദര്യറാണിയെന്നു പ്രതീക്ഷിച്ച്, ജീവിതത്തിലേക്ക് ബുദ്ധി'മതി'യായ ഒരു പ്രാണിയെ കൈ പിടിച്ചു കയറ്റിയ തെറ്റ് അദ്ദേഹം സ്വന്തം പ്രയത്നത്തിലൂടെ തിരുത്തിയെടുത്തു. അതിനായി അദ്ദേഹം ഒരു തന്ത്രം തന്നെ ആവിഷ്കരിച്ചു. കവി പിന്നീട് ഇങ്ങനെ പാടിത്തുടങ്ങി.

എത്രതെളിഞ്ഞാലും..... എണ്ണവറ്റാ...
ചിത്രവിളക്കാണിന്നെന്റെ ഭാര്യ

എത്ര തെളിഞ്ഞാലും പിന്നെ വീണ്ടും
മിന്നിടും പൊൻവിളക്കെന്റെ ഭാര്യ

കാലത്തും വൈകിട്ടും നാലുവട്ടം
മന്ത്രമായ് ചൊല്ലീ കവിവചനം
എത്രതെളിഞ്ഞാലും  എണ്ണവറ്റാ
ചിത്രവിളക്കാണിന്നെന്റെ ഭാര്യ

പിന്നെയും പിന്നെയും കേൾക്കയാലോ
പാവം പിടഞ്ഞു പണിയെടുത്തു
കാലത്തുണർന്നു പണിയെടുത്തു.
ഓടി നടന്നു പണിയെടുത്തു.

ഓടിത്തളർന്നു വരുന്ന നേരം
ഈണത്തിൽ വീണ്ടും കവിവചനം.
എത്രതെളിഞ്ഞാലും  എണ്ണവറ്റാ
ചിത്രവിളക്കു താൻതന്നെയെന്ന്

കേൾക്കയാലാർജ്ജിച്ചൊരൂർജ്ജത്താലെ
സുന്ദരി വീണ്ടും പണികൾ ചെയ്തു.
(കണ്ടോ കവിയുടെ തന്ത്രം !)
ചുണ്ടിലൂറിക്കൂട്ടും മന്ദസ്മിതം
ബീഡിപ്പുകയാൽ മറച്ചുമെല്ലെ

സ്വസ്ഥനായ് സന്തോഷചിത്തനായി
കവിയോ തൻ തൂലിക തള്ളിനീക്കി
സ്വസ്ഥനായ് സന്തോഷചിത്തനായി
കവിയോ തൻസൃഷ്ടി തുടർന്നുപോയി !

# ഭർത്താവ് ഒരു ഭീകരനോ !!!

നല്ല തട്ടത്തിൽ നിറഞ്ഞു കവിഞ്ഞ് ഒരു ചെറിയ കുന്നപോലങ്ങനെ ഇരിക്കുന്ന ഉമ്പപ്പൂച്ചോറ്. അതിനൊരു വശത്തായി സ്വർണവർണ്ണത്തിൽ ലാവ പോലെ ഒഴുകുന്ന സാമ്പാർ. കിഴങ്ങും, കുമ്പളങ്ങയും, മുരിങ്ങക്കോലും കടപുഴകി ലാവയിൽ കുളിച്ചങ്ങനെ മിന്നിക്കിടക്കുന്നു. അതിന് തൊട്ടടുത്തായി മഞ്ഞകലർന്ന പച്ചനിറത്തിൽ പൂത്തു നിൽക്കുന്ന പൂങ്കാവനം പോലെ വിലസുന്ന തോരൻ. അച്ചിങ്ങപ്പയർ തീരെ ചെറുതായി അരിഞ്ഞ് തേങ്ങ ചേർത്ത് പാകത്തിന് തോർന്ന തോരൻ. തോരനോട്ട ചേർന്നിരിക്കുന്നു ഇപ്പോ വറുത്തെടുത്ത മീൻ കഷണം, അതും വറുത്തെടുത്തിട്ടും മുകളിൽ എണ്ണ തിളച്ചുകൊണ്ടിരിക്കുന്ന വാൽക്കഷണം. ഇതിനെ പ്രകൃതിയിലെ സുന്ദരമോ ഭീകരമോ ആയ ഒന്നിനോടും ഉപമിക്കാൻ ഞാൻ തയ്യാറല്ല. കാരണം വറുത്ത മീനിന് സമമായി ജഗദീശ്വരൻ മറ്റൊന്നും സൃഷ്ടിച്ചിട്ടില്ല തന്നെ. ഇടയ്ക്കൊരു ചോദ്യം വറുത്ത മീൻ സൃഷ്ടിച്ചത് ജഗദീശ്വരനോ അടുക്കളക്കാരി സാറാചേച്ചിയോ? അതെന്തുമാകട്ടെ, വീണ്ടും നമുക്ക് തട്ടത്തിലേയ്ക്ക് ശ്രദ്ധ തിരിക്കാം. മീൻ കഷണത്തിന് തൊട്ടടുത്തായി പാകത്തിന് മൂപ്പിച്ച് കാച്ചിയെടുത്ത പപ്പടം. തട്ടത്തിന് തൊട്ടടുത്തായി ഇരിക്കുന്ന ചില്ല് പാത്രത്തിൽ ചുവപ്പും മഞ്ഞയും കലർന്ന ഓറഞ്ച് നിറത്തിൽ തെല്ല് എണ്ണ തെളിഞ്ഞ് കറിവേപ്പിലയും കടുകുമണികളും നീന്തിത്തുടിക്കുന്ന കാച്ചിയ മോര്. മറ്റൊരു ചെറിയ സ്റ്റീൽ കിണ്ണത്തിൽ രക്തവർണ്ണശോഭയാർന്ന നാരങ്ങാ അച്ചാർ. കൂട്ടത്തിൽ വറുത്തെടുത്ത വറ്റൽ മുളക്.

ചോറിന്റെ ഉരുള സാമ്പാറിൽ കുളിച്ചിപ്പോഴെത്തും എന്നു കരുതി ഉമിനീർകൊണ്ട് തെരുതെരെ ശുദ്ധം ചെയ്ത പ്രതലവുമായി കാത്തിരിക്കുന്ന നാവിനെ പറ്റിക്കാൻ തന്നെ തീരുമാനിച്ചു. ആജ്ഞ ശിരസാ വഹിച്ച ചൂണ്ടുവിരലും നടുവിരലും ഒരുമിച്ച് നാരങ്ങാ അച്ചാറിൽ മുങ്ങി നാവിൽ ഉമ്പത്തേയ്ക്കൊരു യാത്ര.

"അയ്യോ അമ്മേ" ഉറക്കെ വിളിച്ചുപോയി. ശരീരം വല്ലാതെ കുലുങ്ങി. തല ചെറുതായൊന്നു മുട്ടി. പരവേശത്തോടെ ചുറ്റും നോക്കി. ഓടിമറയുന്ന മരങ്ങൾ, പോസ്റ്ററുകൾ, ചില കുറ്റിച്ചെടികൾ. താൻ കാറിലാണെന്ന സത്യം പെട്ടെന്ന് മനസ്സിലാക്കി. ഡ്രൈവർ ബാബുവിന്റെ 'ഷഡൻ ബ്രേക്കാണ് ഉണർത്തിയതെന്നും, ചോറിന്റെ കുന്നും, സാമ്പാറിന്റെ ഒഴുക്കും ഒക്കെ ഒരു സ്വപ്നമായിരുന്നുവെന്നും തിരിച്ചറിഞ്ഞ നിമിഷം പുറത്തെ വെയിലിലേയ്ക്ക് നോക്കി ഞാൻ ഇങ്ങനെ പാടി.

"സുന്ദര സ്വപ്നമേ നീയെനിക്കേകിയ
വർണ്ണച്ചിറകുകൾ വീശി...."

പാട്ടുപാടി തീർത്തിട്ടും സ്വപ്നത്തിലെ ദൃശ്യം മനസിൽനിന്നും മാഞ്ഞ് പോയില്ല. പെട്ടെന്ന് തന്നെ എന്റെ ഭർത്താവിനോടും അയൽവാസിയായ ഡോക്ടർ സതികുമാരിയോടും

ഉള്ള രോഷം മനസിൽ നിറഞ്ഞു. ഡോക്ടർ കോളനിയിൽ താമസത്തിന് വന്നപ്പോൾ തുടങ്ങിയ ദുരിതങ്ങളാണ്. നീണ്ട വിദേശവാസത്തിന് ശേഷം വിദേശികളുടെ ഓരോരോ സമ്പ്രദായങ്ങൾ പാവപ്പെട്ട മലയാളി പെണ്ണുങ്ങളുടെമേൽ അടിച്ചേല്പിക്കാനെത്തിയ സതിയമ്മ പെട്ടെന്ന് തന്നെ ഒരു 'ചതിയമ്മ'യായി.

ആദ്യം അവർ ഒരു ജോഗിംഗ് ക്ലബ് തുടങ്ങി. എല്ലാ തൈക്കിളവന്മാരും പഴത്തുണ്ട് കണ്ട കുഞ്ഞുറുമ്പുകളെ പോലെ ഓടിക്കൂടി, പിന്നെ ഓടിത്തുടങ്ങി. പ്രായമിത്തിരി ഏറിയിട്ടും അതേശാത്ത മനസ്സും ശരീരവുമായി ഓടുന്ന സതിയമ്മയെ തെല്ലസൂയയോടെ നോക്കി തൈക്കിളവിമാരും കൂടെക്കൂടി. ഉദയസൂര്യനെ നോക്കി മട്ടുപ്പാവിലിരുന്നു ചായ കുടിക്കുന്ന സുഖം, മാനസികാരോഗ്യത്തിനും ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന ജോലിയുടെ സമ്മർദ്ദം കൈകാര്യം ചെയ്യാനും ആവശ്യമാണ് എന്ന വാദത്തിലുറച്ച് "ബുദ്ധി" മതിയായ ഞാൻ മാറിനിന്നു. കുറച്ച് കാലത്തെ വിദേശവാസം കൊണ്ട് തന്നെ സായിപ്പന്മാരുടെ കെണിയിൽ വീണുപോയ എന്റെ പ്രിയതമൻ ബിസിനസ്സ് ടൂർ കഴിഞ്ഞെത്തും വരെയേ ആ സന്തോഷം നീണ്ടുനിന്നുള്ളൂ. ജോഗിംഗ് ക്ലബിന് കടുത്ത ചിട്ട വരുത്തിയും ഷൂസും അനിവാര്യമായ തുണികളും നിർബന്ധമാക്കിയും അദ്ദേഹം സതിയമ്മയുടെ വലംകൈയായപ്പോൾ, "ഉദയ സൂര്യൻ എന്നെക്കാണാതെ വിഷമിക്കും" എന്ന വാദം ഒന്നും വിലപ്പോയില്ല. ജോഗിംഗ് ക്ലബിന്റെ നടുത്തുണ്ടം നോക്കിത്തിന്നേണ്ട ഗതികേട് എനിക്കും വന്നുചേർന്നു.

പിന്നീടവർ യോഗാക്ലബ് തുടങ്ങുകയും എന്റെ ഭർത്താവിന്റെ പിൻബലത്തോടെ ഞങ്ങളുടെ മനോഹരമായ നടുമുറ്റം അതിനുള്ള വേദിയാക്കുകയും ചെയ്തപ്പോൾ സ്വന്തം പല്ല് കടിച്ചുമുറിച്ചും സ്വന്തമായ ഒന്നു രണ്ട് ചില്ല് പാത്രങ്ങൾ ആരും കാണാതെ എറിഞ്ഞുടച്ചും ഞാൻ പിന്തുണ പ്രഖ്യാപിച്ചു.

സതിയുടെ യഥാർത്ഥ ചതി പിന്നീടാണരങ്ങേറിയത്. ഞങ്ങളുടെ കോളനിയിലെ തന്നെ ചില ഡോക്ടർമാർ ചേർന്ന് നടത്തുന്ന ക്ലിനിക്കിൽ ആ ചതിയമ്മ ഉപദേഷ്ടാവായി സ്ഥാനമേറ്റു. പിന്നീടുള്ള ദിവസങ്ങൾ യാതനയുടെയും വേദനയുടെയും ദിനങ്ങളായിരുന്നു. സതിയമ്മയുടെ നേതൃത്വത്തിൽ 'വെയിറ്റ് വാച്ചേഴ്സ് പ്രോഗ്രാം' തുടങ്ങിയതായിരുന്നു അതിന് കാരണം.

അടുത്ത ആന്വൽഡേയ്ക്ക് മുൻപായി ഏറ്റവും കൂടുതൽ ശരീരഭാരം കുറയ്ക്കുന്ന ഫാമിലിയ്ക്ക് രണ്ട് വർഷത്തേയ്ക്ക് ചതിയമ്മയുടെ ഹോസ്പിറ്റലിൽ ട്രീറ്റ്മെന്റ് ഫ്രീ. തേനും നാരങ്ങാനീരും ചേർത്തുണ്ടാക്കിയ കട്ടൻചായയിൽ ഇത്തിരി 'തലയിണമന്ത്രം' കൂടി ചാലിച്ച് ഞാനെന്റെ ഭർത്താവിന് മുൻപിലെത്തി. വെയിറ്റ് വാച്ചിംഗ് പ്രോഗ്രാം, ഹോസ്പിറ്റലിന്റെ കച്ചവടതന്ത്രമാണെന്നും, സതിയുടെ ചതിയിൽ വീണുപോകരുതെന്നും ഞാനെന്റെ ഭർത്താവിനെ പറഞ്ഞ് മനസ്സിലാക്കി. മറ്റ് ക്ലിനിക്കുകളിൽ നിന്നും എല്ലാകുടുംബാംഗങ്ങളെയും ആകർഷിക്കുവാനും, റെജിസ്ട്രേഷൻ ഫീസും സെമിനാറുകളുമായി വൻതുക അടിച്ചെടുക്കുവാനും ഉള്ള പദ്ധതിയാണിതെന്നും ഞാനദ്ദേഹത്തെ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചു. നമ്മൾ ഈ കെണിയിൽ പെട്ടുപോകരുതെന്നും ഓർമ്മിപ്പിച്ചു.

ആര് കേൾക്കാൻ? അറുത്തകൈയ്ക്ക് ഉപ്പു തേയ്ക്കാത്തവൻ എന്ന് ഖ്യാതിയുള്ള എന്റെ പ്രിയതമന്റെ പ്രസ്താവന ഇങ്ങനെയായിരുന്നു "എന്റെ ഭാര്യയുടെ വണ്ണം കുറഞ്ഞ് മെലിഞ്ഞു സുന്ദരിയാകുമെങ്കിൽ നമ്മളീ പ്രോഗ്രാമിൽ ചേർന്നിരിക്കും..... മോളേ.... മാത്രമല്ല പ്രൈസടിക്കുകേം ചെയ്യും. രണ്ട് വർഷം വരാൻ പോകുന്ന ട്രീറ്റ്മെന്റ് ഫ്രീ ആയാൽ എന്റെച്ഛനേം അമ്മയേയും നിന്റെ വീട്ടുകാരേം കൊണ്ടുവന്ന് കാശ് ഞാൻ മുതലാക്കും.... യെന്നോടാ കളി !!!"

തലയിണമന്ത്രവും മറ്റ് തന്ത്രങ്ങളും പരാജയപ്പെട്ട് ഞാൻ നിർതന്ത്രയായി നിന്നു. വെയിറ്റ് വാച്ചേഴ്സ് പദ്ധതിയുടെ ആദ്യപടിയായി അടുക്കളയിൽ നിന്ന് വറുത്തതും പൊരി

ച്ചതുമായ വിഭവങ്ങൾ അപ്രത്യക്ഷമായി. അടുക്കള ഭരണം മിസ്റ്റർ പ്രിയതമൻ നേരിട്ടേറ്റെടുത്തു. സാറാചേച്ചിപോലും ഒരു സന്ദേഹവുമില്ലാതെ കൂറുമാറ്റം നടത്തി. അടുത്ത കുറ്റവാളി മിസ്റ്റർ 'അരി'കുമാർ ആയിരുന്നു. എന്റെ മക്കളെക്കാൾ എനിക്ക് പ്രിയപ്പെട്ടതായ "ചോറ്" ഊണുമേശയിൽ നിന്നു നിഷ്കമിച്ചപ്പോൾ പ്രതികരിക്കാതിരിക്കുവാനായില്ല.

"ദിവസം മൂന്ന് നേരം, സാധിച്ചാൽ നാല് നേരം, അരിയാഹാരം കഴിച്ചത് കൊണ്ടായിരിക്കും പാവം എന്റെ അമ്മായിയപ്പൂപ്പൻ അഥവാ നിങ്ങളുടെ പ്രിയപ്പെട്ട അച്ഛച്ചൻ തൊണ്ണൂറ്റിമൂന്നാമത്തെ വയസിൽ ഇഹലോകവാസം വെടിഞ്ഞത്. ഡോ. ചതിയമ്മയുടെ കയ്യിൽ കിട്ടിയിരുന്നെങ്കിൽ അദ്ദേഹം ഒരു സെഞ്ച്വറി എങ്കിലും അടിക്കുമായിരുന്നു" എന്ന് ഞാൻ അട്ടഹസിച്ചപ്പോൾ "നിന്റെയും എന്റെയും നമ്മുടെ മക്കളുടെയും ഭാവിക്കുവേണ്ടിയല്ലേ ഞാൻ ......." എന്ന് തുടങ്ങുന്ന പ്രദീപ്ഗാഥ അദ്ദേഹം ആരംഭിച്ചു. കേൾക്കുവാൻ കെല്പില്ലാതെ ഞാൻ രണ്ട് തക്കാളിയും ഒരു ക്യാരറ്റും വെറുതെ മിക്സിയിലിട്ടടിച്ച് പ്രതിഷേധം പ്രകടിപ്പിച്ചു. സ്വന്തം സാമ്രാജ്യത്തിൽ അതിക്രമിച്ചു കടന്ന ശത്രുവിനെ നോക്കി ദഹിപ്പിച്ചുകളയാനുള്ള ശ്രമവുമായി സാറാചേച്ചി എളിയിൽ തിരുകിയ കൈകളുമായി എന്നെ രൂക്ഷ രൂക്ഷം നോക്കിനിന്നു.

മുട്ടയും, മീനും, പച്ചക്കറികളും ചപ്പാത്തിയുടെ അകമ്പടിയോടെ വയറ്റിൽ പ്രവേശിച്ച് പോന്നു. ആദ്യത്തെ 'വെയിംഗ് ഈവന്റ്' വരെ മാത്രം ഈ സന്തോഷം നിലനിന്നു. രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങളും ഒത്തുകൂടി ഓരോരുത്തരും സ്വന്തം ഭാരം കഴിഞ്ഞ ഒരു മാസത്തിൽ എത്രകുറഞ്ഞു എന്ന് പരിശോധിക്കുന്നതായിരുന്നു ഈ ചടങ്ങ്. ആദ്യത്തെ അഞ്ചു കുടുംബങ്ങളിൽ ഒന്ന് പോലും തങ്ങളല്ല എന്നറിഞ്ഞതോടെ എന്റെ ഭർത്താവിന്റെ വാശി ആളിക്കത്തി.

ചപ്പാത്തിയുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞു വരികയും ഒടുക്കം ഗോതമ്പുപൊടിയും അടുക്കള ഷെൽഫിൽനിന്ന് അപ്രത്യക്ഷമാവുകയും ചെയ്തു.

എന്റെ ശ്രുണ്ടി ഞാൻപോലും പിടിച്ചാൽ കിട്ടാത്തവണ്ണം വളർന്നു. എന്റെ അമ്മാവന്റെ മോളുടെ കല്യാണ നിശ്ചയത്തിന് പോകാൻ തയ്യാറെടുത്തപ്പോൾ "നിശ്ചയമല്ലേ ഞാൻ വരേണ്ട കാര്യമില്ല, നീ മാത്രം പോയാൽ മതി", എന്നദ്ദേഹം തീരുമാനിച്ചപ്പോൾ "ശരീരത്തിന്റെ കനം കുറയ്ക്കുന്നതിന് പകരം നിങ്ങളുടെ തലക്കനം ഒന്നു കുറച്ചാൽ നന്നായിരുന്നേനെ" എന്ന് നിർദോഷമായ ഒരു കമന്റ് പാസാക്കിയതിന് പുത്തൻ ഫ്ലവർവേയ്സ് ഉടച്ച് അദ്ദേഹം മറുപടി നൽകി.

ചോറില്ലാത്ത, ചപ്പാത്തിയില്ലാത്ത ദിനങ്ങൾ വീണ്ടും കടന്നുപോയി.

പെട്ടെന്ന് തന്നെ സാമ, ദാന, ഭേദ, ദണ്ഡങ്ങൾ ഞാൻ അതിന്റെ ക്രമത്തിലല്ല പാലിക്കുന്നത് എന്ന് മനസിലാക്കി. എന്തായാലും എന്റെ സമീപനം ഒന്നു മാറ്റുവാൻ തന്നെ ഞാൻ തീരുമാനിച്ചു. "പ്രദു.....പ്രദു" എന്ന് പ്രിയതമനിഷ്ടമാവും വിധം വിളിച്ചുനോക്കി. അരിവരുന്ന ലക്ഷണമില്ല. "അയ്യോ എന്റെ കുട്ടികൾക്ക് പോഷകാഹാരം......" എന്ന് പറഞ്ഞ് കുറച്ചു വായുപിടിച്ചു നോക്കി.

"വേണ്ട മമ്മീ.... മമ്മീം ഡാഡീം മെലിഞ്ഞ് ഹെല്ത്തിയാകുന്നതിനുവേണ്ടി ഞങ്ങൾ എന്തും സഹിക്കും" എന്ന് പ്രഖ്യാപിച്ച് മാതൃകാ മക്കൾ തിലകങ്ങളായി കുട്ടികൾ നൂഡിൽസ് തീറ്റ തുടർന്നുപോന്നു.

"പാവം സാറാചേച്ചി. ഇത്തിരി ചോറും മീനും കഴിക്കാതെ അവർ എങ്ങനെ പകൽ മുഴുവൻ കഴിച്ചു കൂട്ടും?" എന്നതായിരുന്നു എന്റെ അടുത്ത വേവലാതി പോയിന്റ്. "സാരമില്ല കുഞ്ഞേ രാവിലെ പോരുമ്പോ ഇത്തിരി ചോറ് വെച്ച് കൊണ്ടുപോരാൻ ഒരു പാടുമില്ല" എന്ന വാദവുമായി മാതൃകാ ജോലിക്കാരിക്കുള്ള അവാർഡ് സാറാചേച്ചിയും നേടിയെടുത്തു. ചുറ്റും നിൽക്കുന്നവരുടെ അകമഴിഞ്ഞ സഹായം മൂലം ഞാൻ പൊറുതിമുട്ടി.

തദവസരത്തിൽ ബ്ലൗസിന്റെയും ചുരിദാറിന്റെയും അളവ് കുറച്ചതോ അതിന്റെ പേരിൽ

പുതിയവ വാങ്ങിയതോ എന്നെ സന്തോഷചിത്തയാക്കിയതില്ല.

ഇതിനിടെ സാറാചേച്ചീടെ ചോറെടുത്ത് കട്ടുതിന്നു എന്ന പേരുദോഷം ഒരു ദോഷമേ അല്ല എന്ന് പലതവണ എനിക്കു തോന്നിത്തുടങ്ങി.

സ്കൂൾ പൂട്ടിയപ്പോൾ പതിവ് പോലെ കുട്ടികളെ നാട്ടിൽ വിടുന്നതിന് പകരം അച്ഛനേയും അമ്മയേയും സ്വന്തം വീട്ടിൽ കൊണ്ടുവന്നു. "എന്റെ മോൾ മെലിഞ്ഞ് പോയല്ലോ, ആ ദുഷ്ടൻ ഇത്തിരി ചോറുകൂടി കൊടുക്കില്ല" എന്ന് എന്നമ്മ ശകാരിച്ച കാര്യങ്ങൾ നേരെയാക്കും. മാത്രമല്ല അവർക്ക് വേണ്ടി ചോറ് വീണ്ടും തീൻമേശയിലെത്തും എന്നിങ്ങനെ പല കണക്കുകൂട്ടലുകളും ഞാൻ നടത്തി. സ്വന്തം വീട്ടിലെ ആഹാരക്രമങ്ങളേക്കുറിച്ചും അതിന്റെ ലാഭങ്ങളെക്കുറിച്ചും നേരത്തെതന്നെ മദർഇൻലായെ ബോധവതിയാക്കാൻ മിസ്റ്റർ പ്രദ്യുമാർ മറന്നില്ല. സ്വന്തം ഭർത്താവിന്റെ ഷുഗറും പ്രഷറും ഒക്കെ ഒന്ന് പിടിയിലാക്കി കൊണ്ട് പോകാം എന്ന കണക്കുകൂട്ടലിലാണ് എന്റെ മാതാവ് എത്തിയത്. ആ മാതാവിന്റെ സഹായം പ്രതീക്ഷിച്ച ഞാൻ മരമണ്ടിയായി.

അങ്ങനെ ചില വർഷങ്ങൾ പെറുക്കിയെടുക്കാനാവാത്ത വണ്ണം കൊഴിഞ്ഞ് വീണു.

ഇതിനിടെ ബാൽക്കണിയിലും ടെറസിലും കൂടാതെ ഉണ്ടായിരുന്ന കുഞ്ഞു മുറ്റത്തും അദ്ദേഹം "ഹൗ ഓൾഡ് ആർ യൂ" കളിച്ചു. രാസവളമില്ലാത്ത പച്ചക്കറി കഴിച്ച് പ്രസിഡന്റിനെ മീറ്റ് ചെയ്യാൻ ഡാഡി തയ്യാറെടുക്കുന്നു എന്ന് മക്കളുടെ ന്യൂസ് ബുള്ളറ്റിൻ റിപ്പോർട്ട് ചെയ്തു. വാട്സ് അപ് തമാശകൾ വായിച്ച് ഒറ്റയ്ക്കിരുന്നു ചിരിക്കുന്ന എന്നെ അവർ 'വട്ട് സ്മ്മ എന്ന് അഭിസംബോധനചെയ്തു.

ഓർമ്മകൾ ഇത്രവരെ എത്തിനിൽക്കുമ്പോൾ കാർ മനോഹരമായ റിസോർട്ടിന്റെ വലിയ മുറ്റത്ത് പ്രവേശിച്ചു.

കോളേജ് റീയൂണിയന്റെ ചടങ്ങിൽ എത്തിയത് പ്രിയപ്പെട്ട കൂട്ടുകാരികളെ ഒന്ന് കാണുവാനും വിശേഷങ്ങൾ പങ്കിടുവാനും മാത്രമായിരുന്നു.

ആദ്യം കണ്ടത് പ്രിയതോഴി മിനി നായരെതന്നെ. ഡയമണ്ട് മർച്ചന്റ്സിന്റെ ഫാമിലിയിൽ വധുവായെത്തി ഗൾഫ് നാടുകളിൽ ചേക്കേറിയ മിനി. നെഞ്ചത്ത് കുത്തിക്കൊടുത്ത നെയിംബോർഡ് ഇല്ലായിരുന്നെങ്കിൽ 'മിനി' നായർ ഇത്ര 'ജയന്റ്' നായരായ വിവരം ഞാനറിയാതെ പോയേനെ. നീളം കൂടിയ ഗ്യാസ് സിലിണ്ടറിൽ ഒരു തലകിളിർത്ത് നിൽക്കുംപോലെ മിനി.

പിന്നീട് കണ്ടത് കോളേജ് ബ്യൂട്ടിയായിരുന്ന മേഴ്സി. മേഴ്സി അൽപം മേഴ്സി കാണിക്കണം എന്ന് പൂവാലച്ചെക്കന്മാർ 'ഗോഡ് ഫാദർ' കളിച്ചിരുന്ന മേഴ്സി. രണ്ട് കുഞ്ഞു തുമ്പിക്കൈകൾ പോലെ വശങ്ങളിലേക്ക് വളർന്നിറങ്ങിയ കൈകൾക്കാണോ നടക്കുമ്പോൾ കുറച്ച് മുമ്പിലായി സഞ്ചരിക്കുന്ന വയറിനാണോ കൂടുതൽ അഭംഗി എന്ന് പറയുക പ്രയാസം. പ്രഷറിനും ഷുഗറിനും കഴിക്കുന്ന ഗുളികകളുടെ എണ്ണം ആയിരുന്നു പ്രധാന ചർച്ചാവിഷയം. ആ ചർച്ചകളിൽ ഒരു കാഴ്ചക്കാരിയും കേൾവിക്കാരിയും മാത്രമായിരുന്നപ്പോൾ വർഷങ്ങളായി പുകഞ്ഞു കൊണ്ടിരുന്ന ഹൃദയം ഒന്ന് തണുത്തു. ഓരോ നേരവും തീൻമേശയിലെത്തി പ്രിയമിത്രങ്ങൾ ചില ഇലകളും പുല്ലുകളും കായ്കനികളും ഭക്ഷിച്ചിരിക്കുമ്പോൾ ചുണ്ടിലൊളിപ്പിച്ച ചെറുചിരിയോടെ വിലകൂടിയ മധുരപലഹാരങ്ങൾ ഒന്നൊന്നായിരുചിച്ചു രസിച്ചപ്പോൾ ഹൃദയം പൂർണമായും തണുത്തു.

ചുണ്ടും നാവും പറഞ്ഞു മിസ്റ്റർ പ്രിയതമൻ ഞാൻ നിങ്ങളോട് ക്ഷമിച്ചിരിക്കുന്നു.

വന്നു കയറിയപ്പോൾ മുതൽ ചോദിച്ച് തുടങ്ങിയ ആ ചോദ്യം നൂറാമത്തെ തവണയും ആവർത്തിച്ച് കേട്ടപ്പോൾ ഹൃദയം മാത്രമല്ല കണ്ണും നിറഞ്ഞു.

മോഹനകുമാരി - "നിന്നെ കണ്ടാൽ ഒരു മാറ്റവുമില്ലല്ലോ. എന്താണിതിന്റെ സീക്രട്ട്!!!" ഉള്ളിൽ തികട്ടി വന്ന സന്തോഷം മറച്ച് മനസിലോർത്തു...

"ആഫ്റ്റർ ആൾ, എന്റെ ഭർത്താവ് ഒരു ഭീകരനല്ല."

# ത്രേസ്യാക്കുട്ടീടെ കുമ്പസാരം

എന്റെ പേര് ത്രേസ്യാക്കുട്ടി. അത് അപ്പച്ചൻ വിളിക്കുന്ന പേരാണ്. ശരിക്കുള്ള പേര് ഗ്രേസി. പണ്ട് ഗ്രേസി സ്റ്റീഫനായിരുന്നു. പിന്നീട് ഗ്രേസി ജേക്കബ് ആയി. പിന്നെ... വയസ്... അത് പോട്ടെ.... പറഞ്ഞാലും നിങ്ങൾ പറയും ഞാൻ കള്ളം പറയുകയാണെന്ന്.

ഞായറാഴ്ച നേരം പുലർന്നാൽ പുടവത്തുമ്പും തലയിലിട്ട് പെരുവിരലിൽ കണ്ണും നട്ട് വഴിയോരത്ത് കൂടി ഉറുമ്പിനെ പോലും നോവിക്കാതെ പള്ളിയിൽ പോയിരുന്ന സുന്ദരിക്കുട്ടി. (സുന്ദരിക്കുട്ടി എന്നു തന്നത്താൻ അങ്ങ് പറഞ്ഞാൽ മതിയോ എന്ന് നിങ്ങൾ ചോദിച്ചേക്കാം. അങ്ങ് വിട്ട്കള മാഷേ....) പള്ളിയിൽ പോകുന്ന കാര്യം. അതിന് കാര്യമായ മാറ്റം ഒന്നും വന്നിട്ടില്ല കേട്ടോ. പെരുവിരൽ തുമ്പിൽ നിന്ന് കണ്ണിങ്ങ് പറിച്ചെടുത്തു. ഇപ്പോൾ ആവശ്യമുള്ളിടത്ത് (ഇല്ലാത്തിടത്തും) ഒക്കെ നോക്കും. വഴിയോരത്ത് കൂടി നടന്നുള്ള യാത്ര വഴിയുടെ നടുവിലൂടെ കാറിലാക്കി. ഇത്ര മാറ്റമേ ഉള്ളൂ.

നിങ്ങൾ വിചാരിക്കുന്നുണ്ടാവും ഇതൊക്കെ എല്ലാവർക്കും പറയാനുള്ളതല്ലേ, പെണ്ണുംപിള്ളേ... പിന്നെ നിങ്ങൾക്കെന്താണിത്ര വിശേഷം എന്ന് , പറയാം... വൈകുന്നേരം പ്രാർത്ഥനയും കുരിശുവരയ്ക്കലും കഴിഞ്ഞാൽ പിന്നെ എനിക്ക് രണ്ടെണ്ണം വീശണം... അതിലും ഇത്ര പറയാനെന്താ ഉള്ളത്. സൗകര്യത്തിന് കിട്ടിയാൽ രണ്ട്... ഇല്ലെങ്കിലും ... ഒന്ന് എങ്കിലും വീശാത്തവരായി ആരാ ഉള്ളത് എന്നല്ലേ .... എന്നാലേ....എന്റെകാര്യം ഇത്തിരി വിശേഷം തന്നെയാ. എന്റെ ദുഃഖങ്ങൾ മറക്കാനാ ഞാൻ കുടിക്കുന്നത്. ലോകത്ത് എല്ലാ കുടിയൻമാരും, (കുടിയന്റെ സ്ത്രീലിംഗം എനിക്കറിയില്ല, അങ്ങനെ ഒന്ന് ഉണ്ടോ എങ്കിൽ തന്നെ തീരെ പോപ്പുലറല്ല). പറയുന്നതാണ് ഇത് അല്ലേ? പക്ഷേ എന്റെ കാര്യം സത്യമാണ് കേട്ടോ. രണ്ടെണ്ണം വീശുമെന്ന് കരുതി കെട്ടിയവനോടും പിള്ളേരോടും സ്നേഹമില്ലാത്തവളൊന്നുമല്ല ഞാൻ. പിള്ളാരോടുള്ള അമിതമായ സ്നേഹം കാരണം അവരെ ബോർഡിംഗിലാക്കി. എനിക്ക് രണ്ടെണ്ണം വിട്ട് മറിഞ്ഞ് കിടക്കാനുള്ള സൗകര്യത്തിനൊന്നുമല്ല അങ്ങനെ ചെയ്തത്. ബോർഡിംഗിലാക്കുമ്പോൾ നല്ല അച്ചടക്കത്തോടെ അവർ വളരും. അത് നന്നായി. അവർ തള്ളയെ കണ്ട് പഠിക്കില്ലല്ലോ എന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടാവും.

എന്റെ കെട്ടിയവനോടും എനിക്ക് അമിതമായ സ്നേഹം ഉണ്ട്. അദ്ദേഹം ഈ നാട്ടിലെ അറിയപ്പെടുന്ന ഒരു ഡോക്ടറാണ്. വ്യാജനൊന്നുമല്ല. നല്ല ഒറിജിനൽ എം.ബി.ബി.എസ്. എം.ഡി.ക്കാരൻ. സ്വന്തമായി ഹോസ്പിറ്റൽ നടത്തുന്നു. "പനി വന്നാലും എക്സ്റേ എടുപ്പിക്കും. പ്രസവത്തിന് വരുന്ന സ്ത്രീകൾക്കൊക്കെ സിസേറിയൻ നടത്തും" എന്നൊക്കെ അസൂയക്കാര് ചുമ്മാ പറയുന്നതാണ് കേട്ടോ. ഇതിനൊക്കെ കാരണക്കാരി ഞാനാണെ



ന്നും അവർ പറയുന്നുണ്ടാവും. അസൂയക്കൂട്ടങ്ങൾ. ഞാൻ ഈ ഹോസ്പിറ്റൽ ഒന്ന് പുതുക്കി പ്പണിയിച്ചതിന്റെ അസൂയയാ. നിങ്ങൾ തന്നെ ചിന്തിച്ച് നോക്കു. ഒരു ദിവസം രണ്ടോ അല്ലെങ്കിൽ നാലോ ലാർജടിക്കാൻ ഇത്ര പൈസ ആവശ്യമുണ്ടോ. പിന്നെ ഈ വീടും ഒന്ന് രണ്ട് ബെൻസ് കാറുകളും, ഇതൊക്കെ ഒരു ഡോക്ടറുടെ ഭാര്യ എന്ന നിലയ്ക്ക് എനി ക്കത്യാവശ്യമുള്ളതല്ലേ. അങ്ങേരിതൊന്നും ഉപയോഗിക്കാത്തത് അങ്ങേരുടെ കുറ്റം. അതെങ്ങനാ... ഇപ്പോഴും ഓട്ടോയിലല്ലേ യാത്ര. ലുബ്ധൻ എന്ന് ആൾക്കാരെക്കൊണ്ട് പറയിപ്പിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുകയല്ലേ. വെള്ളമടിക്കാൻ ഒരു കമ്പനിക്ക് പോലും കൂടെ ഇരിക്കില്ല. ജീവിതം എപ്പോഴും എഴുതിയും വായിച്ചും തീർക്കാനുള്ളതല്ല എന്ന് ഇനി എന്നാണാവോ അങ്ങേര് മനസ്സിലാക്കുന്നത്. ഞാനത് പണ്ടേ മനസ്സിലാക്കി. അതുകൊ ണ്ടല്ലേ പ്രീഡിഗ്രി കൊണ്ട് അതെല്ലാം അവസാനിപ്പിച്ചത്. ദോഷം പറയരുതല്ലോ. ഏതെ ങ്കിലും ഹോട്ടലിലെ മെനു കാർഡല്ലാതെ എന്തെങ്കിലും അനാവശ്യമായി വായിക്കുന്ന (ദു) ശീലം എനിക്കില്ല.

ഇപ്പോൾ നിങ്ങൾ കരുതുന്നുണ്ടാവും, ഒരു പ്രീഡിഗ്രിക്കാരി ഡോക്ടറുടെ ഭാര്യയാകണ മെങ്കിൽ എന്റെ അപ്പൻ ഒരു ഷാപ്പ് കോൺട്രാക്ടറോ, റോഡ് കോൺട്രാക്ടറോ ആകുമെന്ന്. ഇത്ര വിലകൂടിയ ഒരു ഭർത്താവിനെ വാങ്ങിത്തരാൻ കഴിവുള്ള ഒരു പണച്ചാക്കൊന്നുമല്ല എന്റെ അപ്പച്ചൻ. ഒരു സാധാരണ കർഷകൻ കുറച്ച് ഏലവും കുരുമുളകും ഒക്കെ കൃഷി ചെയ്ത് അന്തസായി കുടുംബം പോറ്റുന്ന ഒരു മുണ്ടക്കയക്കാരൻ. ഈ പാവം ഡോക്ടർ എങ്ങനെ വന്നുപെട്ടു നിങ്ങളുടെ കയ്യിൽ എന്നല്ലേ. ഞാൻ പറഞ്ഞില്ലേ, ഞാനൊരു സുന്ദ രിക്കുട്ടി ആയിരുന്നു. (ഇപ്പോഴും ആണ്, സ്വല്പം അല്ല ഇത്തിരി ഏറെ തടിച്ചു എന്നതൊഴി ച്ചാൽ എനിക്കെന്താ ഒരു കുറവ്....) അപ്പന്റെ ചേട്ടന്റെ മോടെ ഭർത്താവിന്റെ പെങ്ങൾടെ വിവാഹത്തിന് പോയപ്പോൾ അവിടെവച്ച് എന്നെ കണ്ടതാ. ഇനി മറ്റെങ്ങും പെണ്ണ് കാണാൻ പോവില്ല എന്ന് ഒരേ വാശി. അങ്ങനെ വീട്ടുകാരും സമ്മതിച്ചു. ഇപ്പോൾ നിങ്ങൾ ചിന്തിക്കുന്നുണ്ടാവും പാവം അങ്ങേർക്ക് എന്തോ കഷ്ടകാലത്തിന്റെ സമയത്താണ് ഇത് തോന്നിയതെന്ന്. എന്നാൽ അത് സമ്മതിച്ച് തരാൻ ഞാൻ തയ്യാറല്ല.

അങ്ങേരുടെ അപ്പൻ ഡോക്ടർ ചെറിയാൻ തുടങ്ങി വച്ച് എന്റെ ഭർത്താവ് ഡോക്ടർ ജേക്കബ് തുടർന്നു കൊണ്ടുവന്ന, ഇടിഞ്ഞ് വീഴാറായ ഒരു കെട്ടിടവും രണ്ട് നേഴ്സ്മാരും മാത്രം ഉണ്ടായിരുന്ന ചാമ്പക്കാടൻ ക്ലിനിക്ക്, മൂന്ന് നില കെട്ടിടവും പത്ത് നൂറ് ജീവന ക്കാരുമുള്ള ചാമ്പക്കാടൻ ഹോസ്പിറ്റൽ ആക്കിയതിന്റെ ക്രഡിറ്റ് ആർക്കാണ്? ഈ ത്രേ സ്യാക്കുട്ടിക്ക്. അന്നൊക്കെ ഈ അപ്പനും മകനും നാട്ടുകാരുടെ കൺകണ്ട ദൈവങ്ങളാ യിരുന്നത്രേ. അത് കൊണ്ടെന്താ അമ്മച്ചിക്ക് (എന്റെ അമ്മായിഅമ്മയ്ക്ക്) വീട്ട് ജോലിക്ക് ഒരു വേലക്കാരിയെ വയ്ക്കാൻ പോലും ഈ ദൈവങ്ങൾക്ക് കഴിവുണ്ടായിരുന്നില്ല. അമ്മച്ചി പറയാറുണ്ട്, ത്രേസ്യാക്കുട്ടി നീ മിടുക്കിയാണെന്ന്. പക്ഷെ എന്റെ അമ്മായിയപ്പന് എന്നെ കണ്ടുകൂടാ കേട്ടോ. നാട്ടുകാരെ സഹായിക്കാനാണ് അദ്ദേഹം മകനെയും തന്നെപ്പോലെ തന്നെ ഡോക്ടറാക്കിയത്. എന്നിട്ടിപ്പോൾ മകൻ നാട്ടുകാരെ പിഴിയുകയാണത്രേ. ഇതൊക്കെ എന്റെ പണിയാണെന്നാണ് അപ്പൻ എല്ലാവരോടും പറയുന്നത്. ഒരു വീട് പണിയിച്ചിട്ട് അപ്പൻ ഒന്നുവന്ന് കാണാൻ കൂടി കൂട്ടാക്കിയില്ല. നാട്ടുകാരുടെ കഴുത്തറുത്തു ണ്ടാക്കിയ പണമാണത്രെ.

അപ്പൻ മാത്രമല്ല, എന്റെ അപ്പച്ചനും എന്റെ ഭർത്താവും എന്തിന് എന്റെ മകൻ പോലും, എനിക്കെതിരാണ്, ആകെ ഒരു ആശ്വാസം എന്റെ ആങ്ങള തോമസ് കുട്ടിയും എന്റെ പുന്നാരമോൾ ആനിയുമാണ്. എന്റെ മോൾക്ക് എന്റെ കഴിവും സൗന്ദര്യവും ഒക്കെ കിട്ടി യിട്ടുണ്ട്. ഏഴാം ക്ലാസിലും എട്ടാം ക്ലാസിലും ഒന്ന് തോറ്റു എങ്കിലെന്താ അവൾടെ അപ്പ നെപ്പോലെ കഴിവുകേടൊന്നും അവൾക്കില്ല.

എങ്ങനെ പറയാതിരിക്കും, കഴുത്തിലും കാതിലും കിടന്ന പൊന്നും വിറ്റ് എന്റെ അപ്പ

ച്ചനോട് കുറച്ച് കടവും വാങ്ങി പോരാത്തത് ബ്ലേഡിലും എടുത്താണ് ആശുപത്രി പണി പൂർത്തിയാക്കിയത്. അപ്പോൾ അങ്ങേർക്കും, അങ്ങേരടപ്പനും കൂടി അതും ധർമ്മാശുപത്രി ആക്കണം. ന്യായമായ പണമേ വാങ്ങാൻ പാടുള്ളുവത്രേ. ആതുരസേവനമാണത്രെ ഡോക്ടറുടെ ധർമ്മം. എല്ലാം കൂടി ഒരുമാതിരി ഭ്രാന്ത് പിടിക്കാറായപ്പോഴാണ് എന്റെ ആങ്ങള തോമസ് കുട്ടി, കണ്ണടച്ച് ചികിത്സിക്കുന്ന രണ്ട് ഡോക്ടർമാരെ പൊക്കിക്കൊണ്ടുവന്നത്. പോരാത്തതിന് തോമസ്കുട്ടി കൂടെ കാര്യങ്ങൾ നോക്കാൻ തുടങ്ങിയപ്പോഴാണ് നെഞ്ചിലെ തീയണഞ്ഞത്. ആനിമോൾ പറയും "മമ്മീ.... തോമസ് അങ്കിളിനെ അത്രയ്ക്കങ്ങ് വിശ്വസിക്കേണ്ട കേട്ടോ" എന്ന്. അതാണ് ഞാൻ പറഞ്ഞത് അവൾ എന്റെ മോളാണെന്ന്.

കാര്യങ്ങൾ ഇത്രയൊക്കെ ആക്കിയപ്പോൾ എന്റെ ഭർത്താവിന് ഒരേ വാശി. അദ്ദേഹം ഇനി ഹോസ്പിറ്റലിൽ കാല് കുത്തില്ല എന്ന് . "നിന്റാങ്ങള പത്താംക്ലാസുകാരൻ തോമസ്കുട്ടി നോക്കട്ടേ പേഷ്യൻസിനെ" എന്ന് അങ്ങേരുടെ പേര് വെണ്ടയ്ക്കാ അക്ഷരത്തിൽ എഴുതിവച്ചിരിക്കുന്നത് കൊണ്ടാണ് രോഗികൾ വരുന്നത് എന്നങ്ങേർക്കറിയാം. ഞാനും മോളും കൂടെ കാല് പിടിച്ചാണ് മനസില്ലാമനസോടെ ഇപ്പോഴും വരുന്നത്.

ഇനി എന്റെ അപ്പച്ചന്റെ കാര്യം പറഞ്ഞാലോ, ഹോസ്പിറ്റലിന്റെ പണിക്ക് ഞാൻ ഇത്തിരി പണം, കടമായി വാങ്ങിയെന്നത് നേര് തന്നെ. പിന്നീട് വീട്ടുപണി, കാറ് തുടങ്ങി എല്ലാത്തിനും പണം ഞാൻ തന്നെ കണ്ടെത്തിയത് കൊണ്ട് അപ്പച്ചന്റെ പൈസ ഇത് വരെ തിരികെ കൊടുക്കാൻ കഴിഞ്ഞില്ല. അപ്പച്ചൻ പറയുന്നത് എന്നെ സ്ത്രീധനം തരാതെ കെട്ടിച്ചു വിട്ടതുകൊണ്ട് എന്റെ അനുജത്തിക്ക് സ്ത്രീധനം കൊടുത്തതിന് തുല്യമായ തുക ഞാൻ അപ്പച്ചന്റെ കയ്യിൽ നിന്ന് അടിച്ചുമാറ്റി എന്നാണ്. ഞാൻ മനസ്സിൽപോലും ചിന്തിക്കാത്ത കാര്യമല്ലേ ഇത്. പിന്നെ ഇത്തിരി പണത്തിന്റെ കാര്യമല്ലേ. ഞാനത് വാങ്ങിയത് എന്റെ അപ്പച്ചനോടല്ലേ എന്തായാലും അപ്പച്ചനും പിണക്കത്തിലാണ് എന്ന് പറഞ്ഞാൽ മതിയല്ലോ.

എന്റെ പുന്നാര മകന്റെ കാര്യവും ഇങ്ങനെയൊക്കെത്തന്നെ. അവൻ അവന്റെ അപ്പന്റെ തത്സ്വരൂപമല്ലേ, അവൻ പഠിച്ച് ഡോക്ടറാകുമെന്നും, എന്നിട്ട് ചാമ്പക്കാടൻ ഹോസ്പിറ്റലിനടുത്തായി ഒരു ഫ്രീക്ലീനിക് തുടങ്ങി മമ്മിയുടെ ഹോസ്പിറ്റൽ പൂട്ടിക്കും എന്നുമൊക്കെയാണ് അവന്റെ വീരവാദം.

കുടുംബം രക്ഷപ്പെടുത്താൻ വേണ്ടി കഷ്ടപ്പെട്ട എനിക്ക് ഇത് തന്നെ വരണം. ഇനി നിങ്ങൾ തന്നെ പറയൂ, നേരം വൈകിയാൽ ഞാൻ രണ്ടെണ്ണം വിടുന്നതിൽ എന്താ തെറ്റ്. എന്റെ വിഷമങ്ങൾ ആരറിയാനാണ്.

"ലീലേ... കുറച്ച് ഐസ് വാട്ടറും ഗ്ലാസും ഇങ്ങെടുത്തോ....."

# യെവളാണെന്റെ ഭാര്യ

ഈ ജന്മത്തിൽ പെയ്യുന്നെങ്കിൽ ഇവിടെത്തന്നെ എന്ന വാശിയോടെ ഒരിഞ്ച് പോലും നീങ്ങാൻ വിസമ്മതിച്ച് കൊണ്ട് മേഘപടലങ്ങൾ അവിടെ തന്നെ ഉരുണ്ട് കൂടിനിന്നു. നിന്നെയൊക്കെ ഇവിടെനിന്ന് 'കിക്ക്ഔട്ട്' ചെയ്യും എന്ന് 'മെസി' ബോളിൻ മേൽകാട്ടും ശൗര്യത്തോടെ കാറ്റ് ഏറ്റെടുത്തു. ഈ കളിക്കളത്തിന്റെ ചുവട്ടിൽ പെട്ടുപോയ ചില മനുഷ്യർ അർദ്ധരാത്രിയല്ലാതിരുന്നിട്ടും കുട പിടിച്ചും പിടിക്കാതെയും വലഞ്ഞു.

പട്ടാളത്തിൽ പോയ അമ്മാവൻ ചാർത്തിക്കൊടുത്ത 'നാരായൻ പിള്ള' എന്ന പേരും പേറി നടക്കുന്ന പിള്ള ബൈക്ക് സ്റ്റാന്റിലിട്ട്, വീടിനെ ലക്ഷ്യമാക്കി നനഞ്ഞങ്ങനെ നടന്നു. നേരിയവിറയൽ ബാധിച്ച മുട്ടുകളോട് പിള്ള തിരക്കി. "നിങ്ങൾ തണുത്തിട്ട് വിറയ്ക്കുന്നോ? അതോ ലലനാമണി എന്ന മഹിളാമണി കാലത്ത് തന്ന് വിട്ട ലിസ്റ്റ് പ്രകാരം ഉള്ള സാധനങ്ങൾ വാങ്ങാതെവന്നത് കൊണ്ട് ഉണ്ടാകാൻ പോകുന്ന കെടുതികൾ ഓർത്ത് വിറയ്ക്കുന്നോ?" മുട്ടുകൾ മറുപടിയായി ശക്തമായി കൂട്ടിയിടിച്ചു.

നനഞ്ഞ് കുഴഞ്ഞ് വിറച്ചങ്ങനെ ചെല്ലുന്ന പിള്ളയ്ക്കു മുന്നിൽ ചിരിച്ച് കുഴഞ്ഞ് കുടയുമായി നിൽക്കുന്ന ലലനാമണി. "മഴ പെയ്ത് തുടങ്ങിയപ്പോ മുതൽ കുടയുമായി ഞാൻ വെയിറ്റ് ചെയ്യുകയായിരുന്നു. കടയിലൊന്നും കയറി വൈകണ്ട 'മഴയെത്തും മുൻപെ' വീട്ടിലെത്തിയാൽ മതി എന്ന് പറയാൻ ഒരു വായു ദൂതും അയച്ചിരുന്നു.. പോകട്ടെ സാരമില്ല. നന്ദുനന്ദനൻ മഴയത്താണെങ്കിലും ഇങ്ങെത്തിയല്ലോ."

ലലനാമണിയുടെ പതിവില്ലാത്ത മട്ടും ഭാവവും കണ്ട് വിറയൽ ഞെട്ടലിന് വഴിമാറി.

" എന്താ നാരായൻ ഇങ്ങനെ ഷോക്ഡ് ആയിറ്റ് നിൽക്കുന്നത്?" എന്ന് ലലനാമണി.

"ഓ... ഓ... ഒന്നുമില്ല" പിള്ള പറഞ്ഞൊപ്പിച്ചു.

ലല ടവ്വൽ കൊണ്ട് പിള്ളയുടെ തല തുവർത്തിക്കൊടുത്തു.

(ഇവിടെ പിള്ളയ്ക്ക് വീണ്ടും ഞെട്ടലുണ്ടാവുന്നുണ്ട്. പക്ഷെ പ്രകടിപ്പിക്കുന്നില്ല. ആയതിനാൽ ഇവിടെ പ്രസ്താവിക്കുന്നില്ല)

ലലന ഭർത്താവിനെ കൈപിടിച്ച് തീൻമുറിയിലേക്കാനയിക്കുന്നു.

തീൻ മേശയിലേക്ക് നോട്ടമെത്തിയപ്പോൾ തന്നെ അതിഭയങ്കരമായ ഞെട്ടലോടെ, വീഴാതിരിക്കാൻ സ്വയം ഭിത്തിയിൽ ചാരി, പിള്ള തളർന്നങ്ങനെ നിൽക്കുന്നു. "അയ്യോ നാരായൻ എന്ത് പറ്റി, വല്ലാതെ വിയർക്കുന്നല്ലോ, ഈ സോഫയിലേക്കിരുന്നാട്ടെ" എന്ന് ലലനാ മണിയുടെ അഭ്യർത്ഥന വന്നയുടനെ പിള്ള സോഫയിലേക്ക് മറിഞ്ഞ് വീഴുന്നു. ലലന, പിള്ളയുടെ ഷൂസും സോക്സും ഊരിമാറ്റി, അതിശക്തമായി കറങ്ങാൻ ഒരാജ്ഞ ഫാനിന് നൽകി, തുറന്നു മലർന്നങ്ങനെ കിടന്ന് 'സ്ലോ' മാരുതനെ ഉള്ളിലെത്തിക്കാനുള്ള



ഓർഡർ ജനാലകൾക്കും നൽകിയിട്ട് ഒരു പാനപാത്രം നിറയെ ശുദ്ധജലം കൃത്യമായി അമ്പതുശതമാനം കൈയ്യിൽ പകർന്ന് കുപ്പിച്ചില്ലുപോലെ പിള്ളയുടെ മുഖത്ത് എറിഞ്ഞ് പിടിപ്പിക്കുന്നു. രാവിലെ മുതൽ ഒന്നു തുറക്കാതെ ചുരുണ്ടു കിടന്നിരുന്ന "ടൈംസ് ഓഫ് ഇന്ത്യ" എടുത്ത് കണവനെ വാശിയോടെ വീശിക്കൊണ്ട് ലലന ഇങ്ങനെ വിലപിക്കുന്നു. "നാരായൻ കൺമിഴിക്കു... മിഴിക്കു നാരായൻ". നാരായൻ കൺമിഴിച്ചു.

ബാക്കിയുള്ള അമ്പതുശതമാനം ജലം ലലന പിള്ളയുടെ തൊള്ളയിലേക്ക് പകരുന്നു.

തീൻമേശ കണ്ടാൽ വീണ്ടും ബോധക്ഷയമുണ്ടാകുമോ എന്ന് പിള്ള ശങ്കിക്കുന്നു. തീൻ മേശയിലെത്തിയപ്പോൾ ക്ഷയിക്കാനൊരുങ്ങിയ ബോധത്തെ പിടിച്ച് നിർത്തുന്നു.

ലലനയുടെ അമ്മായിയുടെ മകൾ ഇറ്റലിയിൽ നിന്ന് കൊണ്ടുവന്ന ഇറ്റാലിയൻ കോഫിസെറ്റിൽ ഭംഗിയായി പകർന്ന് വച്ച ചായ. ഭംഗിയായി നിരത്തി വച്ച വട, പഴംപൊരി എന്നിത്യാദി പലഹാരങ്ങൾ. ലലനാമണി മറ്റാരെയോ പ്രതീക്ഷിച്ച് പരത്തി വച്ച പല ഹാരങ്ങളോ എന്ന് സംശയിക്കുമ്പോഴേയ്ക്ക് സ്നേഹനിർഭരമായ ആജ്ഞ... "എഴുന്നേറ്റ് ചായ കുടിക്കുന്നേ, സ്നാക്സും കഴിക്കു ലഞ്ച് കഴിഞ്ഞ് സ്റ്റാർവ് ചെയ്തിട്ടല്ലേ ഈ ടയേഡ്നെസ്സ്"

അത്യ പൂർവമായ ഈ സ്നേഹപരിലാളനകളിൽ സ്തബ്ധനായി 'ബോധമേ നീ ക്ഷയിക്കരുതേ' എന്ന പിള്ളയുടെ അഭ്യർത്ഥന പ്രമാണിച്ച് ബോധം പിടിച്ചു നിന്നു.

"ചായ കുടിക്കുമ്പോഴേക്ക് കുട്ടികളെ ഞാനൊന്ന് നോക്കിവരാം" എന്ന് പറഞ്ഞ് ടിവിയുടെ റിമോർട്ട് കൺട്രോൾ എടുത്ത് പിള്ളയുടെ കയ്യിൽ കൊടുത്തിട്ട് ലലനാമണി ഉരുണ്ടുമറിഞ്ഞ് കോണി കയറിപ്പോവുമ്പോൾ ഇതുവരെ കണ്ട കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ പിള്ളയ്ക്കൊരിടവേള.

ചായ കുടിച്ച് വട കഴിച്ച് പിള്ള ഗാഢ ഗാഢം നീളനീളം ചിന്തിച്ചു. താൻ വരുമ്പോൾ ഭാര്യാമണി വെളിയിൽ കാത്ത് നിന്നു എന്ന് മാത്രമല്ല കുടയുമായി കാത്ത് നിന്നു. ഇതിന് മുൻപ് ഇത് അവസാനമായി സംഭവിച്ചത് എന്നാണ്. ഏതാണ്ട് ഏഴു വർഷങ്ങൾക്ക് മുൻപ്, അതായത് വിവാഹിതരായി ഈ വീട്ടിൽ താമസിക്കാൻ ആദ്യമായി എത്തിയ നാളുകളിൽ, കൃത്യമായി പറഞ്ഞാൽ ആദ്യത്തെ രണ്ട് ദിവസം. പിന്നീടൊക്കെ അവൾ ടിവിയുടെ മുൻപിൽ കുത്തിയിരുന്നു എന്ന് പറയാൻ വയ്യ, കാരണം അവൾ അവിടെ മറിഞ്ഞ് കിടന്നു എന്നതാണ് സത്യം.

ഒരു കുഞ്ഞുണ്ടാകാൻ പോകുന്നു എന്നറിയുന്നതു വരെ ഒരു ചായ, അത് വൈകിയാണെങ്കിലും, കിട്ടിയിരുന്നു. ഗർഭിണിയായശേഷം പച്ചവെള്ളം അവൾ കൈകൊണ്ട് തരാതെയായി. പ്രസവശേഷം തന്നോട് മിണ്ടുന്നത് തന്നെ വിരളമായി. കാരണം, 'കുഞ്ഞിന് പകരം 'കുഞ്ഞുങ്ങൾ' ഉണ്ടായത് ഞാൻ മനഃപൂർവ്വം ചെയ്ത ചതിയാകയാൽ വാക്ശരങ്ങളേറ്റ് ഞാൻ ശരപഞ്ജരനായി. ഈയിടെയായി ഓഫീസിൽ നിന്ന് വന്ന് കയറുമ്പോൾ രണ്ടര വയസ്സുള്ള കുട്ടി ഒന്ന് എന്ന കണക്കിൽ ഓരോ തോളിലും കയറ്റി വച്ച് വല്ലപ്പോഴും കിട്ടാറുള്ള ചായയിലേക്ക് കണ്ണും നട്ട് നിർചായനായി അങ്ങനെ ഇരിക്കാനേ തനിക്ക് കഴിയാറുള്ളു.

ആലോചന ഇവിടെ എത്തിയപ്പോൾ കുട്ടികൾ ഓടിയും ഇഴഞ്ഞും അടുത്തെത്തി. "മക്കളെ ഡാഡി വല്ലാതെ ടയേർഡ് ആയി വന്നതല്ലേ, നിങ്ങൾ അപ്പുറത്ത് പോകു" എന്ന സ്നേഹരൂപിണിയുടെ ശാസന. കുട്ടികൾ ഞൊടിയിടയിൽ അപ്രത്യക്ഷരായി.

മഹാപാപീ നീയെന്നും അതുങ്ങളോട് പറഞ്ഞേൽപ്പിച്ച് വയ്ക്കുന്നതാണല്ലെ. "ദുഷ്ടൻ ഓഫീസിൽ പോയി സുഖിച്ച് വന്നിരിക്കുകയാണ് വാ മക്കളെ അങ്ങേർക്കൊരു പണി കൊടുക്കാം" എന്ന് ചോദിക്കണം എന്ന് തോന്നി പക്ഷെ നാവ് അനങ്ങിയില്ല.

പെട്ടെന്ന് എവിടെനിന്നോ കുറച്ച് ധൈര്യം വന്ന് കയറി രണ്ടും കല്പിച്ച് ഒരു ചോദ്യം ഇതോടെ രണ്ടിലൊന്ന് അറിയണം. "നീ കടയിൽനിന്ന് വാങ്ങിവരാൻ പറഞ്ഞ സാധനങ്ങൾ ഒന്നും ഞാൻ വാങ്ങിയില്ല. ഓഫീസിൽ വല്യ തിരക്കായിരുന്നു......."

"അത് പിന്നെ എനിക്കറിയില്ലെ ഓഫീസിലെ തിരക്ക്.. അതുകൊണ്ട് ഞാൻ തന്നെ പോയി ഒക്കെ വാങ്ങി... മാത്രമല്ല അമ്മയുടെ മരുന്ന് വാങ്ങി അമ്മയ്ക്ക് എത്തിച്ചുകൊടുത്തു... പിന്നെ ശശിക്കുട്ടന്റെ ഹോസ്റ്റൽ ഫീസും അയച്ചു."

സോഫയിലിരിക്കുകയായിരുന്നിട്ടും വല്ലാത്ത തലചുറ്റൽ... ഒരു ഓക്സിജൻ മാസ്കും ഒരു കുടം വെള്ളവും കിട്ടിയിരുന്നെങ്കിൽ എന്നു തോന്നി. "കുറച്ചു വെള്ളം" എങ്ങനെയോ പറഞ്ഞൊപ്പിച്ചു. "ഇതെന്ത് പറ്റി വല്ലാതിരിക്കുന്നല്ലോ"... അവൾ ഓടിപ്പോയി വെള്ളം കൊണ്ടു വന്നു. ഒരു കവിൾ കുടിച്ച് പിന്നെ സോഫയിലേക്ക് ചാഞ്ഞു... "ഞാൻ അഞ്ച് മിനിട്ട് കിടക്കട്ടെ." ഫാനിന്റെ കാറ്റ് പോര എന്ന് മനസിലാക്കിയ ലലന ന്യൂസ്പേപ്പർ കൊണ്ട് കാന്തനെ വീശിത്തുടങ്ങി.

മനസ്സൊന്ന് പിടിയിലായപ്പോൾ അയാൾ അവസാനം കേട്ട വാചകങ്ങൾ ഒന്നോർത്തു നോക്കി.

ടൗണിൽപോയി സാധനങ്ങൾ വാങ്ങി, അമ്മയ്ക്കുള്ള മരുന്ന് വാങ്ങി എന്ന് മാത്രമല്ല അത് എത്തിച്ചുകൊടുത്തു. പിന്നെ ശശിക്കുട്ടന് വേണ്ടുന്ന പൈസ അയച്ചുകൊടുത്തു.

കുട്ടികളെയും കെട്ടിപ്പെറുക്കി ടൗണിലൂടെ നടക്കാൻ കഴിയില്ല എന്ന് പറഞ്ഞ് ഒരത്യാവശ്യം വന്നാൽപോലും കടയിൽ പോകാത്ത മഹതിയാണവൾ. ഓഫീസിൽനിന്ന് ഇടയ്ക്കിറങ്ങി സാധനങ്ങൾ വാങ്ങികൊടുക്കേണ്ട അവസ്ഥയാണ് തനിക്ക്. എന്റെ കൂട്ടുകാരോ, നാട്ടുകാരോ എന്റെ അമ്മയ്ക്ക് മരുന്ന് വാങ്ങി കൊടുത്തു എന്ന് പറഞ്ഞാൽ ഞാൻ വിശ്വസിക്കും. പക്ഷെ എന്റെ ലല അതു ചെയ്തു എന്ന് കേട്ടാൽ "നീയെന്റെ ലലയല്ല, എന്റെ ലല എവിടെ" എന്ന് ചോദിക്കേണ്ടിവരും. ആഴ്ചയിലൊരിക്കൽ അമ്മയെ കാണാൻ പോകുമ്പോൾ പോലും കൂടെ വരാത്ത ലല. "എന്താ കൂടെ താമസിച്ച് അമ്മയുടെ പണം മുഴുവൻ അടിച്ചു മാറ്റുന്ന മകന് മരുന്നു കടയിലേക്കുള്ള വഴിയറിയില്ലേ" എന്ന് മുറുമുറുക്കുന്ന ലല. കോളേജിൽ പഠിക്കുന്ന കുഞ്ഞനുജന് ഫീസയയ്ക്കുന്നതിന് ഓരോ മാസവും കലഹമുണ്ടാക്കി ഉറക്കം കെടുത്തുന്ന ലല. ആ ലലയാണ് ഇന്ന് ഈ അദ്ഭുതങ്ങൾ പ്രവർത്തിച്ചിരിക്കുന്നത്.

കാര്യങ്ങൾ ഇത്രയായപ്പോൾ പിന്നെ നാരായൻപിള്ള ചിന്തിച്ച് തുടങ്ങി. എന്തിനു വേണ്ടിയാവും ഇവൾ ഈവിധം ചൊവ്വായി, ചൊവ്വുള്ളവളായി വർത്തിക്കുന്നത്. എന്തെങ്കിലും കാര്യസാധ്യത്തിന് വേണ്ടിയാണ് എന്ന് കരുതാൻ വയ്യ. ഒരു മിനിറ്റിൽ നാല്പത് മുതൽ അൻപത് വരെ തവണ കാര്യങ്ങൾ ആവർത്തിക്കുക എന്നതാണ് സാധാരണയായി കാര്യസാധ്യത്തിനായി അവൾ കണ്ടിരിക്കുന്ന മാർഗ്ഗം. ചുരുക്കം ചിലപ്പോഴൊക്കെ കരച്ചിലായും മറ്റു ചിലപ്പോഴൊക്കെ ഒരു വഴക്കായും ഇത് പരിണമിക്കാറുണ്ട്.

എന്തായാലും തന്നെ കുറച്ചങ്ങ് സന്തോഷിപ്പിച്ച് കാര്യങ്ങൾ നടത്തിക്കളയാം എന്നവൾ കരുതും എന്ന് ചിന്തിക്കാൻ വയ്യ. ഇനി മറ്റെന്തെങ്കിലും പരീക്ഷണമാവുമോ. "ഞാനത്ര സ്നേഹിച്ചിട്ടും നാരായൻ തിരിച്ചെന്താണ് ചെയ്തത്" എന്ന് ചോദ്യം വരുമോ... ദൈവമേ ഒരു പിടിയും കിട്ടുന്നില്ലല്ലോ.

ഈ അവസരത്തിൽ, "നാരായൻ കൈ കഴുകി വരൂ ഡിന്നർ വിളമ്പിയിരിക്കുന്നു" എന്ന മധുരമൊഴിയുമായി മണിയമ്മ മുന്നിലെത്തി. ഇപ്പോൾ വേഷം സാരിയും മുടിയിൽ ചൂടിയ മുല്ലപ്പൂവും. വഴി മധ്യത്തിൽ യക്ഷിയെ കണ്ട വഴിയാത്രക്കാരനായി മാത്രമേ ഇപ്പോൾ നാരായൻജീയെ ഉപമിക്കാനാവൂ.

നുള്ളിയും പിച്ചിയും കുട്ടികളെ ഊണു കഴിപ്പിക്കുന്നതിനിടയിൽ മടക്കിവച്ച ചപ്പാത്തിയുടെ സൈഡിലായി കുഞ്ഞുവാവ നമ്പർ ടു സാധിച്ചതുപോലെ പരന്നു കിടക്കുന്ന പരിപ്പ് കറി തൂകി വെച്ച്, വേണമെങ്കിൽ കഴിച്ചാൽ മതി എന്ന മുഖഭാവവുമായി ചവണ്ടുണങ്ങിയിരിക്കുന്ന ലല. അതാണെന്റെ സ്ഥിരം ഡിന്നർ പ്ലാൻ. ഇന്നാവട്ടെ ഊണ് കഴിഞ്ഞ് സ്വസ്ഥമായിരുന്ന് ചിരിച്ച് കളിച്ച് ഐസ്ക്രീം നുണയുന്ന കുട്ടികൾ. മേശ നിറയെ തന്റെ ഇഷ്ട വിഭവങ്ങൾ. മുല്ലപ്പൂ ചൂടി കൊടിമരമായി നിൽക്കുന്ന മലയാളി പെൺകൊടിയായ ലല.

സിനിമയിലൊക്കെ കാണും പോലെ തനിക്കൊരു ഡോക്ടർ ഉണ്ടായിരുന്നു എങ്കിൽ താനറിയാതെ എന്തോ രോഗവിവരം അയാൾ എന്റെ ഭാര്യയെ വിളിച്ചറിയിച്ചു എന്നു കരുതാം. പക്ഷെ ഭാര്യയുടെയും മക്കളുടെയും ആവശ്യങ്ങൾക്കല്ലാതെ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഒരു ഡോക്ടർ തനിക്ക് നേർക്ക്നേർ പോലും വന്നിട്ടില്ല. അപ്പോ അതാവാനും തരമില്ല.

ഇനി മുല്ലപ്പൂ വച്ച് മേക്കപ്പിട്ടതിന്റെ ഗുട്ടൻസ് എന്താണ്!!! ഏയ് അതാവാൻ വഴിയില്ല. രണ്ട് കുട്ടികൾ തന്നെ അധികമായി കരുതുന്ന ലല അതിനു മുതിരില്ല. ഊണ് കഴിച്ച് കൈകഴുകി അടുത്ത അദ്ഭുതത്തിനായി കാത്ത് നാരായൻ ഉറക്കറ പൂകി... കഴിച്ച ആഹാരം മുഴുവൻ കൺപോളകളിൽ കെട്ടിത്താങ്ങി നാരായൻ ഉറക്കത്തിലേയ്ക്ക് വീണ് വീണു പോയി.

ഒരപ്രതീക്ഷിത സംഭവവും കൂടി നടത്തിയിട്ട് തൽക്കാലം നമുക്ക് അത്ഭുതങ്ങൾക്ക് വിരാമമിടാം.

പിറ്റേന്ന് വെളുപ്പാൻ കാലത്ത് മുകളിൽ കെട്ടിവച്ച പെട്ടികളുമായിവന്നു നിന്ന ടാക്സി കാർ. കാറിൽ നിന്നിറങ്ങി വന്ന ലലയുടെ ഏട്ടൻ. ഏട്ടനെ വർഷങ്ങൾ കൂടി കാണുകയല്ലേ, ഏട്ടനൊപ്പം സ്വന്തം വീട്ടിൽ ഒരാഴ്ച നിൽക്കട്ടെ എന്ന് ലല. കെട്ടിവച്ച പെട്ടികൾ മുകളിലും തന്റെ കുട്ടികളും കെട്ടിയവളും ഉള്ളിലുമായി പിൻഭാഗം കൊണ്ട് കൊഞ്ഞനംകുത്തി കുറച്ച് പൊടി തന്റെ നേർക്ക് പറത്തി ടാക്സി അകന്നകന്ന് പോയി.

അവളുടെ പ്രവൃത്തികളുടെ വിശദീകരണം തേടി അലഞ്ഞും ആലോചിച്ചും വലഞ്ഞ് ദിവസങ്ങൾ തള്ളി നീക്കി നാരായൻ. ദയവായി ക്ഷമിക്കുക, പത്ത് ദിവസങ്ങൾക്ക് ശേഷം വീണ്ടും ഒരത്ഭുതം കൂടി നടന്ന കാര്യം വിശദമാക്കി നമുക്കീ അദ്ഭുത പരമ്പരയ്ക്ക് വിരാമമിടാം.

പത്ത് ദിവസങ്ങൾക്കു ശേഷം ഓഫീസിൽ നിന്നെത്തി തന്നത്താൻ ചായ ഉണ്ടാക്കി, കാലത്തെത്തിയ ന്യൂസ് പേപ്പർ വായിച്ച് ഉമ്മറത്തിരിക്കുന്ന നാരായൻ കുട്ടിയുടെ മുന്നിലേക്ക് വീണ്ടും ഒരു കാർ വന്നു നിന്നു. ഇത്തവണ കെട്ടിവച്ചപെട്ടികൾ ഉണ്ടായിരുന്നില്ല. കുട്ടി ഒന്നിനെ എന്നതോതിൽ ചുമന്ന് ബഹുമാനപ്പെട്ട ഫാദർ ഇൻ ലോയും ഞാനത്ര ബഹുമാനിക്കാത്ത എന്റെ മദർ ഇൻ ലായും പുറത്തിറങ്ങി. പുത്തൻ വസ്ത്രങ്ങളും പുതിയ ആഭരണങ്ങളും പട്ട് പോലെ തിളങ്ങുന്ന മുടിയും അപ്പോൾ വാങ്ങിയ ചിരിയുമണിഞ്ഞ് ഒരു വലിയ ട്രോഫി കയ്യിലേന്തി ലേലം വിളി വിജയിച്ചെത്തിയതുപോലെ എന്റെ ലല... എന്റെ ലല നാമണി.

ജീവിതം പഠിപ്പിച്ച പാഠങ്ങൾ നൽകിയ പക്വതയോടെ ഞെട്ടലും പൊട്ടലും കൂടാതെ സമചിത്തതയോടെ നാരായൻ പിള്ള നിന്നു.

നാരായൻകുട്ടിയെ നോക്കാതെ, കുശലാന്വേഷണങ്ങൾ നടത്താതെ, കാര്യങ്ങൾ വിശദമാക്കാൻ പോലും നിൽക്കാതെ, എല്ലാവരും പാഞ്ഞ് വീടിനുള്ളിലേക്ക് പോയി. ലല ട്രോഫി താഴത്ത് വച്ച് റിമോട്ടെടുത്ത് ടി.വി. ഓൺ ചെയ്തു. "ഹാവൂ പ്രോഗ്രാം തുടങ്ങിയില്ല ഭാഗ്യം" എന്നൊരു ആത്മഗതം. കാര്യംതിരക്കിയ എന്നോട് "വേവുവോളം കാത്തില്ലെ മരുമകനെ" എന്നൊരാശ്വാസവചനം ഫാദർ ഇൻ ലോയുടെ വക.

പിന്നീട് കണ്ട കാഴ്ചകൾ വർണിക്കാൻ ഞാനശക്തനാണ്.

"ഒരു കുടുംബിനിയുടെ ഒരു ദിവസം" എന്ന റിയാലിറ്റിഷോ വിജയിച്ച് വന്നിരിക്കുന്നു ലല എന്ന 'കൊടുംപണി' അല്ല 'കുടുംബിനി' എന്ന് ഞാൻ മനസ്സിലാക്കി. താനറിയാതെ ഇവിടെ നടന്ന ഷൂട്ടിങ്ങിലാണ് തന്റെ ഭാര്യ തന്നെ കുട ചൂടിച്ചും, വീശി തണുപ്പിച്ചും, ഊണ് കഴിപ്പിച്ചും, താരാട്ട് പാടിയും, മുല്ലപ്പൂ ചൂടിയും തകർത്തഭിനയിച്ചത്. ഒളിക്യാമറ വച്ച ഷൂട്ടിങ്ങായിരുന്നു അത്രേ. തന്നെ അത്ഭുതപ്പെടുത്തിയ ആ സന്ധ്യ ഒരു ടിവിക്കാഴ്ചയായി നാരായൻകുട്ടിയുടെ മനസ്സിൽ വീണ്ടും അരങ്ങേറി.

ട്രോഫി മാത്രമല്ല... ടൗണിലൊരു ഫ്ലാറ്റും അവൾ 'വിൻ' ചെയ്തിരിക്കുന്നത്രെ. കാറ്റുള്ള മഴക്കാലത്ത് മിന്നിയും തെളിഞ്ഞും കളിക്കുന്ന ഉമ്മറത്തെ ബൾബ് പോലെ നാരായൻജിയുടെ ബോധം നിൽക്കണോ പോകണോ എന്ന് സംശയിച്ച് നിന്നു. കരയണോ ആക്രോശിക്കണോ അതോ അട്ടഹസിക്കണോ എന്നറിയാതെ കുഴങ്ങി വലഞ്ഞ് നാരായൻപിള്ളയും നിന്നു.

ഇതിനാണോ "നിന്നെ വിറ്റ കാശ് അവളുടെ കൈയിലുണ്ട്" എന്ന് അമ്മ പറയാറുള്ളത്.

# ഗർഭിണിക്ക് സാദരം

കോമളവദനം താമരയിതളിൻ
ഭംഗി തരംഗിത മിഴിയിണ തരളം
ആലസ്യത്തിലമർന്നെളുതായി
ചാരുതയേറിയ ലോല കപോലം

അംഗജബാണമതിൻ വഴിയായി
അംഗനയംഗമതും മിഴിവായി
മാതൃപദത്തിൻ ഭാവുകമായൊരു
ഭാവമതിൽ നിറവാർന്നൊരുരൂപം

ലക്ഷ്മീപതിയായുള്ളൊരു ഹരിയും
ഉമയൊടു ചേർന്നമരുന്നൊരുഹരനും
സീതാവല്ലഭനായ ശ്രീരാമനുമെളുതാ
യുള്ളൊരു ദേവഗണങ്ങളും

മംഗളമൂർത്തികളായി വരേണം
മംഗളമരുളി വരം ചൊരിയേണം
മംഗളമായ് സുഖമായഫലങ്ങൾ
മംഗളമേകുകിവൾക്കിനി നിത്യം

(ഗർഭിണികൾക്ക് മധുരം കൊടുക്കുക എന്ന ചടങ്ങിൽ പാടുന്നതിനായി എഴുതിയ കവിത)

# എന്നാൽ ഞാനൊരു വരനാകാം

കണ്ടമാനം ക്ഷമ വേണം പിന്നെ
കണ്ടമാനം ദയ വേണം
എന്നേ നല്ല ഭയം വേണം
എന്റെ കാര്യം നടത്തേണം

എന്റെ കാര്യങ്ങൾ നോക്കേണം
എന്റെ കാര്യമെല്ലാം  നടക്കേണം
എന്റെ കാര്യങ്ങൾ നോക്കേണം
എന്റെ കാര്യമെല്ലാം നടക്കേണം

പാചകമതു മങ്ങറിയേണം
ഹേ വാചകമതു വേണ്ടേ വേണ്ട
പാചകമതുമങ്ങറിയേണം
പക്ഷേ, വാചകമതു വേണ്ടേ വേണ്ട

എന്റെ വാക്കുകൾ കേൾക്കേണം
മറുവാക്കൊന്നും പറയരുത്
എന്റെ വാക്കുകൾ കേൾക്കേണം എന്നാൽ
മറുവാക്കൊന്നും പറയരുത്

എന്നോടൊന്നും വാങ്ങരുത്
എന്നോടൊന്നും ചോദിക്കരുത്
കുനിച്ചുനിർത്തിയിടിച്ചാലും
കമാന്നൊരക്ഷരം മിണ്ടരുത്

എന്റെ കാലടി തുടരേണം
എന്റെ കാലുകൾ കഴുകേണം
എന്റെ കാലു പിടിക്കേണം; പോരാ
എന്റെ കാലുകൾ കഴുകേണം

ഇങ്ങനെ യൊന്നിനെ കൊണ്ടുവാമ്മേ
അപ്പോൾ ഞാനൊരു വരനാകാം.

(അങ്ങനെ എന്നു കരുതി അമ്മ കൊണ്ടുവന്ന പെണ്ണിനെ മകൻ മംഗലം കഴിച്ചു. ഒരു മകനും പിറന്നു. വല്ലപാടും മകൻ വളർന്നു. അവനും വിവാഹപ്രായമെത്തി. അച്ഛന്റെ കല്യാണക്കഥകൾ ആരും അവനോട് പറഞ്ഞില്ല.... എന്നിട്ടും അവൻ പറഞ്ഞു. ഇതാണച്ഛാ എന്റെ സങ്കല്പത്തിലെ ഭാര്യ....)

അച്ഛനു നല്ല പണം വേണം
വീട്ടിൽ നല്ല സ്ഥിതീം വേണം
അച്ഛനു പൂത്ത പണം വേണം
വീട്ടിൽ കനത്ത സ്ഥിതീം വേണം

കാണാൻ സുന്ദരിയാവേണം
വിദ്യാഭ്യാസമതും വേണം
കാണാൻ സുന്ദരിയാവേണം
വിദ്യാഭ്യാസമതും വേണം

ഞാനൊരു പത്താം ക്ലാസാണേൽ
അവളുടെ ക്ലാസതുനികത്തേണം
ഞാൻ വെറും പത്താം ക്ലാസാണേൽ
അവളുടെ ക്ലാസതു നികത്തേണം

കാറും ബൈക്കും ഓട്ടേണം
എനിക്കിരുന്നു സുഖിക്കേണം
അവൾ -കാറും ബൈക്കും ഓട്ടേണം
എനിക്ക് - പിന്നിലിരുന്നു സുഖിക്കേണം

നല്ലൊരു നർത്തകിയല്ലെങ്കിൽ
ഇത്തിരി പാട്ടതു വേണേ വേണം
നല്ലൊരു നർത്തകിയല്ലെങ്കിൽ
ഇത്തിരി പാട്ടതു വേണേ വേണം

ഇനി ചെറിയൊരു കാര്യം കൂടി.....

പട്ടയടിക്കാൻ പോകുമ്പോൾ
കൂടെയടിക്കാൻ പോരേണം
ഞാൻ - പട്ടയടിക്കാൻ പോകുമ്പോൾ
അവൾ - കൂടെയടിക്കാൻ പോരേണം

പട്ടയടിച്ചു പിരിഞ്ഞെന്നാൽ
താങ്ങിയെടുത്തു കിടത്തേണം
ഞാൻ പട്ടയടിച്ചു നടക്കുമ്പോൾ
പട്ടിണിയില്ലാതാക്കേണം

ഞാനിങ്ങനെ.....

പട്ടയടിച്ച് നടക്കുമ്പോൾ

അവൾ - പട്ടിണിയില്ലാതാക്കേണം

അങ്ങനെയൊന്നിനെ കൊണ്ട്വാന്നാൽ
അച്ഛാ ഞാനൊരു വരനാകാം
ഇങ്ങനെയൊന്നിനെ കൊണ്ട്വാച്ഛാ
അപ്പോൾ ഞാനൊരു വരനാകാം

# ഗുഡ്, പോരാ
# വെരി വെരി ഗുഡ് ഹസ്ബന്റ്

വൈകിട്ട് ജോലി കഴിഞ്ഞിറങ്ങിയാൽ സുഹൃത്തുക്കളുമായി ഒരല്പസമയം ചെലവഴിക്കുന്നത് എനിക്കൊരു പതിവാണ്. എല്ലാദിവസവും ബാറിൽ ഒന്നുമല്ല ഞങ്ങൾ കണ്ടുമുട്ടുന്നത്. പല ദിവസങ്ങളിലും മാണീസ് കഫെയിൽ ആണ്. എന്നാൽ അന്ന് ബാറിലിരിക്കുമ്പോഴാണ് ഫോണടിച്ചത്...

ടമാർ എന്ന് വിളിപ്പേരുള്ള ടി മനോജ് കുമാർ ഫോണെടുത്തു. സുഹൃത്തുക്കളുടെ അടുത്ത് നിന്നും സ്വല്പം മാറിനിന്നു, ഫോണിൽ രുചിര....

"രുചിക്കുട്ടീ... ചീരേ.. എന്താണ് വിളിച്ചത്. ചീരപൂവേ ... എന്താണ് മിണ്ടാത്തത്"

.....

മൗനം

......

"ഹലോ"

"എന്നാ പറ്റി... പറയൂ" എന്ന് ടമാർ.

ചീര : "ഒന്നുല്ല"

ടമാർ : "എന്താണെങ്കിലും പറയ്"

"നിനക്ക് ഞാൻ പറയുന്നത് കേൾക്കാൻ സമയമില്ലേ" മറുതലയ്ക്കൽ സങ്കടം......

ടമാർ "എന്റെ ചീരയ്ക്കു വേണ്ടിയല്ലേ എന്റെ മുഴുവൻ സമയവും" ഒരു പാഴ്ശ്രമം...

ചീര "എനിക്ക് നിന്നെ വിളിച്ച് കുറച്ച് കരഞ്ഞ് കേൾപ്പിക്കണം എന്ന് തോന്നി അത്രയേയുള്ളൂ"

ടമാർ "അത്രേയുള്ളോ...... മോള് സ്റ്റാർട്ട് ചെയ്തോ ഞാൻ കേട്ടോളാം"

ചീര "കണ്ടോ കണ്ടോ ഇതാ മനുന്റെ കുഴപ്പം... എനിക്ക് സങ്കടമാണ് എന്നു പറഞ്ഞിട്ടും ഒരു വിഷമവുമില്ലാതെ എന്നെ കരയിക്കുന്നത് കണ്ടോ"

ടമാർ "ചീരപ്പൂവേ, താമരത്തണ്ടേ...... സത്യമായിട്ടും കളിയാക്കിയതല്ല... നീ പറയുന്നത് കേൾക്കാൻ കാത്തിരിക്കുന്നു എന്നേ ഞാനുദ്ദേശിച്ചുള്ളൂ. ഇനി പറയൂ"

ചീര "അതേയ്.. മനു... ഓർക്കുന്നില്ലേ നമ്മൾ കഴിഞ്ഞയാഴ്ച പാർവതീടെ കല്യാണത്തിന് പോയത്... അന്നേ... അന്ന് ഞാൻ...

ബ്ലാ........ബ്ലാ............ബ്ലാ..........

ബ്ലീ..........ബ്ലീ.........ബ്ലൂ.........ബ്ലൂ.........."

ഫോൺ മ്യൂട്ട് ചെയ്തു എന്ന് ഒരിക്കൽ കൂടി ഉറപ്പ് വരുത്തി കമഴ്ത്തി വച്ചിട്ട് ടമാർ സുഹൃത്തു

ക്കളുടെ സംഭാഷണത്തിലേയ്ക്ക് തിരികെപ്പോയി.

*   *   *

"അപ്പോ നിന്റെ അഭിപ്രായം അമേരിക്കയിൽ ട്രംപ് ജയിച്ചത് നല്ലതാണ് എന്നാണോ?"

"ഏയ് ...........നല്ലതാണ് എന്നല്ല"

"പിന്നെ"

"ആലോചിച്ച് നോക്കു പിന്നെ".

"അയാളുടെ ഔട്ട് സോഴ്സിംഗ് നയം എന്താണ്"

സമയം കടന്നുപോയി

*   *   *

പെട്ടെന്ന് ഓർമവന്ന് ടമാർ എന്ന കുമാർ ഒരു പെഗ് ഒഴിച്ച് വിഴുങ്ങി. ഫോണെടുത്ത് അൺമ്യൂട്ട് ചെയ്ത് ചെവിയിൽ വച്ചു. രുചിയുള്ള ചീര ഫോണിലൂടെ കൂവി വിളിക്കുന്നു.

"മന്ദൂ..........മന്ദൂ.........നീ കേൾക്കുന്നുണ്ടോ?"

"ഞാനെല്ലാം കേൾക്കുകയായിരുന്നു ചീരമോളേ."

"എന്നിട്ടെന്താ...മന്ദൂ മിണ്ടാത്തെ"

അതിനുള്ള ഇട നീ തന്നില്ലല്ലോ എന്ന് വേണമെങ്കിൽ പറയാം........... പക്ഷെ വിട്ടുകളഞ്ഞു.

"മോളെ സത്യത്തിൽ ഒന്നു മിണ്ടാൻപോലും സാധിച്ചില്ല... നീ പറഞ്ഞത് നൂറുശതമാനം ശരിതന്നെ..... ഞാൻ ചെയ്തത് തെറ്റ് തന്നെ. ... നൂറു തവണ സോറി പറയുന്നു.... സോറി.....സോറി.......സോറി.."

"മന്ദൂ" വീണ്ടും കൂവൽ.

"ഞാനതിന് മന്ദൂന്റെ കുറ്റമൊന്നും പറഞ്ഞില്ലല്ലോ"

"ങേ.... ഇല്ലെ"

(ഉത്തരം തൊണ്ടയിൽനിന്ന് അറിയാതെ ചാടിപ്പോയി. ഇത്തവണ മറ്റാരോ ആണ് പ്രതി... എങ്കിലും ഇന്നത്തെ കാര്യം പോക്ക് തന്നെ.....)

ഒരു ലാർജ് കൂടി അടിച്ച് എല്ലാം ശാന്തമായി നേരിട്ട് കളയാം.

ടമാർ വൈകിട്ട് വീട്ടിലേക്കുള്ള യാത്രയ്ക്കായി തയ്യാറെടുത്തു.

# അമ്മയുടെ ഉണ്ണി

(അമ്മയുടെ വയറ്റിനുള്ളിൽ കിടക്കുന്ന ഉണ്ണിയും അമ്മയുമായുള്ള സംഭാഷണം)

അമ്മേ ഞാൻ പോരട്ടെ കാണാൻ കൊതിയാവില്ലെ
ഹൃദയത്തിൻ താളം നീ കേൾക്കുന്നില്ലേ....
എന്നുണ്ണീ പൊന്നുണ്ണീ പൊൻമകനേ പോരരുതേ
ഉണ്ണിക്കൈ വളരട്ടെ താങ്ങായ് തണലായ്.

അമ്മേ ഞാൻ പോരട്ടെ കാണാൻ കൊതിയാവില്ലെ
എന്നുണ്ണിക്കൈകൾ ഞാൻ കാട്ടാം നിന്നെ
എന്നുണ്ണീ പൊന്നുണ്ണീ പൊൻമകനേ പോരരുതേ
മാമുണ്ണാൻ വായ് വേണ്ടേ വയറും വേണ്ടേ

അമ്മേ ഞാൻ പോരട്ടെ കാണാൻ കൊതിയാവില്ലെ
വിരലുണ്ണും വിദ്യകൾ ഞാൻ കാട്ടാം നിന്നെ
എന്നുണ്ണീ പൊന്നുണ്ണീ പൊൻമകനേ പോരരുതേ
തായ്മൊഴികൾ കേൾക്കാനായ് ചെവികൾ വേണ്ടേ

അമ്മേ ഞാൻ പോരട്ടെ കാണാൻ കൊതിയാവില്ലെ
കേൾക്കുന്നുനിൻ ഹൃദയം താരാട്ടായ് ഞാൻ
എന്നുണ്ണീ പൊന്നുണ്ണീ പൊൻമകനേ പോരരുതേ
പൊൻമുത്തം നൽകാനായ് ചുണ്ടുകൾ വേണ്ടേ?

അമ്മേ ഞാൻ പോരട്ടെ കാണാൻ കൊതിയാവില്ലെ
എൻചുണ്ടിൽ നനവായ് ഞാനറിയും നിന്നെ
എന്നുണ്ണീ പൊന്നുണ്ണീ പൊൻമകനേ പോരരുതേ
അറിവച്ഛൻ പകരുമ്പോൾ ശ്രദ്ധേം വേണ്ടേ.

അമ്മേ ഞാൻ പോരട്ടെ കാണാൻ കൊതിയാവില്ലെ
കേട്ടല്ലോ എന്നച്ഛൻ സ്വരമിന്നലെ ഞാൻ

എന്നുണ്ണീ പൊന്നുണ്ണീ പൊൻമകനേ പോരരുതേ
നേരറിയാൻ പാരറിയാൻ മിഴികൾ വേണ്ടേ

അമ്മേ ഞാൻ പോരട്ടെ കാണാൻ കൊതിയാവില്ലെ
എൻമിഴികൾ തേടും നിൻവദനം തായേ
എന്നുണ്ണീ പൊന്നുണ്ണീ പൊൻമകനേ പോരരുതേ
നിന്നുണ്ണി കാലുകളോ ദൃഢമാകേണ്ടേ?
അമ്മേ ഞാൻ പോരട്ടെ കാണാൻ കൊതിയാവില്ലെ
എന്നുണ്ണിക്കാലാൽ ഞാൻ നടനം കാട്ടാം
എന്നുണ്ണീ പൊന്നുണ്ണീ പൊൻമകനേ പോരരുതേ
കാത്തീടാനമ്മയ്ക്കീ കൈകൾ പോരാ

അമ്മേ ഞാൻ പോരട്ടെ കാണാൻ കൊതിയാവില്ലെ
എന്തെല്ലാം മായകൾ ഞാൻ കാട്ടാം നിന്നെ
ഉണ്ണീ നീ പോന്നീടുക കാണാതിനി വയ്യാ
നിൻപുഞ്ചിരി തീർത്തിടും മായാലോകം

എന്നുണ്ണീ പൊന്നുണ്ണീ നിന്നെ വരവേൽക്കാനായ്
അമൃതായ് ഞാൻ മധുവായ് ഞാൻ തീർന്നു കണ്ണാ
അമ്മയ്ക്കോ പൊൻ കണി നീ അച്ഛനോ നിറകതിർ  നീ
അലതല്ലുന്നാനന്ദം നിർവൃതിയാലേ!



# ഭാഗം നാല്

## സാഹിത്യം

എന്ത് പറയണം എന്നതറിവാണെങ്കിൽ
എപ്പോൾ പറയണം എന്നത് വിവേകവും
എങ്ങനെ പറയണം എന്നത് സാഹിത്യവും ആകുന്നു.

# ഒരു എഴുത്തുകാരന്റെ (കാരിയുടെ) മനഃസാക്ഷികോടതിയിൽ നടന്ന കേസു വിസ്താരം

സൃഷ്ടിയുടെ വേദനസഹിക്കാൻ ആവാതെ ചില സൃഷ്ടികൾ നടത്തുകയും അവ വെളിച്ചം കാണുകയും ചെയ്ത ശേഷം ഉണ്ടായ ഇടവേളയിൽ നല്ലവരായ സുഹൃത്തുക്കളും സ്നേഹ സമ്പന്നരായ നാട്ടുകാരും ചോദിച്ചുതുടങ്ങി, "ഇപ്പൊ എന്താ എഴുതാത്തത്?," "എന്താ എഴുത്തൊക്കെ നിർത്തിയോ?" സ്നേഹക്കൂടുതൽ ഉള്ളവർ ചോദിച്ചതിങ്ങനെ "സ്റ്റോക്കൊക്കെ തീർന്നു കാണും അല്ലേ?"

ഇത്രയൊക്കെ ആയപ്പോൾ ഞാൻ തന്നെ എന്നോടു ചോദിച്ചു. "എന്താ ഒന്നും എഴുതാത്തത്?" സമയം ഇല്ലാത്തത് കൊണ്ട് എന്നു പറഞ്ഞോളൂ.. എന്റെ മനസിന്റെ ചെവിയിൽ ആരോ മന്ത്രിച്ചു. അതോ അവരൊക്കെ ചോദിക്കുന്നതുപോലെ സ്റ്റോക്കു തീർന്നതു തന്നെയോ? ചോദ്യം എന്റെ വക എന്നോട് .... അങ്ങനെ ചോദിച്ച് ചോദിച്ച് ഞാൻ ഒരു 'ഉത്തരത്തിൽ' പിടിച്ചു കയറാൻ ശ്രമം നടത്തി.

എന്റെ മനഃസാക്ഷിക്കോടതിയിൽ ശക്തമായ വാദം ആരംഭിച്ചു... വാദിഭാഗം വക്കീലും... പ്രതിഭാഗം വക്കീലും.... പിന്നെ പ്രതിയും ആയ ഞാൻ ഒരു കോടതിയായ് രൂപാന്തരപ്പെട്ടു.

വാദി ഭാഗം വാദം ഇങ്ങനെ തുടങ്ങി... "നല്ല നല്ല സാഹിത്യ സൃഷ്ടികളിൽ കമ്പം ഉള്ള പ്രതി അവ വായിക്കുകയും ആസ്വദിക്കുകയും ചെയ്തിരുന്നു. മാത്രമല്ല അങ്ങനെ നല്ല നല്ല സാഹിത്യ സൃഷ്ടികൾ നടത്തണം എന്നു സ്വയം ആഗ്രഹിക്കുകയും അതിനു വേണ്ടി പരിശ്രമിക്കുകയും ചെയ്തിരുന്നു... പക്ഷെ... 'യുവർ ഓണർ' നല്ല സാഹിത്യ സൃഷ്ടികൾ നടത്താൻ ചില കഴിവുകൾ കൂടിയേ തീരൂ."

ഒന്നാമതായി നല്ല ഭാഷാ വൈഭവം വേണം (ഡിം...) അനുഭവ ജ്ഞാനം വേണം (ഡിം...) സത്യം പറയാനുള്ള ധൈര്യം വേണം (ഡിം...) ക്രിയേറ്റിവിറ്റി വേണം, സെൻസിറ്റിവിറ്റി വേണം, സെൻസിബിലിറ്റി വേണം (ഡിം..... ഡിം..... ഡിം....) കേഴ്‌വിക്കാരുടെ ഇടയിൽ നിന്നു മമ്മൂക്ക ഫാൻസിന്റെ ഘോരമായ കയ്യടി ഉയർന്നു.

വാദം തുടർന്നു.. ഇതൊന്നുമില്ലാത്ത താൻ (അല്ല ഞാൻ) 'യെന്തെഴുതാൻ'? എന്ന് വാദി ഭാഗം വാദം അവസാനിപ്പിച്ചു.

പ്രതി ഭാഗം വാദം ആരംഭിച്ചു.

ഏത് സാധാരണക്കാരനും / കാരിക്കും ലോകത്തോട് വിളിച്ചു പറയാൻ ചിലത് കാണും. ഒരു നാണയത്തിനു രണ്ടു വശങ്ങൾ ഉള്ളതുപോലെ (മാത്തമറ്റിക്കലി സ്പീക്കിംഗ്, എഡ്ജും ചുറ്റുപുറവും ഒന്നും മറന്നു കൂടാത്തതാണ്... മാത്തമാറ്റിക്സ് അറിയാത്ത വക്കീലിനേ നമുക്ക് തൽക്കാലം വെറുതെ വിടാം.).. പറഞ്ഞു വന്നത്... ഏത് കാര്യത്തിനും രണ്ടും ചിലപ്പോൾ നാലും വശങ്ങൾ ഉണ്ടാവാം. അത് വിളിച്ചു പറയുന്നതിനായി ഒരു കട്ടൻ 'ടീ' യുടെ ആവശ്യം

മാത്രമേ ഉള്ളൂ എന്ന് മനസ്സിലാക്കാൻ നമുക്ക് ഒരു സംഭാഷണം ശ്രദ്ധിക്കാം.

പങ്കെടുക്കുന്നവർ : ഒന്ന്, കല്ലിൽ കയറി നിന്ന്, ചീങ്കണ്ണി വെള്ളത്തിൽ എന്നതുപോലെ തല മതിലിനു മുകളിൽ ഉയർത്തി പിടിച്ച് നിന്നു സംസാരിക്കുന്ന ചേച്ചി.

രണ്ട് : എന്നോട് സംസാരിക്കണം എങ്കിൽ നീ കല്ലിലോ മരത്തിലോ കയറി നിൽക്കൂ, ഞാൻ ഇങ്ങനെ സുഖമായ മണലിൽ നിൽക്കാം എന്ന് കരുതുന്ന അയൽക്കാരി മണി.

മൂന്ന്: പച്ചക്കറിക്കുട്ട ഇറക്കി വെച്ച് വിയർപ്പാറ്റുന്ന പച്ചക്കറിക്കാരി അമ്മിണി.

നാല്: മുറ്റം തൂത്ത് നടു നിവർത്തുന്ന വേലക്കാരി ജാനു.

വിഷയം: തലേ രാത്രി അമ്പലത്തിൽ പോയി വരുന്ന മറ്റൊരു അയൽക്കാരിയുടെ മാല കള്ളൻ പൊട്ടിച്ച സംഭവം.

കല്ലിൽ നിൽക്കുന്ന ചേച്ചി: എങ്കിലും അവന്റെ ഒരു ധൈര്യം നോക്കണേ... ഇക്കാലത്ത് വെറും ഒരു മൂന്നര പവന്റെ മാല പോലും ഇട്ട് വഴി നടക്കാൻ കഴിയില്ല എന്നു വെച്ചാൽ എന്താ ചെയ്ക...

പച്ചക്കറിക്കാരി അമ്മിണി: 'യെവൾക്കൊക്കെ യിതു തന്നെ വേണം ച്യേച്ചീ... മൂന്നര പവനിട്ട് പവ്വറു കാണിക്കാൻ പോയിട്ടല്ല്യോ...?'

വേലക്കാരി ജാനു: നീയത് പറയെന്റെമ്മിണ്യേയ്... ഓരിക്കിണ്ടായിട്ടല്ലേ.... ഓരിട്ണത്... പക്ഷേ മോവന്തി നേരത്തതിട്ടിങ്ങനെ ഒറ്റയ്ക്കു നടക്കേണ്ടീർന്നില്ലെന്റെ തേവരേ...

കല്ലിൽ നിൽക്കുന്ന ചേച്ചി : മണീ നീയൊന്നും പറഞ്ഞില്ലല്ലോ....

മണലിൽ നിൽക്കുന്ന മണി : ചേച്ചീ നടക്കാനുള്ളത് എന്തായാലും നടക്കും. അവരുടെ മാല പോവാനായിരുന്നു വിധി... അതിപ്പോ കുളത്തിലായാലും റോഡിലായാലും പോയേ തീരൂ.

ഇത്രയുമായപ്പോൾ അക്ഷമനായ ന്യായാധിപൻ 'കം ടു ദ പോയിന്റ്' എന്ന് ഓർമ്മപ്പെടുത്തിയതിനെ തുടർന്ന് വാദം ഇങ്ങനെ തുടർന്നു.

ഒരു കാര്യത്തിനു നാലു വശങ്ങൾ വരെ ആവാം എന്നും, ഏതു സാധാരണക്കാരനും അതു വിളിച്ച് പറയാം എന്നും ഞാൻ ഇതിനാൽ ഇവിടെ സമർത്ഥിച്ചു കൊള്ളുന്നു. അതു കൊണ്ട് അക്ഷര 'വൈ' രിയോ 'എക്സ്' രിയോ അല്ലാത്ത ഏതൊരുവനും എഴുത്ത് പ്രസംഗം തുടങ്ങിയ (ദു:) ശീലങ്ങൾ നടത്താവുന്നതേയുള്ളൂ. ആയത് കൊണ്ട് പ്രസ്തുത പ്രതി കുറച്ച് കാലം 'സ്യാഹി കി കലം' മാറ്റി വച്ച് 'കഞ്ഞി കി കലം' മാത്രം ഉപയോഗിച്ച് പോന്നു. ഇത് സെൻസിബിലി'ടി' സെൻസിറ്റിവി'ടി' എന്നീ 'ടി'കൾ ഇല്ലാത്തതു കൊണ്ടല്ല മറിച്ച് ഗ്രീൻ'ടി' ഹെർബൽ 'ടി' പിന്നെ കണ്ണൻ ദേവൻ'ടി' എന്നീ 'ടി' കൾ കൂടി ഉള്ളതുകൊണ്ട് പ്രതി ചില കടുത്ത തീരുമാനങ്ങൾ എടുത്തു.

"നാടകാന്തം കവിത്വം" എന്ന തത്വചിന്തയിലും വിശ്വദർശനത്തിലും വിശ്വാസം ഇല്ലാത്ത പ്രതി, എഴുത്ത് എന്ന ശീലം തൽക്കാലം നിർത്തി വച്ചത് എന്ത് കൊണ്ടാണു എന്ന് വിശദമാക്കാൻ ഒരു സാമ്പിൾ വെടിക്കെട്ട് സോറി, ഒരു ഉദാഹരണം കൂടി അവതരിപ്പിക്കുവാൻ അനുവദിക്കുമാറാകണം.

"മാറായിക്കോ പക്ഷെ മാറാടാകരുത്" എന്ന് കൽപ്പനയായി.

"അതിനായി യുവർ ഓണർ ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടിവരും"

"അങ്ങനെ പതിവില്ല" എന്നുത്തരം

"പതിവെപ്പോൾ വേണമെങ്കിലും തുടങ്ങാമല്ലോ"

എങ്കിൽ പിന്നെ ഇപ്പോൾ തന്നെ ആവട്ടെ എന്നു തീരുമാനമായി.

ചോദ്യം: ലീലേടത്തീടെ ചായപ്പീടികയിൽ സെവൻ കോഴ്സ് ഡിന്നറിനു ഓർഡർ കൊടുത്ത് കാത്തിരിക്കുന്നു എന്ന് ഭാവന ചെയ്യുക. (ലീലേടത്തീടെ കോഴി വറുത്തതും കെമ്പനച്ചായന്റെ ദശ മൂലാരിഷ്ടവും ഓർത്ത് ഒരു നിമിഷം വെള്ളം ഇറക്കിയ ശേഷം 'യുവർ ഓണർ' കേഴ്‌വി തുടർന്നു).

'വിശപ്പുണ്ടാക്കി' (ആപ്പറ്റയിസർ) ആയി കൊണ്ടു വെയ്ക്കുന്ന കോക് ടെയിൽ ഷ്രിമ്പ് അഥവാ കൊഞ്ച് വറുത്തതു കാണുമ്പോൾ വരാനിരിക്കുന്ന അട പ്രഥമനെ കുറിച്ച് ചിന്തിച്ച് കൊഞ്ച് മണത്ത് മാറ്റി. വയ്ക്കുമോ അതോ നാലഞ്ചെണ്ണം വിഴുങ്ങുമോ?

ഉത്തരം: കൊഞ്ചല്ലേ... ഒരഞ്ചെണ്ണം വിഴുങ്ങും.

ചോദ്യം : പിന്നെ വരുന്ന കാളനും കാള വറുത്തതും കണ്ടാൽ അവസാനം വരുന്ന ഡക്കറേറ്റഡ് സ്പഞ്ച് കേക്കിനെ കുറിച്ച് ചിന്തിച്ച് പഞ്ചായത്ത് വിടുമോ അതോ കാളനിൽ കളിക്കുമോ....

ഉത്തരം: കാള വറുത്തതും കളറുള്ള വെള്ളവും പത്ഥ്യം സ്പഞ്ച്കേക്ക് അതിന്റെ സമയത്ത് വരട്ടെ.

''തായ്ക്ക്യൂ യുവർ ഓണർ. ഓരോന്നും ആസ്വദിക്കാൻ അതിന്റേതായ സമയം ഉണ്ട് എന്ന് അങ്ങ് സമ്മതിച്ച് കഴിഞ്ഞു.''

വീണ്ടും ''കം ടു ദ പോയിന്റ്'' എന്നാജ്ഞ.

''അതായത് യുവർ ഓണർ. ർർർർ .... എന്റെ പ്രതി ദശരൂപകങ്ങളിൽ ഒന്നു മാത്രം ആയ നാടകത്തേക്കാൾ പ്രാധാന്യം കൊഞ്ചിനും ഇഞ്ചിയ്ക്കും ക്ഷമിക്കണം ചിരിയ്ക്കും ചിന്തയ്ക്കും കൊടുത്തത് കൊണ്ട് ചിരിച്ച് ചിന്തിക്കാനും, ചിന്തിച്ച് ചിരിക്കാനും വക നൽകുന്നതിനെ ഒക്കെ നല്ലത് എന്ന് വിളിച്ച് കൂവി.

എന്നാൽ നിരൂപക വേദിയുടെ സംസ്ഥാന സമ്മേളനത്തിൽ പ്രഥമനും സ്പഞ്ച് കേക്കും തന്നെയാണ പ്രധാനം, ക്ഷമിക്കണം നാടകാന്തം തന്നെയാണ് കവിത്വം. ഇഞ്ചിയും കൊഞ്ചും പോയി ചിരിച്ച് കൊണ്ട് ചിന്തിച്ചിരിക്കട്ടെ എന്ന് കൂക്കി വിളിച്ചു.

ഈ സംഭവത്തെ പ്രതി വില ഇരുത്തിയതിങ്ങനെ.

എന്നും കാലത്തെഴുന്നേറ്റ് ഒരു കയ്യിൽ മാങ്ങയും മറു കയ്യിൽ തേങ്ങയും ആയി ഏതാണ കൂടുതൽ നല്ലത് എന്ന് കണ്ടുപിടിക്കാൻ ശ്രമിക്കുന്ന രാമേട്ടനോട് അത് വഴി പോയ സായിപ്പ് പറഞ്ഞതിങ്ങനെ. ''ഹേയ്, ഓൾഡ് മാൻ... ഡോൻഡ് ട്രൈ ടു കമ്പയർ ആൻ ഓറഞ്ച് വിത്ത് / ആൻ ആപ്പിൾ'' (കഥകളിപ്പദരൂപത്തിൽ ''ആപ്പിളുമല്ലിത് ഓറഞ്ചുമല്ല ഹെ'' എന്നു പാടിക്കൊണ്ട് രാമേട്ടൻ കയ്യിലിരുന്ന തേങ്ങ സായിപ്പിന്റെ തലയ്ക്കെറിഞ്ഞതും സായിപ്പ് വെടി തീർന്നതും ചെറുകഥ രൂപത്തിൽ ഉടൻ പുറത്ത് വിടുന്നതാണ്)

ആയത് കൊണ്ട് പ്രതി ചിന്തിച്ചതിങ്ങനെ, കൊഞ്ചിഷ്ടമുള്ളവർ ഇഞ്ചി കൂട്ടി കൊഞ്ച് കഴിക്കട്ടെ സ്പഞ്ച് കേക്ക് വേണ്ടവർ അത് തിന്ന് പഞ്ചാര അടിക്കട്ടെ. നാടകത്തിൽ കേമം ശാകുന്തളം, പ്രകരണത്തിൽ കേമം മാലതീ മാധവം.... എനിക്കിഷ്ടം ഭാർഗ്ഗവിയേച്ചീടെ തിരുവാതിര കളി... എന്നീവിധം ചിന്തിച്ച് ചിരിച്ച് കുന്തിച്ചിരിക്കാൻ പറ്റിയ ഇടം തേടി അലയുകയായിരുന്ന പാവം പ്രതി...

.... ദാറ്റ്സാൾ യുവർ ഓണർ''.

കേട്ടുകൊണ്ടിരുന്ന പത്രോസുചേട്ടൻ, ''വരുന്ന വരവ് കണ്ടപ്പോൾ കടിച്ചാൽപ്പൊട്ടാത്ത ഏതാണ്ടു സാധനമാണെന്നാ ഓർത്തേ, വലിയ പുസ്തകങ്ങൾ ഇഷ്ടമുള്ളവർ അതു വായിക്കട്ടെ. കൊച്ചുകൊച്ചു പുസ്തകങ്ങൾ ഇഷ്ടമുള്ളവർ അതു വായിക്കട്ടെ! വെറുതെ കുറ്റം പറഞ്ഞ് എഴുത്തുകാരുടെ ''ടീ'' കളൊന്നും തെറിപ്പിച്ചുകളയല്ലേ മക്കളെ എന്നങ്ങു പറഞ്ഞാൽ മതിയായിരുന്നല്ലോ എന്റെ കർത്താവേ....''

# എനിക്ക് പരമസുഖമല്ലേ അഥവാ എനിക്കെന്താണ് ഒരു കുറവ്?

"നീ പറയുന്ന ഞാൻ ഒന്നിനും കൊള്ളാത്തവനാണെന്ന്. മറ്റെഴുത്തുകാരൊക്കെ എഴുതി കൂട്ടുന്നു. പുരസ്കാരങ്ങൾ വാരിക്കൂട്ടുന്നു. മണിമാളികകൾ കെട്ടിപ്പൊക്കുന്നു". എന്നൊക്കെ... അതിനുത്തരമായി... "ആകാശത്തിലെ പറവകളെ നോക്കൂ അവ വിതയ്ക്കുന്നില്ല കൊയ്യുന്നില്ല"എന്ന അവസരവാദം ഞാൻ കൊണ്ടു വന്നപ്പോൾ "കിട്ടാത്ത മുന്തിരി പുളിക്കും" എന്നായി നീ.... "എനിക്കിപ്പോ പുരസ്കാരം കിട്ടാഞ്ഞിട്ടെന്താണ് ഒരു കുറവ്?"

വെള്ള കീറുമ്പോൾ സന്തോഷവാനായി ഉണർന്നെണീക്കുന്നില്ലേ? കറുപ്പു കീറുമ്പോൾ രണ്ടെണ്ണം വീശി വീഴാതെ വീട്ടിലെത്തുന്നില്ലേ? ഈ അറുപതാംവയസിലും ഉരുക്കിന്റെ ശരീരമില്ലേ? മക്കളയക്കുന്ന കാശൊക്കെ പൂട്ടിവച്ച പെട്ടിപ്പുറത്തിരിക്കുന്ന പെണ്ണമ്മയായ ഭാര്യയില്ലേ? പറയൂ പിന്നെനിക്കെന്താണ് വേണ്ടത്? മറിച്ച് കുറെ എഴുതിക്കൂട്ടി അതൊക്കെ തുന്നിക്കെട്ടി ഒരു പുസ്തകമാക്കി കഴിഞ്ഞാലോ? തൊഴിലില്ലാത്ത ആരെങ്കിലും അതു വായിച്ചാലോ? പിന്നെ ഫോൺ വിളികളായി, കത്തുകളായി, പത്രസമ്മേളനങ്ങളായി, പഞ്ചനക്ഷത്ര ഹോട്ടലുകളായി, വിദേശയാത്രകളായി... ഹൊ എന്തിന് വെറുതെ വേലിയിലിരിക്കുന്ന പാമ്പിനെ കൊണ്ട് വേല ചെയ്യണം?

കാലത്തുണർന്നാൽ മറ്റ് ഭോഷ്കന്മാരെ പോലെ കട്ടനടിക്കാൻ പോലും നിൽക്കാതെ ഒരു പിടി ഉമിക്കരി ഉപ്പ് ചേർത്ത് പല്ലുരച്ച് വയൽ വരമ്പിലൂടെ ഒരു നടത്തം. ആ പഞ്ഞിപ്പുല്ലിൽ ചവിട്ടി നടക്കുമ്പോൾ നെല്ലോലകളിൽനിന്ന് കാലിൽ വീണു നമസ്കരിക്കുന്ന വെള്ളത്തുള്ളികൾ പറയുന്നതെന്താണെന്നറിയാമോ? "രാമന്നായരെ നിങ്ങളൊരു ഭാഗ്യവാനല്ലേ" എന്ന്. വയൽ വരമ്പ് ചെന്നു നിൽക്കുന്ന 'T' ജംഗ്ഷനിൽ കുറുകെ കിടക്കുന്ന പുഴ. കുളീം നാലുചാൽ നീന്തലും കഴിഞ്ഞ് കുറിയോണ്ട്... പിഴിഞ്ഞുടുത്ത്, നനഞ്ഞമുണ്ട് പിഴിഞ്ഞുണക്കാനിട്ട് പടവുകൾ കയറി പുഴക്കര ഭഗവതീടെ മുമ്പിലെത്തി നിൽക്കുമ്പോൾ, ഉദയസൂര്യന്റെ പൊൻ കിരണങ്ങളണിഞ്ഞിരിക്കുന്ന ഭഗവതി ചോദിക്കുന്നതെന്താണെന്നറിയാമോ? "ന്റെ രാമന്നായരെ ഇത്ര സന്തോഷവാനായ ഒരു മനുഷ്യന് പാവം പിടിച്ച ഈ ഭഗവതിപ്പെണ്ണ് എന്ത് തരാനാണ്...." എന്ന്. അപ്പോ ഞാൻ പറയും "പെണ്ണെ ഭഗവതീ ഈ സന്തോഷത്തിന്റെ ചിട്ട ഇങ്ങനെ നിലനിർത്തി തരണേ" എന്ന്.

മൂന്ന് ചാല് പ്രദക്ഷിണം വച്ച് വാഴയിലക്കീറിൽ പൊതിഞ്ഞ ഒരു നുള്ളു കുങ്കുമം എളിയിൽ തിരുകി പടവിറങ്ങുമ്പോൾ ബാലൻകുട്ടീടെ വക പരിഭവം പതിവ്. "രാമേട്ടാ ബാലന്റെ കടേന്ന് ചായ കുടിക്കാത്ത ഏക വിദ്വാൻ നിങ്ങളാണ്" എന്ന്. എന്താ കാര്യം എന്നറിയാമോ?

തിരികെ വരുന്ന വരവിൽ, ന്നെ വയൽ വരമ്പത്ത് കാണമ്പോ, അപ്പോ കറന്നെടുത്ത പാല് ചേർത്ത് നീ തീർക്കുന്ന ചായ....., ന്റെ അമ്മൂ..... സാക്ഷാൽ സീതമ്മ, ഓടെ കെട്ട്യോൻ ശ്രീരാമന് പോലും കൊടുത്തിട്ടുണ്ടാവില്ല ഇങ്ങനൊരു ചായ.... പത്രത്തിലെ പ്രധാന വാർത്തകളിൽ കണ്ണും നട്ട് ഞാനെന്തിനാ വടക്കെപ്പുറത്തെ ചെമ്പകച്ചോട്ടിൽ ചാരുകസേരയിട്ടിരിക്കുന്നത് എന്ന് നിനക്കറിയാമോ?

അടുക്കളപ്പടികടന്ന് ഇളം തിണ്ണചുറ്റി വരുന്ന ഒരു കാറ്റിന്റെ സഞ്ചാരം ഉണ്ട്. നീ സാമ്പാറ് കടുക് താളിച്ച് ആദ്യത്തെ ദോശ പരത്തുമ്പോഴെ ചെമ്പകചോട്ടിലെത്തി കാറ്റെന്നോടു പറയും. "ലോകത്തെവിട്യേം കിട്ടാത്ത ദോശേം സാമ്പാറും റെഡ്യായിരിക്ക്ണൂ...രാമന്നായരേ...." ന്ന്.

രണ്ടു ദോശ സാമ്പാറു കൂട്ടി, രണ്ടെണ്ണം തേങ്ങാ ചട്ടിണി കൂട്ടി, പിന്നെ രണ്ടെണ്ണം മുളകുചമ്മന്തി കൂട്ടി. മുളകു ചമ്മന്തി കൊണ്ട് പുകഞ്ഞ നാവിൻ തുമ്പത്തേക്ക്, അമ്മൂ ..... നിന്റെ ഹോം മേഡ് പൊടി ഇട്ട് തിളപ്പിച്ച് പതപ്പിച്ച പാൽക്കാപ്പി ചെന്നു ചേരുമ്പോൾ നാവ് പറയുന്നത് എനിക്കു കേൾക്കാം. "ലോകത്ത് എവിടെയെങ്കിലും ഒരു സ്വർഗമുണ്ടെങ്കിൽ അത് നിങ്ങളുടെ വായിലാണ് രാമന്നായരേ....." എന്ന്

വല്ലച്ചാതിയും നടന്ന് ചാരുകസേര കിടക്കുന്ന കോലായിലെത്തി കഞ്ഞിക്കിണ്ണം കമഴ്ത്തിയത്പോലെയുള്ള വയറും തടവി കിടന്നാൽ പിന്നെ സാരിക്കടയിൽ വമ്പിച്ച സെയിൽ എന്ന് കേട്ടാൽപോലും പോകാതെ നിദ്രാ ദേവി കൂടെക്കിടന്ന് പിടിമുറുക്കും. മഹാലക്ഷ്മി കച്ചവടക്കാരൻ ഔസേപ്പിന്റെ മടിയിലേറി അണഞ്ഞാൽ മാത്രമേ പിന്നവൾ പിടി വിടുകയുള്ളൂ. പിന്നെ ഔസേപ്പിനൊപ്പം അടുത്ത ദിവസത്തേയ്ക്കുള്ള കച്ചവട സാമഗ്രികൾ തേടി വാഴത്തടത്തിലേയ്ക്കോ, കൊപ്രാക്കളത്തിലേയ്ക്കോ, അടയ്ക്കാ പുരയിലേയ്ക്കോ ഒരു സവാരി ഗിരിഗിരി. കച്ചവടം ഉറപ്പിച്ച് പണിക്കളത്തിലെത്തി ദർശനം നടത്തി മടങ്ങുമ്പോൾ പിന്നാമ്പുറത്തെ പാടവരമ്പിലൂടെത്തന്നെ വരുവാൻ പ്രത്യേക ശ്രദ്ധ, എന്താകാര്യം?

ലെഞ്ചിന്റെ മെനു കാർഡുമായി വെയ്റ്റർ കാറ്റ്മാൻ ചെമ്പകച്ചോട്ടിൽ പതുങ്ങിക്കിടക്കുന്നുണ്ടാവും.

കയ്യും മുഖവും കഴുകി നേരെ ലഞ്ച് പ്ലേറ്റിനു മുന്നിൽ.

കാലത്ത് കൊണ്ട് വന്ന് ഉത്തരപ്പടിയിൽ സൂക്ഷിച്ച സിന്ദൂരം നെറ്റിയിലും പ്രായം വിടർത്തിയ മുല്ലപ്പൂക്കൾ നെറുകയിലും ചാർത്തി പ്രസാദവതിയായി നീ വിളമ്പിത്തരുന്ന ത്രീ കോഴ്സ് ലഞ്ചടിച്ചാൽ,.... അമ്മൂ ഏത് വിഷയ ദാരിദ്ര്യക്കാരനും വിഷയം വന്ന് നിറയും. അങ്ങനെ നാലുമണിവരെ കോലായിലിരുന്ന് എഴുത്തിന്റെ കോലാഹലം.

എന്തിനിങ്ങനെ എഴുതിക്കൂട്ടുന്നു? ഇതൊക്കെ ഒന്നച്ചടിപ്പിച്ച് കൂടെ എന്നല്ലെ നിന്റെ ചോദ്യം? "പേരും പ്രശസ്തിയും വന്നു ചേരുമ്പോൾ ശാന്തിയും സമാധാനവും പൊയ്പ്പോകും." എന്ന് പറഞ്ഞ മഹാൻ ആരാണെന്നറിയുമോ?

"ഈ രാമന്നായരന്ന്യേ...."

# കഥാകൃത്ത്

"ഓമനക്കുട്ടന്റെ അമ്മ ഓമനക്കുട്ടി നല്ലവളായിരുന്നു, സുന്ദരിയായിരുന്നു സുശീലയായിരുന്നു, എസ്. ജാനകിയായിരുന്നു, പക്ഷെ അവൾ സുകുമാരിയല്ലായിരുന്നു"

"നിർത്ത്... നിർത്ത്.. എന്തോന്നടേയ്? സുശീലയായിരുന്നു... സുകുമാരിയല്ലായിരുന്നു. കൊണ്ട് പോടേയ് ഓരോ ചവറെഴുതി കഥയാണ് എന്ന് പറഞ്ഞ് കൊണ്ടുവരും. മനുഷ്യരെ മെനക്കെടുത്താൻ."

കുമ്പളശ്ശേരി കുമാരൻ എന്ന കഥാകൃത്തിന്റെ ഹൃദയം പൊൻജിത്ത് എന്ന സിനിമാ സംവിധായകൻ പിച്ചിച്ചീന്തി ചുരുട്ടി ഉരുട്ടി വലിച്ചെറിഞ്ഞു. കഥാകൃത്താകാൻ കച്ചകെട്ടി പാന്റ്സും ഇട്ടിറങ്ങിയ കുമാരൻ കുലുങ്ങിയില്ല. തുണി സഞ്ചിയും വാരിപ്പെറുക്കി വെറും വെയിലത്ത് വായിൽ നോക്കി വെള്ളം പോലും കുടിക്കാതെ വെക്കം വെക്കം വടക്കോട്ട് നടന്നു. എത്രദൂരം നടന്നു എന്നോ എത്രനേരം നടന്നു എന്നോ എന്തിനായ് നടന്നു എന്നോ അദ്ദേഹം അറിഞ്ഞില്ല.

തന്റേതല്ലാത്ത കുറ്റം കൊണ്ട് അഥവാ തങ്ങളുടേതല്ലാത്ത കുറ്റങ്ങൾ കൊണ്ട് പൊന്തക്കാട് കയറി മറഞ്ഞുപോയ ആ കുന്നിൻ ചെരുവിലെത്തി, വൈകുന്നേരങ്ങളിൽ ഗ്ലാസു മുട്ടിച്ച് കളിക്കുന്ന കുറെ സ്നേഹധനന്മാരുടെ ഇടയിലെത്തിയപ്പോഴാണ് കുമാരന് തന്റെ മസ്തിഷ്കം ഇപ്പോഴും ഉണർന്നിരിക്കുന്നു എന്ന് മനസ്സിലായത്. പെട്ടെന്ന് തന്നെ അവർ അദ്ദേഹത്തിന് പരിചയക്കാരനായി. ഒരു കഥയെങ്കിലും സിനിമയാക്കാതെ കള്ളു കൈകൊണ്ട് തൊടില്ല എന്ന് പ്രതിജ്ഞയെടുത്തിരുന്നത് കൊണ്ട് ഒരുമുൻപരിചയവും ഇല്ലാതിരുന്നിട്ടും മറ്റൊരു ഡ്രിങ്കന്റെ ഷെയർ കൂടി സ്വന്തം കൈയിൽ നിന്നു ചിലവാക്കി ആ അപരിചിതന്റെ കൈകൊണ്ട് മദ്യം പാനം ചെയ്യേണ്ട ഗതിവന്ന കുമാരനായ കുചേലന്.

അങ്ങനെ മറ്റൊരു കുടിയൻ കള്ളുകുടിപ്പിച്ച് കൊടുത്തപ്പോൾ പണ്ട് അമ്മ പാൽഗ്ലാസ് പിന്നിൽ ഒളിപ്പിച്ച് കടത്തിക്കൊണ്ടുവന്ന് ഉരൽപ്പുരയിൽ വച്ച് കുമാരനെ കുടിപ്പിക്കുന്ന രംഗം മനക്കണ്ണിൽ തെളിഞ്ഞുവരികയും അതിന്റെ ഭാഗമായി മുഖത്തെ കണ്ണിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകുകയും ചെയ്തു. പാവം അമ്മ, നാലുപെൺമക്കൾക്ക് ശേഷം ഉണ്ടായ ഒരാൺതരിക്ക് ഇത്തിരി പാൽ കൊടുക്കാൻ സമ്മതിക്കാതെ പശുവിനെ കറന്നാലുടൻ മുഴുവൻ പാലും അളന്നെടുത്ത് ചായക്കടയിലെ ആവശ്യത്തിനായി മാറ്റിവയ്ക്കുന്ന അച്ഛൻ. അമ്മ അതിൽനിന്നൊരു ഗ്ലാസ് മുക്കിയെടുത്ത് ഊതിക്കാച്ചിയാറ്റി പഞ്ചാരവാക്കുമായി പഞ്ചാരകുഞ്ചുവായ മകനെത്തിച്ചു കൊടുത്തു. അതച്ഛനറിഞ്ഞപ്പോഴുണ്ടായ പുകിലുകളോർത്തപ്പോൾ കണ്ണുനീർധാരധാരയായി പ്രവഹിക്കാൻ തുടങ്ങി. ആശ്വാസവാക്കുകളുമായി സ്നേഹധനന്മാർ ചുറ്റും കൂടി. പോട്ടെ മോനെ ദിനേശാ... സവാരിഗിരിഗിരി, കളിയെന്നോട്ടു വേണ്ട കളിപഠിപ്പിക്കും എന്നിങ്ങനെ അവർക്കറിയാവുന്ന സകല ആശ്വാ

സവചനങ്ങളും പറഞ്ഞ് നോക്കിയിട്ടും കണ്ണുനീർ അടങ്ങാതിരുന്നപ്പോൾ കാര്യങ്ങൾ മൂണ്ടുപറിച്ചടിയിൽ കലാശിക്കുമോ എന്ന് കുമാരനായ കുപ്പായക്കാരൻ ഭയന്നു. ഇത്തരുണത്തിൽ ഇഴഞ്ഞും കുഴഞ്ഞും പൊന്തക്കാടിന് വെളിയിലെത്തിയപ്പോൾ വെളിച്ചക്കുറവ് ഒരു കുറവായനുഭവപ്പെടാതെ അന്തരീക്ഷത്തിലൂടെ ഒരു കുമാരൻ താടിയായി (അപ്പൂപ്പൻ താടി ക്ഷമിക്കാനപേക്ഷ) തെന്നിത്തെന്നി നീങ്ങി. കണ്ടിട്ടില്ലാത്ത നാടും കാണാത്തവഴികളും ആയതുകൊണ്ട് സംശയമേതുമില്ലാതെ കുമാരനാശാൻ മുന്നോട്ട് കുതിച്ചു.

ഇരുട്ടായിരുന്നതുകൊണ്ടോ അതോ വെളിച്ചമില്ലാതിരുന്നത് കൊണ്ടോ എന്നറിയില്ല ഗേറ്റ് തുറന്ന് കിടന്നിരുന്ന ഒരു വലിയ മുറ്റത്ത് പ്രവേശിച്ച വിവരം കുമാരൻ മനസ്സിലാക്കാൻ വൈകി. കുരയ്ക്കാതിരുന്നത് കൊണ്ടും കടിക്കാതിരുന്നതു കൊണ്ടും അവിടെ പട്ടിയില്ല എന്ന് മനസ്സിലാക്കിയ കുമാരൻ "വീട്ടുകാരെ വീട്ടുകാരെ" എന്ന് ഉച്ചത്തിൽ വിളിക്കാൻ തീർച്ചയാക്കി. ഉടനടി തന്നെ മനസ്സുമാറ്റി കോളിങ് ബെല്ലിൽ വിരലമർത്താനാഞ്ഞു. വീണ്ടും മനസ്സുമാറിയതിനാൽ കതകിൽ തട്ടാനുള്ള ശ്രമവുമായി കതകിനടുത്തെത്തി. ഇങ്ങനെ പലതവണ മനസുമാറുന്നതിനിടയിൽ സുന്ദരിയായ നിദ്രാദേവി കുമാരനിൽ പ്രസാദിച്ച വിവരം കുമാരനറിഞ്ഞതേയില്ല.

മണിക്കൂറുകൾക്ക് ശേഷം എന്തോ ശബ്ദം കേട്ടുണർന്ന കുമാരന് സ്ഥലകാല ബോധമോ, മറ്റെന്തെങ്കിലും ബോധമോ ഇല്ലാതിരുന്നതുകൊണ്ട് ഉരുണ്ടുപിരണ്ടെണീറ്റിരുന്ന് തുണിസഞ്ചിയിൽ അവശേഷിച്ച ദ്രാവകം വയറ്റിലാക്കി മറ്റൊരു കഥകൂടി എഴുതിത്തീർത്തു. തലയുയർത്തി നോക്കിയപ്പോൾ സാക്ഷാൽ സരസ്വതിദേവിയോ മുന്നിൽ എന്ന് കുമാരൻ കരുതിയെങ്കിലും വെളുത്ത ദാവണിയണിഞ്ഞ് വെളുത്ത പാൽ നിറച്ച കുപ്പി കയ്യിൽ പിടിച്ചുനിൽക്കുന്നത് ഒരു പാൽക്കാരികുട്ടിയാവും എന്ന് കുമാരന്റെ കൂർമ്മ ബുദ്ധി കണ്ടുപിടിച്ചു. തന്നെകണ്ടതും തിരിഞ്ഞോടിയ കുട്ടിയെ "നിൽക്കു കുട്ടീ" എന്ന് വിളിക്കാൻ തുനിഞ്ഞെങ്കിലും അത് തൊണ്ടയിലുടക്കി ഒരു തുമ്മലായി വെളിയിൽ വന്നു. എഴുതിതീർത്ത കഥയിലേയ്ക്ക് കുമാരൻ ഒരിക്കൽ കൂടി കടന്ന് ചെല്ലാൻ ശ്രമിച്ചു എങ്കിലും ഏതാണ്ട് പത്തുമിനിട്ടിനുള്ളിൽ ഒരു പത്താളെയും കൂട്ടി 'പാൽകുട്ടി' മടങ്ങിവന്നു.

ഇങ്ങനെയുള്ള അവസരങ്ങളിൽ 'നിന്നുകൊള്ളണോ' അതോ 'ഓടിച്ചിട്ടുപിടിക്കാൻ' അവർക്കൊരവസരം നൽകണോ എന്ന് ചിന്തിക്കുന്നതിനിടയിൽ ഒരു പ്രയോജനവുമില്ലാത്ത ചില ആലോചനകൾ കൂടി കടന്നുവന്നു. കള്ളുകുടിച്ചു ബോധമില്ലാതെ ആരുടെയോ ഉമ്മറക്കോലായിൽ കിടന്നുറങ്ങിയത് പോട്ടെ, കുമാരാ നീ ഉണർന്നെണീറ്റ് കാര്യങ്ങൾ മനസിലാക്കിയപ്പോൾ സാവധാനം നടന്ന് രക്ഷപ്പെട്ടുകൂടായിരുന്നോ? അതുമല്ലെങ്കിൽ പാൽക്കാരി പെണ്ണു വന്നുപോയിക്കഴിഞ്ഞപ്പോൾ കിട്ടിയ വിടവിൽ ഓടി രക്ഷപ്പെട്ടു കൂടായിരുന്നോ? എന്തായാലും വന്നതുവന്നു. 'ഇനിയെന്ത്' എന്ന് ചിന്തിച്ചവശനായി നിൽക്കുന്ന കുമാരന്റെ മുന്നിലേക്ക് പാൽക്കുട്ടിയുടെ നേതൃത്വത്തിലുള്ള അയൽക്കൂട്ടം പാഞ്ഞടുത്തു.

വന്നവർ വന്നവർ കുമാരന്റെ കാലിലേയ്ക്ക് കമിഴ്ന്നു വീണുകൊണ്ടിരുന്നു. 'പൊന്നുസാറെ', 'മഹാഭാഗ്യം ഒന്ന് കാണാൻ കഴിഞ്ഞല്ലോ' എന്നീ മഹദ് വചനങ്ങളും അവർ ഉരുവിട്ടുന്നുണ്ടായിരുന്നു. "ഇന്നലെ രാത്രി ഏഴര എട്ടുമണി വരെ സാറിനെ നോക്കി നോക്കിയിരുന്നതായിരുന്നു, പിന്നെ ഞങ്ങളു പോയിക്കെടന്നു" എന്നും ഒരാൾ പറഞ്ഞു. "നിങ്ങൾ പ്രതീക്ഷിച്ചിരുന്ന ആൾ ഞാനല്ല, വഴിതെറ്റി വന്ന ഒരു കുഞ്ഞാട് എന്നു പറഞ്ഞുകൂടാ എങ്കിലും ഒരു ചെറിയ കുറുക്കൻ, അതാണ് ഞാൻ" എന്നൊക്കെപ്പറയണം എന്ന് കുമാരൻ ആഗ്രഹിച്ചെങ്കിലും അതിനൊന്നും ഇടകൊടുക്കാതെ അവർ അദ്ദേഹത്തെ പൊക്കിയെടുത്ത് ആനന്ദനൃത്തമാടി. "സാറിനൊരു കുറവും വരാതെ നോക്കണം എന്ന് പറഞ്ഞ് വീടിന്റെ താക്കോൽ രാമചന്ദ്രണ്ണൻ എന്നെയാണ് ഏൽപ്പിച്ചത്." എന്ന് ഒരു മഹാനുഭാവൻ അവകാശപ്പെട്ടപ്പോൾ പല്ല് തേയ്ക്കാൻ കൂടി സമ്മതിക്കാതെ അപ്പവും മുട്ട റോസ്റ്റും, പുട്ടും

കടലയും എന്റെ വായിലേക്ക് തള്ളിക്കയറ്റണം എന്നു കൂടി ആ കോൺട്രാക്ടിൽ ഉണ്ട് എന്നു ഞാൻ സന്തോഷത്തോടെ മനസ്സിലാക്കി. വാദത്തിന് വേണ്ടിയെങ്കിലും ദൈവമില്ല എന്ന് പറയുന്നവരുടെ പക്ഷം വല്ലപ്പോഴും എങ്കിലും ചേർന്നതിൽ ലജ്ജിച്ച് തലകുനിക്കാൻ തുനിയുമ്പോഴേയ്ക്കതാ തന്റെ മുന്നിൽ നേരത്തെ തന്റെ രക്ഷകർത്താവായി പ്രഖ്യാപിച്ച മഹാനുഭാവൻ കൈയ്യിൽ ഒരു ഫോണുമായി പ്രത്യക്ഷപ്പെട്ടു.

"ഫോണിൽ രാമചന്ദ്രണ്ണനാണ്, സാറിവിടെ എത്തി എന്നുപറഞ്ഞിട്ട് വിശ്വാസമാകുന്നില്ല, അങ്ങനല്ലത്രെ അവിടെ കിട്ടിയ വിവരം, സാർ തന്നെ ഒന്നു സംസാരിക്കൂ." ഫോൺ തന്റെ കൈയിലേക്ക് കൈമാറി. എന്റെ തൊട്ടുമുമ്പിൽ നിൽക്കുന്ന ഭാവി തനിക്കിപ്പോൾ നന്നായിട്ടു കാണാം. (മനപ്പൂർവമല്ലാത്തതെങ്കിലും ഭവിച്ചുപോയ ആൾമാറാട്ടം പൊളിയാൻ പോകുന്നു.) ഈ ഫോൺ കോളിന്റെ അവസാനം ഇക്കൂടി നിൽക്കുന്നവരെല്ലാവരും കൂടി തന്നെ ഇടിച്ച് പപ്പടമാക്കി റോഡിൽ കളയും, അതുമല്ലെങ്കിൽ പോലീസിലേൽപ്പിക്കും. വകുപ്പ് ആൾമാറാട്ടം, വഞ്ചന. എന്തായാലും കൈനീട്ടി ഫോൺ വാങ്ങി. ബീപ്, ബീപ് ശബ്ദം മാത്രമേ കേട്ടുള്ളൂ. കട്ടായിപ്പോയ ഫോണിൽ തിരിച്ചുവിളിക്കാനുള്ള ശ്രമങ്ങളും പരാജയപ്പെട്ടു. ദൈവമുണ്ട് എന്ന പക്ഷക്കാരുടെ കൂടെ ഉറച്ച് നിൽക്കാനുള്ള തീരുമാനം ആ നിമിഷം തന്നെ ദൃഢമാക്കി.

ഇനി ഒരു ദീർഘനിശ്വാസം വിട്ടുകളയാം എന്നു കരുതുമ്പോഴുണ്ട് വെളിയിലൊരു കാറെത്തി നിൽക്കുന്ന ശബ്ദം. കൂടെ ഒരു ചെറിയ ആരവവും കേട്ടു. കണ്ടാൽ പരീക്കുട്ടി എന്നു വിളിക്കാൻ കൊതി തോന്നിപോകുന്ന ഒരു കുട്ടി പാഞ്ഞ് അകത്തേക്കു ഓടി കയറി വന്നു. എം. എൽ.എ. വന്നിരിക്കുന്നു എന്ന് അവൻ മൂന്നുവട്ടം കൂകിപ്പറഞ്ഞു. എല്ലാവരും കേട്ടു എന്നുറപ്പുവരുത്തിയിട്ട് പാഞ്ഞു തന്നെ പുറത്തേക്ക് പോയി. എം. എൽ. എ. യും പരിവാരത്തേയും നയിച്ചുകൊണ്ട് വീണ്ടും ഉള്ളിലെത്തി. തൊഴുതു പിടിച്ച കൈകളും വീട്ടിൽ നിന്നിറങ്ങിയപ്പോൾ നന്നെ പരത്തിവച്ച പുഞ്ചിരിയുമായി എം. എൽ. എ. ധൃതിപ്പെട്ട് പ്രവേശിച്ചു. കൈയിലും തോളിലുമായി എന്നെ ആകമാനം പിടിച്ച് കുലുക്കിയിട്ട് എന്നെ കാണുക എന്ന അദ്ദേഹത്തിന്റെ ചിരകാലാഭിലാഷം പൂവണിഞ്ഞതിലുള്ള സന്തോഷം അറിയിച്ച് സോഫയിൽ ആസനസ്ഥനായി.

"രാത്രി വൈകിയിട്ടും എത്തിയതായി വിവരം കിട്ടിയില്ല. എന്തുപറ്റി ഒരുപാട് രാത്രിയായോ എത്തിയപ്പോൾ?" ചോദ്യം എം. എൽ. എയുടെ വക.

ഉത്തരം പറയാൻ വായ തുറക്കുംമുൻപ് സദസിൽ നിന്നും ഒരു വർണന തന്നെ ഉണ്ടായി. രാവിലെ പാൽക്കുട്ടി വന്ന് വെറും നിലത്ത് മുഷിഞ്ഞ വേഷത്തിൽ എന്നെ കണ്ടെത്തിയതു മുതൽ കഥാപ്രസംഗം കെങ്കേമമായി.

"എന്നാൽ പിന്നെ വേഗം തയാറായി വന്നോളൂ സമ്മേളനം തുടങ്ങാൻ ഇനി അധിക സമയമില്ല." എം.എൽ.എയുടെ നിർദ്ദേശം.

"ഏത് സമ്മേളനം, എന്ത് സമ്മേളനം. അതു തുടങ്ങിയാലെനിക്കെന്ത്?" എന്നൊക്കെ ചോദിക്കണം എന്നാഗ്രഹിക്കുമ്പോഴേക്ക് കൂടിനിന്ന പരിവാരങ്ങൾ വീണ്ടും സഹായത്തിനെത്തി. "സാർ ഇന്നത്തെ സമ്മേളനത്തിൽ പ്രസംഗിക്കുന്നുണ്ട് അല്ലെ" എന്ന ചോദ്യത്തിൽ നിന്ന് എനിക്കാവശ്യമായ ഉത്തരം ഞാൻ വലിച്ചെടുത്തു. ഉത്തരം വലിച്ചെടുത്തിട്ടും താഴെപ്പോകാത്ത മേൽക്കൂരയായി ക്ഷയിക്കാത്ത ബോധവുമായി ഞാൻ നീണ്ടു നിവർന്നിരുന്നു.

എന്നെ സമ്മേളനത്തിൽ പ്രസംഗിക്കാൻ കൊണ്ടുപോകുക എന്നതാണ് ശ്രീമാൻ എം. എൽ. എയുടെ ആഗമനോദ്ദേശ്യം. ഞാൻ മനസിലാക്കി.

ഇതിനിടെ എം. എൽ. എ. പരിവാരസമേതം മാറിനിന്ന് ഒരു കുശുകുശുപ്പു സമ്മേളനം നടത്തി. എം. എൽ.എയ്ക്ക് കാര്യം പിടികിട്ടിക്കാണും. പോലീസിനെ ഇങ്ങോട്ട് വിളിക്കണോ അതോ തന്നെ അങ്ങോട്ടു കൊണ്ടുപോകണോ എന്നതായിരിക്കും ചർച്ചാവിഷയം.

എന്ന് എനിക്ക് ഉറപ്പായി. ഭാഗ്യവശാൽ വീണ്ടും എനിക്ക് തെറ്റി.

"സാറിന്റെ ഫ്ലൈറ്റ് വൈകിയത് കൊണ്ടാവും പെട്ടി ഒന്നും ഇല്ലാതെ വന്നത് എന്ന് ഇവർ പറയുകയായിരുന്നു" എം. എൽ. എ. സർ മൊഴിഞ്ഞു.

"ങ്ഹെ ....ഫ്ലൈറ്റോ?" ചോദ്യം വായിൽ നിന്ന ചാടിപ്പോയി... മിഴിഞ്ഞുപോയ കണ്ണുകളെ വേഗം പൂർവ്വസ്ഥിതിയിലാക്കി ഉത്തരം പറഞ്ഞൊപ്പിച്ചു. "അതെയതെ.... നേര് തന്നെ"

"സാരമില്ല സമ്മേളനസ്ഥലത്തേക്ക് പോകും വഴി നമുക്കൊരു കുപ്പായം വാങ്ങാവുന്നതേയുള്ളൂ". എന്റെ മുഷിഞ്ഞ വേഷം നോക്കി എം.എൽ.എ സാറിന്റെ കമന്റ്.

"ശരി ഞാനൊന്ന ഫ്രഷ് ആയി വരാം" എന്ന ഉറപ്പിൻമേൽ ബാത്തിറൂമിനുള്ളിലേക്ക് രക്ഷപ്പെട്ടു. കതകടച്ച് ഒരു ദീർഘനിശ്വാസം വിട്ടശേഷം ഭിത്തിയിൽ ചാരി കണ്ണടച്ചു നിന്ന് ആലോചന തുടങ്ങി. ഇതിനാണോ ഊരാക്കുടുക്ക് എന്ന് പറയുന്നത്. അതോ വഴിയേ പോയ വയ്യാവേലി എന്നോ! എങ്ങനെയാണ് രക്ഷപ്പെടുക?

ഈ പാവങ്ങളും അവരുടെ എം. എൽ. എ.യും ഏതോ വി.വി.ഐ.പിയെ പ്രതീക്ഷിച്ചിരുന്ന നേരത്ത് ഈ പാവപ്പെട്ടവൻ വന്ന കയറി. ആ വിദ്വാൻ ഞാനല്ല എന്ന് പറയുവാനുള്ള നട്ടെല്ല് നാവിനുണ്ടായില്ല. ഇനി എന്താണ് സംഭവിക്കുക? സമ്മേളനസ്ഥലത്ത് ഒരുവൻ അഥവാ പലവൻമാർ ഈ പാവപ്പെട്ടവൻ 'ലവനല്ല' എന്ന് തിരിച്ചറിയും. പിന്നീടുള്ള കാര്യം ചിന്തിക്കുകയേ വേണ്ട. ഇനി അഥവാ ആരുടെയും കണ്ണിൽപ്പെടാതെ സ്റ്റേജ് വരെ എത്തിയാലോ? കണക്ക് സാറിന് മുന്നിൽനിന്ന് വിയർക്കുംപോലെ വിയർത്ത് വിറയ്ക്കും. ബോധം നഷ്ടപ്പെട്ടു കിട്ടിയാൽ ഭാഗ്യം. ഇല്ലെങ്കിൽ അങ്ങനെയൊന്നഭിനയിച്ചെടുക്കണം. വേറെ മാർഗ്ഗം ഒന്നും തൽക്കാലം കാണുന്നില്ല. നിശ്ചയിച്ചുറപ്പിച്ച മനസുമായി കയ്യും മുഖവും കഴുകി പുറത്ത് കടന്നു. എം. എൽ.എ യുടെ കാറിൽ സുഖയാത്ര. തുണിസഞ്ചി മടിയിൽ വച്ച് ഉറക്കം നടിച്ച് ഒരു യാത്ര.

"സാർ തുണിക്കടയെത്തി", എന്ന് എം.എൽ.എ.

"മണിയാ സാറിന്റെയൊപ്പം നീകൂടെ ചെല്ലൂ." എന്ന നിർദ്ദേശം ശിങ്കിടിക്ക് . "സാറിനുള്ള തുണി എന്റെ വക" എന്ന് സ്നേഹക്കൂടുതലോടെ തന്റെ തുണിസഞ്ചി വാങ്ങി സ്വന്തം മടിയിൽ വച്ച് സ്നേഹപൂർവ്വം ചിരിച്ചു എം എൽഎ. എന്റെ തുണിസഞ്ചിയിലുള്ള പണം ചെലവാക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ച് കരുതലോടെ എന്നെ യാത്രയാക്കി. കയ്യിലാകെയുള്ള ഇരുന്നൂറ്റൻപത് രൂപ കുപ്പായത്തിന്റെ പോക്കറ്റിലുണ്ടെങ്കിലും തുണിസഞ്ചി അടർത്തിമാറ്റിയപ്പോൾ അമ്മയെ പിരിഞ്ഞ കുഞ്ഞിന്റെ ഭാവം എനിക്ക്.

പെട്ടെന്ന് തന്നെ തുണിത്തരങ്ങൾ തിരഞ്ഞെടുത്തു. മണിയൻ ശിങ്കിടി സ്നേഹാദരങ്ങൾ കൊണ്ട് വീർപ്പ് മുട്ടിച്ച് കൊണ്ട് കൂടെ. ഏറിവരുന്ന ഹൃദയമിടിപ്പുമായി ഞാനും. പുതിയ തുണിത്തരങ്ങളും അണിഞ്ഞ് തല്ലുകൊണ്ടാൽ ഒരു പക്ഷെ വേദനിക്കില്ലായിരിക്കും. സ്വന്തം കോമഡി സ്വയം ആസ്വദിച്ചപ്പോൾ ചിരിയ്ക്ക് പകരം വന്നത് ദേഷ്യം. തുണിക്കടയുടെ രണ്ടാം നിലയിലെ ചില്ലുജനാലയിലൂടെ താഴേക്ക് നോക്കി. കാറിൽ ചാരിനിന്ന് ആരോടോ ഫോണിൽ സംസാരിക്കുന്ന എം.എൽ.എ, ഇടയ്ക്കിടെ കണ്ട് തൃപ്തിപ്പെടാത്തതുപോലെ കണ്ണ് വാച്ചിലേയ്ക്ക്.

സത്യസ്ഥിതി മനസിലാക്കുമ്പോൾ എം.എൽ.എയുടെ വായിൽനിന്നും വരുന്ന അസഭ്യവർഷം വെറുതെ ഒന്ന് ഓർത്തു നോക്കി. ഇടി മുഴുവൻ മണിയന്റെ വകയാവും, പിന്നെ നാട്ടുകാർ പിന്നീട് പോലീസ്.

"സർ" വിളികേട്ട് ഞെട്ടിത്തിരിഞ്ഞ് നോക്കി. ഭംഗിയായി പായ്ക്ക് ചെയ്ത തുണി ബാഗുമായി മണിയൻ. "സർ, ഡ്രസിംങ് റൂമിൽ കയറി വസ്ത്രം മാറ്റി വന്നോളൂ. ഞാൻ താഴെ കാത്ത് നിൽക്കാം". മണി പടവുകളിറങ്ങി താഴേയ്ക്ക്. ഡ്രസിംങ് റൂമിൽ കയറി കതകടച്ചതും തലയിൽ ബുദ്ധി ഉദിച്ചതും ഒരുമിച്ച്.

കതക തുറന്ന് പുറത്ത് വന്നു. ഡ്രസിന്റെ പായ്ക്കറ്റ് കയ്യിൽ. മുൻ വാതിലിൽ മണിയനും എം.എൽ.എയും ഉണ്ടാവും. ഒരു കടയല്ലെ വാതിലുകൾ വേറെ ഉണ്ടാവില്ലെ. എന്തായാലും ലിഫ്റ്റിനുള്ളിൽ പ്രവേശിച്ചു. കസേരയിട്ടൊരു കെളവൻ അതിലിരുപ്പ്.

'എങ്കെ പോണം സാർ'. "ഒന്നു ചെന്നൈ വരെ" എന്ന് പറയാൻ തോന്നി. പെട്ടെന്ന് കണ്ണ് '0'യിലുടക്കി. തൊട്ടുകാണിച്ച് തിരക്കി, ഇവിടെ എന്താണ്?"

"അണ്ടർഗ്രൗണ്ട് പാർക്കിങ് സർ" "അങ്കെ പോണം."

ലിഫ്റ്റിൽ കയറി അണ്ടർഗ്രൗണ്ടിൽ. അവിടെനിന്നും രണ്ട് വഴികൾ. ഒന്ന് കടയുടെ മുൻഭാഗത്തേയ്ക്ക് മറ്റേത് പിൻവശത്തെ റോഡിലേയ്ക്ക്. ഓടിയോ നടന്നോ റോഡിലെത്തി. കാത്ത് നിന്നതുപോലെ 'കാവിലമ്മ'.

കാവിലമ്മയോട് പറഞ്ഞു

"ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റ്."

അവിടെ വണ്ടി പോവില്ല സർ,

'സമ്മേളനത്തിന്റെ തിരക്ക്....

എങ്കിൽ പ്രൈവറ്റ് ബസ്റ്റാന്റ്.' കുലുങ്ങി കുലുങ്ങി കാവിലമ്മയുടെ ഗർഭപാത്രത്തിന്റെ സുരക്ഷിതത്വത്തിൽ മുന്നോട്ട് നീങ്ങുമ്പോൾ... ചിന്തിച്ചു.

പാവം എന്റെ തുണിസഞ്ചി. വർഷങ്ങളായി എഴുതിക്കൂട്ടിയത് മുഴുവൻ എം.എൽ.എ തൂക്കി വിൽക്കും. അതിലെവിടെയെങ്കിലും തന്റെ മേൽവിലാസം കുറിച്ചുവച്ചിട്ടുണ്ടോ? !!! എങ്കിൽ ഈ ചെറുകഥ ഒരു തുടർക്കഥയായി പരിണമിക്കും.



# ഭാഗം അഞ്ച്

## ഈ നൂറ്റാണ്ട്



# നേതാവ്

പരിശ്രമം ചെയ്യുകിലെന്തിനേയും
കൈകടത്തിലാക്കാൻ കഴിവുള്ള വണ്ണം
നാക്കതൊന്നങ്ങു നൽകിയത്രെ
ബിജുവിനെ പാരിലയച്ചതീശൻ

ക്ഷമിക്കണം, മഹത് വചനങ്ങൾക്ക് പാരഡിയെഴുതി നിന്ദകാണിക്കുകയാണ് എന്ന് കരുതരുത്. ഇതിൽ കുറവായി എന്തെങ്കിലും പറഞ്ഞാൽ ബിജുവിന്റെ പൂർണരൂപം വെളിപ്പെടുകയില്ല.

ഏതാണ്ട് ഏഴാം ക്ലാസിൽ പഠിക്കുന്ന കാലത്താണ് ബിജു, ബിജുവാണെന്ന് ബിജുവിന് മനസിലായത്. വാടകയ്ക്ക് എടുത്ത സൈക്കിളും വാടക കൊടുക്കാതെ കിട്ടിയ കൂട്ടുകാരുമായി ഇറക്കത്തിൽ കൈവിട്ട് ഓടിക്കുക എന്ന മഹത്തായ സർക്കസഭ്യാസത്തിൽ പങ്കെടുക്കുമ്പോഴാണ് അത് സംഭവിച്ചത്. ഇറക്കത്തിന്റെ മൂന്നിലൊന്ന് ഭാഗം വിജയകരമായി പൂർത്തിയാക്കി ബാക്കിഭാഗം ബിജുവും സൈക്കിളും ഉരുണ്ടു നീങ്ങാൻ നിർബന്ധിതരായി. സൈക്കിൾ ഉരുണ്ടതിനേക്കാൾ കൂടുതൽ ഉരുണ്ടത് ബിജുവായിരുന്നു, എങ്കിലും ഭാഗ്യമോ നിർഭാഗ്യമോ രണ്ട് പീസായിമുറിഞ്ഞ് വീണത് സൈക്കിൾ മാത്രം. ബിജു നിസാര പരിക്കുകളോടെ ഉരുളൽ അവസാനിപ്പിച്ച് എഴുന്നേറ്റ് നിൽക്കുകയും മത്സരത്തിൽ ജയിച്ച സന്തോഷത്തിൽ ഒന്നു ചിരിക്കുകയും ചെയ്തു. എങ്കിലും സൈക്കിളിന്റെ പരിതാപകരമായ അവസ്ഥ ദർശിച്ചപ്പോൾ മോഹാലസ്യത്തിലേയ്ക്ക് തെന്നിവീണു. പിന്നീട് ഉണർന്ന് എണീറ്റ് സൈക്കിൾ കഷണങ്ങളുമായി മരച്ചുവട്ടിലിരുന്ന് കരയുകയും കിട്ടാൻ പോകുന്ന അടിയെക്കുറിച്ചോർത്ത് വ്യാകുലചിത്തനാകുകയും ചെയ്തു.

കൂട്ടുകാരുമായി ഒരുപാട് ചർച്ച നടത്തിയ ശേഷം ആദ്യം തന്നെ സ്വപിതാവിനെ ദർശിച്ച് അടിവാങ്ങിക്കൂട്ടിയ ശേഷം പിതാവിനോടൊപ്പം സൈക്കിൾ ഷോപ്പുടമയായ രാജപ്പൻ ചേട്ടന്റെ സന്നിധി പൂകുവാൻ തീരുമാനമായി. ആദ്യം തന്നെ പിതാവിനെ ദർശിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങളായി കരുതപ്പെടുന്ന വസ്തുതകൾ ഇനി ചേർക്കുന്നു. ആദ്യം രാജപ്പൻ ചേട്ടനെ കണ്ടാൽ സൈക്കിൾ തകർന്ന കാര്യം അറിയുമ്പോൾ അദ്ദേഹത്തിന്റെ വക ആക്രോശം ഉണ്ടാകും. പിന്നീട് തന്നെയും പിടിച്ച് തന്റെ പിതാവിനെ ദർശിക്കാനെത്തും. ആ സമയത്ത് ആ പിതാവ് ഈ പുത്രനെ രാജപ്പേട്ടന്റെ മുന്നിലിട്ട് പൊതിരെ തല്ലുന്ന ദാരുണമായ രംഗം പാവം രാജപ്പേട്ടൻ കാണേണ്ടിവരും. ആ പാവം എന്തു പിഴച്ചു. മറിച്ച് പിതാവിന്റെ മർദ്ദനം സഹർഷം ഏറ്റുവാങ്ങിയതിന് ശേഷം രാജപ്പ സന്നിധിപൂകിയാൽ മേൽപ്പറഞ്ഞ രണ്ട് തിക്താനുഭവങ്ങളും ഒഴിവാക്കാം. ഒഴിവാക്കാൻ കഴിയാത്ത പൊതു

ഘടകം പിതാവിന്റെ ചൂരൽ പ്രയോഗം തന്നെ. പക്ഷേ താൻ ഇവന്മാരെയൊക്കെ തോൽപ്പിച്ച ആഹ്ലാദം അടിയുടെ മുറിവിൽ പുരട്ടി സംതൃപ്തനാവും, തീർച്ച. മാത്രമല്ല വിജയിക്ക് പ്രസ്താവിച്ചിരിക്കുന്ന എവർറോളിങ് ട്രോഫിയായ നാരങ്ങാ മിഠായി വായിൽ കിടന്ന് റോൾ ചെയ്യും എന്നത് വസ്തുതയ്ക്ക് മാറ്റുകൂട്ടുന്നു.

ഇത്രയെല്ലാം ചിന്തിച്ചുറപ്പിച്ച് കക്ഷികൾ സൈക്കിൾ പീസുകളുമായി ബിജുവിന്റെ പിതാവായവനും നാട്ടുകാർക്കേവർക്കും ഷാജിയേട്ടനായവനുമായ കുന്നുംപുറത്ത് ഷാജിയെ ഉന്നം വച്ച് യാത്ര തിരിച്ചു. പോകും വഴി ബിജുവിന്റെ ബുദ്ധി കൂടുതൽ ഉണർന്ന് പ്രവർത്തിച്ചു.

"നിങ്ങൾ ഒരു രൂപയല്ലേ എനിക്ക് നാരങ്ങാ മിഠായി വാങ്ങാൻ പോകുന്നത്"

ചോദ്യംകൂട്ടുകാരോട് "അതെ"

എന്ന് യുഗ്മഗാനം.

"അതിൽ അൻപത് പൈസ ഇപ്പോ തരൂ" എന്നായി ബിജുമോൻ.

അൻപതിനെ പൊട്ടിച്ച് രണ്ട് ഇരുപത്തിയഞ്ച് പൈസകളാക്കി ജംഗ്ഷനിലെ കുരിശിൻ തൊട്ടിയിലും ആലിൻചുവട്ടിലെ കാണിക്കപ്പാത്രത്തിലും തുല്യമായി നിക്ഷേപിച്ചു. സമയമുള്ളവർ സഹായിക്കട്ടെ!!!

ഈ പ്രത്യേക പരിപാടിയ്ക്ക് ശേഷം സംഘം ഏതാനും ചുവടുകൾ വച്ചപ്പോഴാണ് ആ അത്ഭുതം സംഭവിച്ചത്.

ജംഗ്ഷനിൽ അലങ്കാരമായി തൂക്കിയ വെള്ള, കാവി, പച്ച നിറമുള്ള തോരണങ്ങൾ നിർദ്ദയം അറുത്തുമാറ്റി രക്തവർണമാർന്ന കൊടിതോരണങ്ങൾ തൂക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു കൂട്ടം മനുഷ്യർ. ആരോ വിയർത്തുണ്ടാക്കിയ അപ്പം സ്വന്തം കൈപ്പത്തികൊണ്ട് ഉരുട്ടിവിഴുങ്ങി സ്ഥലത്തേയ്ക്ക് പാഞ്ഞെത്തിയ ചില ഖദറൻമാർ. നിങ്ങളുടെ സമ്മേളനം കഴിഞ്ഞതല്ലേ ഇന്ന് ഈ ജംഗ്ഷൻ തങ്ങൾക്കവകാശപ്പെട്ടത് എന്ന് ഒരു കൂട്ടർ. തങ്ങൾ തൂക്കിയ തോരണങ്ങൾ നൂറ്റാണ്ടുകളോളം ആ നാടിനൊരു ശാപമായി കിടക്കാനുള്ളതാണ് തൊട്ടുപോയാൽ തട്ടിക്കളയും എന്ന് മറ്റൊരു കൂട്ടർ. അടി, തട, കയ്യാങ്കളി എന്നിവ കണ്ട് മുറിഞ്ഞുപോയസൈക്കിളിന്റെ കാര്യം പൂർണമായി മറന്ന് നിൽക്കുന്ന മൂവർ സംഘം.

തൽസമയം ബിജുവിന്റെ ബുദ്ധി ഞെട്ടിയുണർന്ന് പ്രവർത്തിച്ചു തുടങ്ങി. ബിജുമോൻ മുറിഞ്ഞ സൈക്കിൾ കഷണങ്ങളുമായി അടിയന്മാരുടെ ഇടയിലേയ്ക്ക് പാഞ്ഞുകയറി. സൈക്കിൾ കഷണങ്ങൾ ധ്രുതഗതിയിൽ അവിടെ നിക്ഷേപിച്ച് മറുപുറം പൂകി. കൂട്ടുകാർ നോക്കിനിൽക്കെ അവൻ റോഡരികിലൂടെ ഓടിയകന്നു. സൂപ്പർ അടി, നിന്നു കാണണോ അതോ കൂട്ടുകാരനെ അനുഗമിക്കണോ എന്ന് ഒന്ന് ശങ്കിച്ചശേഷം അടിയുപേക്ഷിച്ച് സൈക്കിൾ പുറത്തേറി അവർ ബിജുമോന് പുറകിലായി പാഞ്ഞു. ബിജുമോൻ ഓടിക്കയറിയത് രാജപ്പേട്ടന്റെ കടയിലേയ്ക്ക്. ലോക്കൽ ചാനലുകൾ ഇല്ലാതിരുന്ന അക്കാലത്തും ചില ലോക്കൽ വാർത്തകൾ പരത്തുന്നതും പരത്തിയതിൽ ചിലതൊക്കെ ചുട്ടെടുക്കുന്നതും രാജപ്പണ്ണൻ സ്വന്തം കർമ്മമായി കരുതി നിർവഹിച്ചുപോന്നു. പത്രമാസികകളുടെ വിതരണച്ചുമതല നിർവഹിക്കുക വഴിയും, പത്രവാർത്തകൾ എത്തിച്ചുകൊടുക്കുന്ന ലോക്കൽ റിപ്പോർട്ടറായി വർത്തിക്കുക വഴിയും അദ്ദേഹം ഒരു സംഖ്യ സമ്പാദിച്ചു പോന്നു. ചരമവാർത്തകളും വിവാഹഫോട്ടോകളുമായി രാജപ്പേട്ടന്റെ കടയിൽ ആൾക്കാർ വന്ന് പോകുന്നത് സൂത്രശാലിയായ ബിജുക്കുറുക്കൻ കണ്ടുവച്ചിരുന്നു എന്നത് ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

അങ്ങനെയുള്ള ബിജുക്കുട്ടൻ രാജപ്പേട്ടന്റെ കടയിൽ പാഞ്ഞു കയറി ഒറ്റശ്വാസത്തിൽ പറഞ്ഞൊപ്പിച്ചു.

"അവിടെ പാർട്ടിക്കാർ തമ്മിൽ പൊരിഞ്ഞ അടി. എന്നെ തള്ളിയിട്ടു. എന്റെ കയ്യിലി

രുന്ന സൈക്കിൾ തല്ലിപ്പൊളിച്ചു.'' ബിജൂക്കുട്ടൻ ഫ്രഷായി ചുട്ടെടുത്ത ആ നുണ കേട്ട് കൂട്ടുകാർ അന്തം വിട്ട് നിന്നു. ബിജൂമോന് തല്ല് വാങ്ങിക്കൊടുക്കുക എന്നത് തങ്ങളുടെ അന്നത്തെ അജണ്ടയിലുള്ള കാര്യമല്ലാത്തത് കൊണ്ട് അവർ, ബിജൂക്കുട്ടൻ വരച്ച ആ ചിത്രം ഫ്രെയിം ചെയ്ത് രാജപ്പേട്ടന്റെ മനസിൽ ആണിയടിച്ച് ഉറക്കാൻ ബിജൂവിനെ സഹായിച്ചു. ബാക്കി കൊടുക്കാനുള്ള അമ്പതുപൈസയുടെ നാരങ്ങാ മിഠായി ഈ ഡീലിൽ ക്യാൻസലായ വിവരം ബിജൂവിനെ ധരിപ്പിക്കുവാനായി അവർ പ്രത്യേക രഹസ്യ സ്വഭാവമുള്ള ചില സിഗ്നലുകൾ പുറപ്പെടുവിക്കുകയും ബിജൂമോൻ അത് ഡീക്കോഡ് ചെയ്ത് എഗ്രിമെന്റിൽ ഒപ്പ് വയ്ക്കുകയും ചെയ്തു.

ബിജൂവിന്റെ കയ്യിലുള്ളത് അഥവാ ഉണ്ടായിരുന്നത് തന്റെ കടയിൽ നിന്നും വാടകയ്ക്കെടുത്ത സൈക്കിളാണെന്നുള്ള കാര്യം പോലും മറന്ന് രാജപ്പേട്ടൻ തന്റെ പഴയ ക്യാമറയുമായി സംഭവസ്ഥലത്തേക്ക് കുതിച്ചു. കടയിലെ ഫോണിൽ നിന്ന് സ്വന്തം കാശ് ചെലവാക്കി പോലീസ് സ്റ്റേഷനിലേയ്ക്ക് ഒരു സന്ദേശം കൈമാറാൻ സെയിൽസ് ഹെഡ് കുട്ടപ്പേട്ടനെ പറഞ്ഞേൽപ്പിക്കാനും ആ ദേശസ്നേഹി മറന്നില്ല.

അടുത്ത സീൻ നടക്കുന്നത് ആശുപത്രിയിലാണ്. പാർട്ടിക്കാരുടെ തല്ല് കൊണ്ട് പരിക്കേറ്റ കൊച്ചുകുട്ടിയെ പലതരം ഫ്രൂട്ട്സുകളുമായി കാണാൻ വരുന്ന ലോക്കൽ നേതാക്കന്മാർ. പിറ്റേന്ന് അടിയുടെ പടത്തോടൊപ്പം പരിക്കേറ്റ് ആശുപത്രിയിൽ കിടക്കുന്ന ബിജൂ എന്ന ബാലന്റെ പടം പത്രത്തിൽ. സൈക്കിൾ തകർന്നതിന്റെ നഷ്ടപരിഹാരത്തുക രാജപ്പേട്ടന് പാർട്ടിക്കാരുടെ വക സംഭാവന. എല്ലാം കഴിഞ്ഞ് സ്കൂളിലെത്തിയപ്പോൾ ബിജൂവിന് ഒരു താരപരിവേഷം .അന്ന് ബിജൂവിന് മനസിലായി താൻ ആള് ചില്ലറക്കാരനല്ല. ഇവിടെയെങ്ങും നിൽക്കേണ്ട ആളേ അല്ല. പിന്നെയുള്ള ഓരോ രാവുകളിലും തന്റെ പരിവേഷം എങ്ങനെ നിലനിർത്താം എന്നതായി ബിജൂവിന്റെ ചിന്ത. ചിന്തിച്ച് ചിന്തിച്ച് സ്കൂൾ തുറക്കലും അടയ്ക്കലും ബിജൂമോൻ ഹൈസ്കൂൾ പാസാവലും എല്ലാം ഒന്നിന് പുറകെ ഒന്നായി നടന്നടുത്തു അഥവാ അകന്നു.

ബിജൂവിൽ ഒരു സ്പാർക്ക് ദർശിച്ച ഒരു പാർട്ടി പ്രവർത്തകൻ ഒന്ന് രണ്ട് സമരങ്ങൾക്ക് കൊടി പിടിച്ച് മുന്നിൽ നടക്കുവാനുള്ള അവസരം ബിജൂവിനുണ്ടാക്കികൊടുത്തു. അതിന്റെ പേരിൽ താതന്റെ കയ്യിൽ നിന്നും ആവോളം തല്ല് ആ സൽപുത്രൻ വാരിക്കൂട്ടി. തല്ലിനിടയിൽ ''ഏത് നിറമുള്ള കൊടിയാണെടാ നീ പിടിച്ചത്'' എന്ന താതന്റെ ചോദ്യത്തിന് ''കൊടിയുടെ കാല് മുളയുടേതായിരുന്നു, അത് മാത്രമേ ഞാൻ കണ്ടുള്ളൂ'' എന്ന് പുന്നാരമോൻ മറുപടി നൽകി.

പിന്നീട്....

എന്തങ്ങ് ചെയ്കിലും<br>
തല്ലി നന്നാക്കുന്നൊ-<br>
രച്ഛനെയാണെനിക്കിഷ്ടം.

എന്നൊരു മഹാകാവ്യം ലൈബ്രറി മാഗസിനിൽ പ്രസിദ്ധീകരിക്കുകയും ഇതു കണ്ട ആ പിതാവ് ഉത്തരത്തിലിരുന്ന ചൂരൽ വളരെ കഷ്ടപ്പെട്ട് ഒടിച്ച് സ്വല്പം കണ്ണീരും ചേർത്ത് കുളിക്കാനുള്ള വെള്ളം ചൂടാക്കുന്ന അടുപ്പിൽ വച്ച് കത്തിച്ച് കളയുകയും ചെയ്തു. ഷാജിയേട്ടന് ബുദ്ധി ഉദിച്ചു,ചെക്കനെ തല്ലിയിട്ട് കാര്യമില്ല എന്ന് മനസിലായി എന്നയൽക്കാർ അടക്കം പറയുകയും, എന്നെതല്ലണ്ടമ്മാവാ ഞാൻ നന്നാവൂല എന്നത് പാട്ടുരൂപത്തിൽ റിലീസാവാതിരുന്നത് കൊണ്ട് അത് ഗദ്യരൂപത്തിൽ ഉരുവിടുകയും ചെയ്തു.

എന്തായാലും തല്ല് നിന്നതോടെ ബിജൂമോൻ തന്റെ പ്രവർത്തന മേഖല വിസ്തൃതമാക്കുവാൻ തീരുമാനിച്ചു. ചില കൂട്ടുകാരുടെ പ്രണയഹംസമായി തുടക്കം കുറിച്ച അദ്ദേഹം പിന്നീട് ആവശ്യക്കാർക്ക് പ്രേമലേഖനം, പ്രേമനൈരാശ്യ ലേഖനം, പച്ചത്തെറി, പഴത്തതെറി എന്നിങ്ങനെ ആവശ്യാനുസരണം തയ്യാറാക്കി കൊടുക്കുന്ന ഒരു ചെറിയ സൈഡ്

ബിസിനസ് ആരംഭിക്കുകയും അതിൽ നിന്നു കിട്ടുന്ന തുച്ഛമായ വരുമാനം സ്വന്തം ഉന്നമനത്തിനായി റിലീസാകുന്ന എല്ലാ സിനിമകളും, അതും ട്യൂഷൻക്ലാസ് കട്ട് ചെയ്ത് കാണുന്നതിലേയ്ക്കായി വിനിയോഗിക്കുകയും ചെയ്ത് പോന്നു. വടി നഷ്ടപ്പെട്ട ഷാജിയേട്ടൻ ഒരു ദിവസം മകനെ അടുത്ത് നിർത്തി നോക്കിയപ്പോൾ ഏതാണ്ട് തന്റെയൊപ്പം ഉയരമായി എന്ന് മനസിലാക്കിയതോടെ 'മകനെ' എന്ന സംബോധന മാറ്റി 'താൻ' എന്ന് സംബോധന ചെയ്യാനാരംഭിക്കുകയും ചെയ്തു. ചോദിച്ചവരോടൊക്കെ തന്നോളമായ മക്കളെ വിളിക്കാൻ പുണ്യപുരാതനകാലമായി കണ്ടു വച്ച ഒരു  വിളിപ്പേരാണ് അത് എന്ന് വിശദമാക്കികൊടുക്കുകയും ചെയ്തു. ഇതൊന്നും കൂടാതെ സിനിമ കാണാനോ ഒരു ചെറു ബീഡി വലിക്കാനോ വേണ്ടതുക മാസാമാസം ട്യൂഷൻ ഫീസിനൊപ്പം തന്നുകൊള്ളാം എന്ന് വാക്കാലൊരുറപ്പും അഡ്വാൻസായി ഒരു തുകയും നൽകി ബിജുമോനെ ആദരിക്കുകയും ചെയ്തു.

ഇങ്ങനെ ഇരിക്കുന്നതായ കാലത്ത് ഒരു ദിവസം നോക്കിയപ്പോൾ ലേഖനം എഴുതി തഴമ്പിച്ച സ്വന്തം കൈകൾ കണ്ട് ബിജുവിന് സങ്കടമടക്കാനായില്ല. ഉടനടി സ്വന്തമായി എഴുതി ഉണ്ടാക്കിയ ഒരു ലേഖനം, ലേഖ എന്ന മാലാഖയ്ക്ക് നൽകുവാൻ അദ്ദേഹം തീരുമാനിച്ചു. പ്രീഡിഗ്രി അത്ര മോശം ഡിഗ്രിയല്ല എന്ന് കരുതിയിരുന്ന അക്കാലത്ത് ഒന്നാം വർഷപ്രീഡിഗ്രിയ്ക്കു പഠിക്കുന്ന ബിജുമോൻ രണ്ടാം വർഷ പ്രീഡിഗ്രിയ്ക്കു പഠിയ്ക്കുന്ന ചേച്ചിയ്ക്ക് പ്രേമലേഖനം നൽകുന്നതിൽ കൊടുക്കുന്ന ബിജുവിനോ, വാങ്ങുന്ന ചേച്ചിയ്ക്കോ ചേച്ചിയുടെ കൂട്ടുകാരിമാർക്കോ ആ വഴി വന്ന പട്ടിയ്ക്കോ പൂച്ചയ്ക്കോ എതിർപ്പുണ്ടായിരുന്നില്ല. പക്ഷെ രണ്ടാം വർഷ പ്രീഡിഗ്രിയ്ക്ക് പഠിയ്ക്കുന്ന ചേട്ടന്മാർക്ക് ഇത് തീരെ ഉചിതമായ ഒരു നടപടിയായി തോന്നിയില്ല. അതിൽ ഒരു ചേട്ടന് പ്രത്യേകിച്ച് പ്രതിഷേധം ഉണ്ടാകുകയും ചെയ്തു.

ഇതോടെ ബിജുവിനെ തകർക്കാനുള്ള ആലോചനകൾ ആഗോളതലത്തിൽ രൂപവൽക്കരിക്കുന്നതിനായി അവർ കൊക്കക്കോള കലർത്തിയ മിശ്രിതം പാനം ചെയ്ത് തയ്യാറെടുത്തു. ട്യൂഷൻ ക്ലാസ് കഴിഞ്ഞ് സന്ധ്യമയങ്ങിയുള്ള മടക്കത്തിൽ ബോംബ് വച്ച് ബിജുവിനെ തകർക്കാനായിരുന്നു പദ്ധതിയെങ്കിലും തക്ക സമയത്ത് ബോംബ് കിട്ടാതിരുന്നത് കൊണ്ട് നല്ല ശക്തിയുള്ളതും പൊട്ടിയാൽ ഞെട്ടുന്നതുമായ ഓലപ്പടക്കങ്ങൾ ശേഖരിച്ച് അവർ വഴിവക്കിൽ  പതുങ്ങിക്കിടന്നു.

കാത്തിരുന്നത് പോലെ തന്നെ സ്വന്തമായ സൈക്കിളിൽ പാട്ടും പാടി പാഞ്ഞു വന്ന ബിജുവിനു നേരെ പടക്കം എറിയുകയും അത് കൃത്യമായി കൊള്ളുകയും ചെയ്തു. പണ്ടൊരുതവണ സൈക്കിളിൽ  നിന്ന് വീണ് പരിചയമുണ്ടായിട്ടും പ്രയോജനം ഒന്നും ഉണ്ടായില്ല. ഇത്തവണത്തെ വീഴ്ച കൂടുതൽ ഗുരുതരമായി. പടക്കം ഏല്പിച്ച പൊള്ളലും സൈക്കിളിൽ നിന്ന് വീണ പൊട്ടലുമായി അദ്ദേഹം പല ദിവസങ്ങൾ ആശുപത്രിയിൽ കഴിച്ചുകൂട്ടി. കാര്യങ്ങൾ തിരിഞ്ഞ് മറിഞ്ഞത് ബിജുവിനെപ്പോലും അമ്പരപ്പിക്കുന്ന വേഗതയിലായിരുന്നു.

ബിജു ഒരിക്കൽ നിറമറിയാതെ പിടിച്ച കൊടിയുടെ നേതാക്കന്മാരുടെ പ്രതിപക്ഷത്തിരിക്കുന്ന നേതാവിന്റെ മകനാണ് ബിജുവിനെ പടക്കം എറിഞ്ഞ് വീഴ്ത്തിയത് എന്നത് വിധിയുടെ വിളയാട്ടം എന്നല്ലാതെ എന്ത് പറയാൻ.

മൃഗീയവും പൈശാചികവുമായ ഈ പ്രവൃത്തിയെ നാനാദിക്കിലുമുള്ള നേതാക്കന്മാർ വിമർശിച്ചപ്പോൾ  അവിടെ ഒരു രാഷ്ട്രീയ നേതാവ് ജന്മംകൊള്ളുകയായിരുന്നു.

ആശുപത്രി കിടക്ക വിട്ട് സമരപന്തലിലേയ്ക്ക് ഇറങ്ങിയ ബിജുമോൻ, തല ഉയർത്തി നോക്കിയത് - അഭിമാനം കൊണ്ടും ആദരവുകൊണ്ടും ആണ് എന്ന് മാധ്യമങ്ങൾ ഘോര ഘോരം ഉദ്ഘോഷിച്ചു. അച്ഛൻ ചോദിച്ചാൽ പറയാൻ ഇത്തവണ കൊടിയുടെ നിറം മറന്ന് പോകണ്ട എന്ന ബിജുവിന്റെ തീരുമാനം മറ്റാരും അറിഞ്ഞില്ല.

ആ ബിജുമോൻ വളർന്ന് വലുതായി പടർന്ന് പന്തലിച്ച് ഒരു മന്ത്രിയായി തുടക്കം ക

റിയുന്ന ഈ സുദിനത്തിൽ ജംഗ്ഷനിലെ കരിശും തൊട്ടിയിലും ആൽച്ചുവട്ടിലെ കാണിക്കപാത്രത്തിലും ഇരുപത്തിയഞ്ച് എന്ന ഭാഗ്യനമ്പറിൽ നിക്ഷേപം അർപ്പിക്കുമ്പോൾ, അദ്ദേഹം പ്രാർത്ഥിച്ചതിങ്ങനെ.

"ഇന്നെന്റെ കള്ളപ്രതിജ്ഞ ചടങ്ങാണ്. നിങ്ങളെ ഞാൻ സാദരം ക്ഷണിച്ചുകൊള്ളുന്നു."

സമയമുള്ളവർ പോരട്ടെ.

# യഥാർത്ഥ ചങ്ങാതി, അവനിവൻ മാത്രം

ചങ്ങാത്തങ്ങൾ തുടങ്ങാനും
ചങ്ങാത്തങ്ങൾ തീർക്കാനും
ചങ്ങാത്തങ്ങൾ തുടരാനും
കഴിവുള്ളവരാരുണ്ടിവിടെ!!!

ഒന്നാമൻ;
സ്നേഹിതനൊരുവൻ ചോദിച്ചു
മറ്റൊരു സ്നേഹിതനോടായി
തടിയാ, മഠയാ, ചങ്ങാതി
എങ്ങിനെ നീയെൻ സ്നേഹിതനായ്?

ചൊല്ലുക കുറയാതൊന്നൊന്നായ്
സ്നേഹിതരായതിതെങ്ങനെ നാം
നിന്നുടെ ചിന്തകൾ പറയൂ നീ
സ്നേഹിതരായതിതെങ്ങനെ നാം?

രണ്ടാമൻ;
ചോദ്യം കൊള്ളാം കുടവയറാ
ആലോചിച്ചു പറഞ്ഞീടാം
എന്നു പറഞ്ഞൊരു ചങ്ങാതി
ആലോചനയതിലാണ്ടുംപോയ്

നേരം തെല്ലു കഴിഞ്ഞിട്ടും
മറുപടിയൊന്നും കണ്ടില്ല
വീണ്ടും തെല്ലു കഴിഞ്ഞപ്പോൾ
ചോദ്യം വീണ്ടും ചോദിച്ചു.

ഒന്നാമൻ;
ധൈര്യം പിന്നെ ഗാംഭീര്യം

പത്തരമാറ്റിൻ പുരുഷത്വം
കണ്ടു കുഴങ്ങീ ഫ്രണ്ടാക്കി
കൂട്ടിലൊതുക്കിയതല്ലേ നീ

രണ്ടാമൻ;
ഹാ ഹാ കൊള്ളാം തിരുമഠയാ
എന്തിനുപത്തരയാക്കുന്നു
ഒരു നൂററമാറ്റിൻ പുരുഷൻ നീ
കണ്ടു കുഴങ്ങാൻ ഞാൻ പെണ്ണോ

ഒന്നാമൻ;
അങ്ങനെയെങ്കിൽ കുടവയറാ
ചൊല്ലൂ കാരണമെന്താവാം
ഞാനും നീയും സ്നേഹിതരായ്
മേഞ്ഞു നടപ്പാൻ തരമെന്തേ?

രണ്ടാമൻ;
പേപ്പറെടുക്കൂ പേനയതും
ഒന്നൊന്നായി ചൊല്ലാം ഞാൻ
എഴുതിയെടുത്തു പഠിച്ചോണം
വീണ്ടും വീണ്ടും പറയില്ല

സ്നേഹിതരായതിതെങ്ങനെ നാം
എന്നതുചൊല്ലാം കേട്ടോളൂ
ശ്രദ്ധയുറച്ച് ശ്രവിച്ചോളൂ
വീണ്ടും വീണ്ടും പറയില്ല

വീണ്ടും പറയാൻ കഴിയില്ല
നേരമെനിക്കോ തെല്ലില്ല
ബുദ്ധിനിനക്കോ ഇല്ലില്ല
കേട്ടു പഠിക്കൂ ചൊല്ലാം ഞാൻ

ഒന്നാമൻ;
പോടാ സുഗുണാ നീ വെറുതെ
തലയിൽ കയറി ഭരിക്കരുതേ
ഞാനൊരു ചോദ്യം ചോദിച്ചു
അറിയാമെങ്കിൽ പറയുക നീ

രണ്ടാമൻ:
കണ്ടോ കണ്ടോ നിന്റെ നിറം
മാറിയതിപ്പോൾ കണ്ടില്ലേ
എല്ലായിടവും ഗമ വേണം
എന്റെ സഹായമതും വേണം

ഒന്നാമൻ;
നിന്റെ സഹായമെനിക്കിനിമേൽ
വേണ്ടേ വേണ്ട കേമൻ നീ
നിന്നെ കൂടെ കൂട്ടീഞാൻ
എന്നുടെ ദയ കൊണ്ടെന്നറിക

രണ്ടാമൻ;
ഹോ ഹോ വല്യ ദയാഭ്രതൻ
ജോലികൾ തീർക്കാൻ ഞാൻ വേണം
ഉണ്ടും ഗമയുമടിച്ചീടും
വിരുതൻ നീയോ ചങ്ങാതി

ഒന്നാമൻ;
പണമതുവയ്ക്കൂട നീയിപ്പോൾ
പിന്നീടാവാം സംസാരം
വെള്ളം വാങ്ങാൻ ഞാനുണ്ടേൽ
വെള്ളമടിക്കാൻ നീ കേമൻ

രണ്ടാമൻ;
പണമതുവച്ചില്ലെങ്കിൽ നീ
എന്നുടെ തലയതു നുള്ളിടുമോ
ഡംഭും കൊണ്ടു നടക്കും നിൻ
സേവകനല്ലാ ഞാനറിക

ഒന്നാമൻ;
സേവ നടത്താൻ ഞാൻ വേണം
സേവിച്ചീടും കള്ളുണ്ടേൽ
സ്നേഹിതനായിക്കരുതേണം
തലയിൽ പൊക്കി നടക്കേണം

ഇല്ലാ, വേണ്ടാ ചങ്ങാത്തം
പോയീടുന്നു ഞാനിപ്പോൾ
മേലിൽ കാണാൻ വരുകില്ല
വഴിയിൽ കണ്ടാൽ മിണ്ടില്ല

മെല്ലെയിറങ്ങി നടന്നൊടുവിൽ
സ്വന്തം മാളം പൂകിയവൻ
പിന്നെ മയക്കമുണർന്നപ്പോൾ
കണ്ണു തിരുമ്മിയുണർന്നപ്പോൾ

ഫോണതു തപ്പിയെടുത്തപ്പോൾ
കോളതു മിസ്ഡോ രണ്ടെണ്ണം
മറുകോളൊന്നു കൊടുത്തപ്പോൾ
കേട്ടു ശബ്ദം മറുകരയിൽ

ഒന്നാമൻ;
വായനശാലയിലെത്തുമ്പോൾ
ബുക്കുകളൊന്നായ് തേടേണം
കണ്ടു പിടിച്ചു കഴിഞ്ഞെന്നാൽ
നേരേ തന്നെ പോരേണം

റിപ്പോർട്ടതു ശരിയാക്കേണം
തീർന്നു കഴിഞ്ഞാൽ സ്വാതന്ത്ര്യം
സിനിമായൊന്നതു കണ്ടീടാം
അല്ലേൽ കടലിൽ കുളിയാവാം

രണ്ടാമൻ;
എല്ലാം നിന്നുടെയിഷ്ടം പോൽ
ആഘോഷങ്ങൾ ചങ്ങാതി
വൈകിട്ടിങ്ങു മടങ്ങുമ്പോൾ
കുപ്പിയതൊന്നു മറക്കരുതേ

(രണ്ടു ചങ്ങാതികളുടെയും ഇതുവരെയുള്ള എല്ലാ സംഭാഷണങ്ങളും കേട്ടുകൊണ്ട് മുറിയുടെ മൂലയിൽ മയങ്ങിക്കിടന്നിരുന്ന ഒരു വലിയ കൂട്ടം ബിയർ കുപ്പികൾ, അവർ പറഞ്ഞു)

"ചങ്ങാത്തങ്ങൾ തുടങ്ങാനും
ചങ്ങാത്തങ്ങൾ തീർക്കാനും
ചങ്ങാത്തങ്ങൾ തുടരാനും
ഞങ്ങൾ വേണം ചങ്ങാതീ"

# ഭാഗ്യവാൻ ശങ്കരൻകുട്ടി

മീറ്റിങ്ങുകളിൽനിന്ന് മീറ്റിങ്ങുകളിലേക്കുള്ള പ്രയാണത്തിനിടയിൽ ഇഷ്ട പാനീയമായ ചായ ഒന്നാസ്വദിക്കുവാൻ പോലും വിടവില്ലാതെ വലയുന്ന കോർപ്പറേറ്റ് ഉദ്യോഗസ്ഥർ. സർക്കാർ ചെലവിൽ ദിവസം മുഴുവൻ ചായ കുടിച്ച് വിലസി വിളങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥർ. ആദ്യത്തെ കൂട്ടർക്ക് രണ്ടാമത്തെ കൂട്ടരോട് തോന്നുന്ന വികാരത്തെ അസൂയ എന്ന് ചില കുബുദ്ധികൾ വിളിക്കും. നമുക്ക് ശങ്കരൻകുട്ടി എന്ന സർക്കാരുദ്യോഗസ്ഥനെ ശ്രദ്ധിക്കാം.

ശങ്കരൻകുട്ടീ ശങ്കരൻകുട്ടീ
നീയെത്ര ചായ കുടിക്കും
അമ്മിണിക്കുട്ടീടെ പുന്നാരമോനേ
നീയെത്ര ചായ കുടിക്കും

കാലത്തുണർന്നാലുടനെ ഞാനൊരു
കാലിച്ചായ കുടിക്കും
കാലത്തെ പത്രം നോക്കാൻ ഞാനൊരു
കട്ടൻ ചായ കുടിക്കും

വെള്ളയപ്പോം കറീം കൊള്ളാം കൂടൊരു
പാലിന്റെ ചായയുണ്ടെങ്കിൽ
പുട്ടും കടലയുമാണെങ്കിലും കൂടെ
പാലിന്റെ ചായ നിർബന്ധം

വീട്ടീന്നിറങ്ങും മുൻപേ ഞാനൊരു
ഹെർബൽ ചായ കുടിക്കും
ഹാർട്ടിന്റെ ഹെൽത്ത് നിലനിർത്താനൊരു
ഹെർബൽ ചായയടിക്കും

ആപ്പീസിന്റുള്ളിൽ കേറും മുൻപൊരു
കാലിച്ചായയടിച്ചാൽ

ആപ്പീസിന്റുള്ളിൽ കടന്നാൽ പിന്നൊരു
പാലിന്റെ ചായയടിക്കാം

ഫയലു തുറക്കാൻ നേരം ഞാനൊരു
കട്ടൻ ചായ വരുത്തും
ഇനി ഫയലു തുറന്നില്ലെങ്കിലും ഞാനാ-
കട്ടൻ ചായ കുടിക്കും

ഊണു കഴിക്കണ മുൻപേ ഞാനൊരു
പാലിന്റെ ചായ കുടിക്കും
ഊണു കഴിച്ചുകഴിഞ്ഞാൽ പിന്നൊരു
കാലിച്ചായയുമാവാം

മൂന്നു മണി കഴിഞ്ഞാലോ ഞാനൊരു
നില്പൻ ചായയടിക്കും
കൂട്ടുകാരൊത്തു വടയടിക്കുമ്പൊഴും
നല്ലൊരു ചായ കുടിക്കും

അഞ്ചുമണിക്കു ഞാൻ പോരുന്ന നേരത്ത്
ചായ കുടിക്കാറില്ല
അഞ്ചുമണി കഴിഞ്ഞെന്നാൽ പിന്നെ ഞാൻ
ചായ കുടിക്കാറില്ല

ബാറിന്റെ മുന്നിലെ ചായക്കടയിൽ ഞാൻ
എത്തി നോക്കാറും കൂടില്ല
ചായകേമം തന്നെ ചായയേക്കാൾ കേമം
ബാറിന്റെയുള്ളിലെ വെള്ളം
ചായകേമം തന്നെ ചായയേക്കാൾ കേമം
ബാറിന്റെയുള്ളിലെ വെള്ളം

# അപ്പച്ചനും മകനും

നിന്നേക്കാൾ പത്തോണം പൊന്നുമോനെ
കൂടുതൽ ഉണ്ടതാണോർമ്മവേണം
പത്തോണമല്ലപ്പാമൂപ്പതോണം
കൂടുതൽ നിങ്ങളങ്ങുണ്ടു കാണും
പക്ഷെ......

അപ്പച്ചൻ, ഇന്റർനെറ്റ് എന്നൊന്ന് കേട്ടിട്ടുണ്ടോ
ഇന്റർനെറ്റൊന്നതിൽ കേറീട്ടുണ്ടോ

മീനിന്റെ നെറ്റെനിക്കുണ്ടുമോനെ
നല്ലമീൻ കറിയൂട്ടി വളർത്തി നിന്നെ

ബ്ലാക്ബറീന്നപ്പച്ചൻ കേട്ടിട്ടുണ്ടോ
ഒന്നതിൽ തൊട്ടേലും നോക്കീട്ടുണ്ടോ

മൾബറിത്തോട്ടമൊന്നുണ്ടു മോനേ
നല്ലപട്ടുനൂൽ വിറ്റുഞാൻ പോറ്റിനിന്നെ

ഐഫോണെന്നൊന്നപ്പൻ കേട്ടിട്ടുണ്ടോ
യെന്താഗമയാണറിഞ്ഞീടുമോ

ഫോണിന്റെ പോസ്റ്റുകൾ നാട്ടിവയ്ക്കും
കോൺട്രാക്ട് വേല ഞാൻ ചെയ്തുമോനെ

യൂട്യൂബിലെന്തൊക്ക കാഴ്ചകാണാം
എന്റപ്പാ വല്ലതും തിട്ടമുണ്ടോ

ട്യൂബുലൈറ്റൊന്നങ്ങു വാങ്ങിളുക്കി
മോനെ പഠിപ്പിച്ചൊരപ്പനീ ഞാൻ

ലാപ്ടോപ്പോ മാക്ബുക്കോ കണ്ടിട്ടുണ്ടോ
തൊട്ടൊന്നു നോക്കുവാൻ മോഹമില്ലേ

ലാപ്പിന്റെ ടോപ്പിലായ് മക്കൾ വേണം
പിന്നെ പിന്നെ കൊച്ചുമക്കൾ വേണം

തൊട്ടും തലോടീം രസിച്ചിടേണം
കണ്ടും ചിരിച്ചും രസിച്ചിടേണം

മോഹമതാണെനിക്കിന്നു മോനെ
പോയി നീ കൊണ്ടുവാ പെണ്ണൊന്നിനെ

# ഭാഗം ആറ്

## ഗീതങ്ങൾ
## Emotional expressions

പ്രഭാതം, പ്രതീക്ഷ, അനുരാഗം, മഴ, സന്ധ്യ, താരാട്ട് എന്നീ ജീവിതഗന്ധിയായ ഭാവങ്ങൾ ഉൾക്കൊള്ളിച്ച് ബിന്ദു എഴുതിയ ലളിതമായ വരികൾ ഉൾപ്പെടുത്തി 2007-ൽ സത്യം ഓഡിയോസ് പുറത്തിറക്കിയ വിസ്മയ എന്ന മ്യൂസിക് ആൽബത്തിന് സംഗീതം പകർന്നിരിക്കുന്നത് ബിനു പണിക്കർ.

ആലാപനം : Oscar nominated Dr. Sreevalsan
J Menon, Bini Panicker and Urmila Varma

സന്ധ്യയുടെ ദുഃഖം ഉൾക്കൊള്ളിച്ച് "മാലിനീ മധു ഭാഷിണീ" എന്ന ഗാനം വീഡിയോ ആൽബരൂപത്തിൽ മയൻ മീഡിയയുടെ സംവിധാനത്തിൽ എം.ടി. വാസുദേവൻ നായർ, ആർട്ടിസ്റ്റ് നമ്പൂതിരി, ശ്രീവൽസൻ ജെ മേനോൻ എന്നിവരുടെസാന്നിധ്യത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു.

Youtube search Vismaya Music Album

# നീലഗിരിയുടെ....

ഉഷസ്സേ... ഉഷസ്സേ.... പ്രഭാമയീ.... പ്രഭാവതീ....

നീലഗിരിയുടെ ലോലനിരകളിൽ
ഓടിയണയുമീ പുലരൊളിയിൽ
കാട്ടുകുയിലുകൾ മീട്ടിയൊരുശ്രുതി
കേട്ടുണർന്നൊരു മലർമകളേ

ഒരുകുളിരരുവിയിൽ അലകളിലലരതി -
നൊരിതളിൽ അരുണിമപടരുകയായ്
ചാരുസരോവരതീരമനോഹരി
അരുണകിരണപരിശോഭിതയായ്
ലതകൾ പവനപദമാടുകയായ് (നീലഗിരിയുടെ)

പുൽക്കൊടിയിൽ... പൂവിതളിൽ
ചെറുതളിരിലയിലും തുഷാരബിന്ദു
വെൺതാരകൾ മറഞ്ഞൊരുവിണ്ണിൽ
പൊൻ താരകമതണയുകയായ്
വെൺ മേഘമണിമാലകൾകൊണ്ടാ
ദേവനവരവേൽപ്പരുളുകയായ്
ഉണരൂ... ഉണരൂ... പ്രിയസഖി നീ തപനസഖീ.. (നീലഗിരിയുടെ)

മാമലയിൽ..... താഴ്‌വരയിൽ
മരതകപ്പട്ടണിഞ്ഞ മേടുകളിൽ
തരളവസന്തം നിറകതിർചാർത്തിയ
മേദിനി മാനസമോഹിനിയായ്
വിജനമരുവിലും നിബിഡതരുവിലും
ആശാമുകുളം വിരിയുകയായ്
ഉഷസ്സേ... ഉഷസ്സേ... പ്രഭാമയീ.... പ്രഭാവതീ... (നീലഗിരിയുടെ)

# പ്രതീക്ഷ

കണ്മണിയേ... കൺകുളിരേ....
കാണുവാനായ്..... കാത്തിരിപ്പൂ....

എന്നുണ്ണിക്കണ്ണാ കാണാൻ നിന്നെ....
കാത്തുകാത്തിരിപ്പൂ നിന്നമ്മ (2)
കണ്മണി പൊന്മണി നിന്റെ കിളി...
ക്കൊഞ്ചലെന്നെൻ കാതിൽ കേൾപ്പൂ... (എന്നുണ്ണിക്കണ്ണാ....)

പൊന്മണിക്കിങ്ങിണി തീർക്കാം കാലിൽ -
പൊൻചിലമ്പൊന്നു ഞാൻ ചാർത്താം
ആലിലത്താലത്തിൽ മാമുണ്ടു മയങ്ങുമ്പോൾ
കണ്ണിന്നുകണ്ണേ ഞാൻ കാവലിരിക്കാം (കണ്മണിയേ....)

പൊന്മണിത്തൊട്ടിൽ തീർത്തു അതിൽ -
പൂമ്പട്ടിൻ മെത്ത വിരിച്ചൂ....
ആലോലം താളത്തിൽ ആടിക്കളിക്കാൻ
എന്മണിക്കുഞ്ഞേ നേരമായില്ലേ.... (എന്നുണ്ണിക്കണ്ണാ....)

# മനസ്സിൻ മധുരം

മനസ്സിൽ ... വിരിയും... മലരോ
നിറയേ.... മധുകണമതിമധുരം

ഇന്നു വിരിഞ്ഞൊരാ ചെമ്പക മലരിനും
ചന്തമിതെന്തിന്നേറി പറയൂ..
ഇളവെയിൽ കുങ്കുമം ചാർത്തിയ മുകിലിനും
മനസ്സിൽ .... മധുരം...നിറയേ (ഇന്നു വിരിഞ്ഞൊരാ....)

പദനിസ്വനം ഞാൻ കേൾപ്പൂ ചാരേ....
ഒരു നിഴൽ മാറിയകന്നതറിഞ്ഞൂ....
പേരറിയാത്തൊരാ ഗന്ധവുമറിവൂ
തരളവിലോലം മനവും തനുവും
ഒരു നീർ കണമായ് ഞാനലിയുകയായ്
കനവിൽ... നിനവിൽ.... നീയേ.... (ഇന്നു വിരിഞ്ഞൊരാ....)

ഒരു മയിൽപ്പീലിയായ്..... ഒരു മഞ്ഞുതുള്ളിയായ്..
ഒരു ചെറു മേഘമായ് ഞാൻ പറന്നെങ്കിൽ...
എൻ ... വീണാ തന്ത്രികൾ മീട്ടുകയായി....
ഒരു ഹംസനാദമനോഹര ഗാനം
ഒരു പുഞ്ചിരിയായ് നീയെൻ ചാരേ
അണയൂ ... ഒരു തേൻ... കണമായ്.. (ഇന്നു വിരിഞ്ഞൊരാ....)

# മഴ

അഴകേ.... മഴയിൽ... നനയും .... നിറവേ
അമഴയായ്.... പുഴയിൽ.. അണയും... നിലവേ (2)

നിറനിലാവിലൊരു മഴനനഞ്ഞു കര -
കസവണിഞ്ഞു മണിമേഘലവും...
അരിയരാമഴയിൽ അലയുമാമുകിലിൽ
ഒളിമങ്ങുകിയൊരു താരകപോൽ
അലസം... മധുരം...മൃദുലം... (അഴകേ..)

പുതിയ കാറ്റിലൊരു കുളിരുമായി തിര -
കരയണഞ്ഞു കളി പറയവേ
കിളിയുറങ്ങി മരമുണർന്നുപാടി മഴ -
മധുരമധുരമൊരു താരാട്ടായ്
കുളിരിൽ... മഴയിൽ... അലിയും.... (അഴകേ..)

# സന്ധ്യ

മാലിനീ... മധുഭാഷിണി....
വിലസിതമോഹിനി സന്ധ്യേ...
എൻ പ്രിയതോഴീ... നീയണയുമ്പോൾ
വിടരും താരകൾ ഈ നീലനഭസ്സിൽ                    മാലിനീ...

ഇതളൂർന്നമന്ദാര മലരുകൾ ചൂടാൻ....
യാമിനി ചുരുൾ മുടി വിടർത്തുകയായ്
കുറുമൊഴികൾ നറുമിഴികൾ
സന്ധ്യവിടർത്തിയ പൂമിഴികൾ
കുങ്കുമശോഭയണിഞ്ഞണയുമ്പോൾ
ശുഭദേ......... സുഖമോ......                    മാലിനീ...

താഴ്‌വരയോളം ഒഴുകും ശംഖൊലി
വരവേൽക്കാനോ വീണ്ടും സന്ധ്യേ
അഞ്ജനവും കുങ്കുമവും
ചാർത്തിയണഞ്ഞൊരു നർത്തകിയായ്
പകലിനുതാരാട്ടായണയും നീ
ലസിതേ... ലളിതേ...                    മാലിനീ...

# താരാട്ട്

ആരീരോ  ആരാരൊ രാരിരി രാരിരിരാരാരോ
ആരീരോ ആരാരോ രാരിരി രാരിരിരാരാരോ

പൊൻപുലരി കണി കണ്ടുണരാനായ്
എൻ മണിക്കുഞ്ഞേ നീയുറങ്ങ്
രാവുറങ്ങി രാത്താരമുറങ്ങി
മണിക്കുരുന്നേ നീചാഞ്ഞുറങ്ങ്

(ആരീരോ....)

എൻ താരാട്ടിൻ മധുരം പോരാഞ്ഞോ
താരാട്ടിൽ ഞാൻ ചേർത്ത താളം പിഴച്ചിട്ടോ

ആരീരോ  ആരാരൊ രാരിരി രാരിരിരാരാരോ
ആരീരോ ആരാരോ രാരിരി രാരിരിരാരാരോ

എൻ താരാട്ടിൻ മധുരം പോരാഞ്ഞോ
താരാട്ടിൽ ഞാൻ ചേർത്ത താളം പിഴച്ചിട്ടോ
പൊൻപട്ടിൻ മെത്തയിൽ തളിർമേനി നൊന്തിട്ടോ
എന്തേയെൻ മണിക്കുഞ്ഞേ നീയുറങ്ങാത്തു
എന്തേയെൻ മണിക്കുഞ്ഞേ നീയുറങ്ങാത്തു

(പൊൻപുലരി)

പൂങ്കുയിലെ നീ പാടരുതേ
പൂമരമേ ചാഞ്ചാടരുതേ
മണിമുകിലേ പൊൻ മണിത്തിങ്കളേ
ഈ പൊന്മണിമുത്തിനെ ഉണർത്തരുതേ

ആരീരോ  ആരാരൊ രാരിരി രാരിരിരാരാരോ
ആരീരോ ആരാരോ രാരിരി രാരിരിരാരാരോ



# ഭാഗം ഏഴ്

## തിരിഞ്ഞുനോട്ടം

അമേരിക്കയിൽ നടന്ന മലയാളി സംഗമങ്ങളിൽ അവതരിപ്പിച്ച
ഒരു ലേഖനവും കവിതയും

## ഓം നമോ ഭഗവതേ വാസുദേവായ

# 'കുന്തി' എന്റെ ചിന്തകൾ

ശുഭ്രമാം വസ്ത്രം ധരിച്ചവൾ
ശുതപ്തപാദങ്ങൾ ഭൂവിലുറച്ചവൾ
നമ്രശിരസ്കയോ അല്ലവൾ
പ്രൗഢ ഗംഭീരയായവൾ നീ പൃഥ

ബുദ്ധിയും ധൈര്യവും ചേർന്നവൾ
പക്ഷെ, ശാന്തസ്വരൂപിണിയായവൾ
ശ്രീ മഹാരാജ്ഞിയായ് വാണവൾ
പിന്നെ കാനനവാസവും ചെയ്തവൾ

ധർമ്മിഷ്ഠരത്രേ ആ പാണ്ഡവർ
ധീരയോദ്ധാക്കളാം പഞ്ച പാണ്ഡവർ
ധീരയാം മാതാവവർക്കവൾ
ഘോര താപം കരിക്കാത്ത പൂവവൾ
ഘോര താപം കരിക്കാത്ത പൂവവൾ.

കുന്തിയെക്കുറിച്ച് ചിന്തിക്കുമ്പോൾ എന്റെ മനസിലുള്ള ചിത്രമാണ് ഞാൻ ഈ വരികളിലൂടെ വരച്ച് കാട്ടുവാൻ ശ്രമിക്കുന്നത്.

കുന്തിയെക്കുറിച്ച് പറയുമ്പോൾ എല്ലാവരും പറയുന്ന വളരെപ്രചാരമേറിയ ഒരു കാര്യം സദാ ദുഃഖങ്ങൾ കൊടുക്കണേ എന്ന് ഭഗവാനോട് പ്രാർത്ഥിച്ചവളത്രെ കുന്തി. ദുഃഖങ്ങൾ നിറഞ്ഞ മനസിൽ ഭഗവത് ചൈതന്യം ഒരിക്കലും അണഞ്ഞ് പോകില്ല എന്ന് അനുഭവങ്ങൾ കൊണ്ട് പഠിക്കണമെങ്കിൽ എത്രമാത്രം കഠിന ദുഃഖങ്ങൾ കുന്തി അനുഭവിച്ചിരിക്കണം. നമുക്ക് കുന്തിയുടെ ജീവിതത്തിലേക്ക് ഒന്നിറങ്ങിച്ചെല്ലാം....

മഹാഭാരതകഥ എത്രമാത്രം ആഴവും പരപ്പും ഏറിയതാണ് എന്ന് പറയേണ്ടതില്ലല്ലോ. അതിൽ കുന്തിയെ സംബന്ധിക്കുന്ന കാര്യങ്ങൾ മാത്രം ഉൾക്കൊള്ളിച്ച് ഒരു സംക്ഷിപ്ത രൂപം ഞാൻ പറയാം. നമുക്കെല്ലാവർക്കും അറിവുള്ള കഥ എങ്കിലും മറന്ന് പോയവർക്ക് വേണ്ടി കഥയുടെ ഒരു രത്നച്ചുരുക്കവും... പിന്നീട് കുന്തിയെക്കുറിച്ചുള്ള എന്റെ ചില ചിന്തകളും നിങ്ങളോടൊപ്പം പങ്കുവെയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു.
ഇനി കഥയിലേയ്ക്ക്

ശൂരസേന രാജാവിന്റെ മകളായി പിറന്ന കുന്തി, കുന്തീഭോജന്റെ വളർത്തു പുത്രിയായി

വളർന്നു. കുട്ടിയായിരിക്കെതന്നെ കുന്തിയുടെ സഹനശക്തിയും ക്ഷമാശീലവും ആശ്ചര്യകരമായിരുന്നു. അതുകൊണ്ട് തന്നെ ക്ഷിപ്രകോപിയായ മുനി ദുർവാസാവിനെ പരിചരിക്കാനുള്ള കടമ രാജാവ് മകൾ കുന്തീദേവിയെ ഏല്പിച്ചു.

കുന്തിയുടെ പരിചരണത്തിൽ അതീവ സന്തുഷ്ടനായ മുനി കുന്തിക്ക് ദിവ്യമന്ത്രം വരമായി നല്കി. മന്ത്രം ജപിച്ച് ഏത് ദേവനെ ധ്യാനിക്കുന്നുവോ ആ ദേവനിൽ ഒരു ശ്രേഷ്ഠനായ പുത്രൻ ജനിക്കും എന്നതായിരുന്നു വരം. താമസിയാതെ തന്നെ കുന്തി ആ അദ്ഭുതമന്ത്രത്തിന്റെ പ്രയോഗം സൂര്യദേവനെ മനസിൽ ധ്യാനിച്ച് കൊണ്ട് നടത്തി. തൽക്ഷണം സൂര്യഭഗവാൻ പ്രത്യക്ഷപ്പെടുകയും സൂര്യദേവന്റെ തേജസാർന്ന പുത്രൻ വസുഷേണൻ അഥവാ കർണൻ കുന്തിക്ക് പുത്രനായി ജനിക്കുകയും ചെയ്തു. അവിവാഹിതയായ രാജകുമാരി ആദ്യ പുത്രനെ സുരക്ഷിതമായ പേടകത്തിലാക്കി നദിയിലൊഴുക്കി സ്വന്തം അഭിമാനം രക്ഷിച്ചു.

പിന്നീട് കുന്തി ഹസ്തിനപുരിയിലെ രാജകുമാരൻ പാണ്ഡുവിനെ വിവാഹം ചെയ്ത് ഹസ്തിനപുരിയിലെത്തി. മാദ്രിരാജകുമാരിയും കുന്തിക്കു സപത്നിയായി എത്തി. മൃഗയാവിനോദത്തിനായി പുറപ്പെട്ട പാണ്ഡുമഹാരാജാവ് മാനെന്ന് കരുതി വേട്ടയാടിയത് മുനി ദമ്പതികളെയായിരുന്നു. മുനിശാപത്താൽ പാണ്ഡുമഹാരാജാവിന് കുടുംബജീവിതം സാധ്യമല്ലാതാവുകയും അദ്ദേഹം സിംഹാസനമുപേക്ഷിച്ച് പത്നിമാരോടൊപ്പം വനവാസം സ്വീകരിക്കുകയും ചെയ്തു. കുന്തിക്ക് ലഭിച്ച മന്ത്രസിദ്ധിയെക്കുറിച്ച് അറിവുള്ള പാണ്ഡു, മന്ത്രത്തിന്റെ സഹായത്താൽ പുത്രന്മാരെ നേടുവാൻ കുന്തിയോടാവശ്യപ്പെട്ടു. അങ്ങനെ ധർമദേവന്റെ പുത്രനായി ധർമജ്ഞനും, സത്യസന്ധനുമായ യുധിഷ്ഠിരനും വായുപുത്രനായി ശക്തന്മാരിൽ ശ്രേഷ്ഠനായ ഭീമസേനനും, ഇന്ദ്രപുത്രനായി അജയ്യനായ അർജ്ജുനനും കുന്തിക്ക് പുത്രന്മാരായി പിറന്നു. കുന്തി പകർന്ന് കൊടുത്ത മന്ത്രവരത്താൽ അശ്വനീ കുമാരന്മാരുടെ പുത്രന്മാരായി മാദ്രിക്ക് സുന്ദരന്മാരായ നകുലസഹദേവന്മാർ പുത്രന്മാരായി പിറന്നു.

പാണ്ഡുവിന്റെയും മാദ്രിയുടെയും മരണശേഷം കുന്തി പുത്രന്മാർക്കൊപ്പം ഹസ്തിനപുരിയിലെത്തി. കൗരവന്മാരുടെ കൗശലങ്ങൾ നേരിടേണ്ടി വന്നിട്ടും പാണ്ഡവർ സ്വന്തം മാതാവ് കാട്ടിയ വഴിയിലൂടെ ധർമിഷ്ഠന്മാരായും വീരയോദ്ധാക്കളായും വളർന്നുവന്നു. കൗരവരുടെ പല തന്ത്രങ്ങളും നേരിടേണ്ടിവന്ന പാണ്ഡവർ അതിൽനിന്നൊക്കെയും രക്ഷപ്പെട്ടത് പോലെ, കുന്തിയോടൊപ്പം അരക്കില്ലത്തിന്റെ അപകടത്തിൽനിന്നും രക്ഷപ്പെട്ടു. സ്വജനങ്ങളെ വിശ്വസിച്ചു കൂടാ എന്ന് മനസ്സിലാക്കിയ കുന്തീമാതാവ് ബന്ധുബലവും ശക്തിയും വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പുത്രന്മാർക്ക് മനസ്സിലാക്കി കൊടുത്തു. ഭീമസേനൻ ഹിഡിംബിയെ വിവാഹം ചെയ്ത് നിഷാദരുമായി ബന്ധുത്വം നേടി.

അസ്ത്രവിദ്യയിൽ വിജയിച്ച്, പാഞ്ചാലരാജകുമാരിയെ നേടി അർജ്ജുനനെത്തുമ്പോൾ "കിട്ടിയതെന്തായാലും അത് അഞ്ചുപേരും കൂടി പങ്കിട്ടെടുക്കുവാൻ" നിർദേശം നൽകുന്ന ആ അമ്മ.

ഇന്ദ്രപ്രസ്ഥം നിർമ്മിച്ചശേഷം യാത്രയിലേർപ്പെട്ട അർജ്ജുനൻ ഉലൂപിയെ വിവാഹം ചെയ്ത് നാഗലോകവുമായി ബന്ധുത്വം നേടി. പിന്നീട് ശ്രീകൃഷ്ണസോദരി സുഭദ്രയേയും വിവാഹം ചെയ്തു.

സ്വർഗ്ഗതുല്യമായ ഇന്ദ്രപ്രസ്ഥത്തിൽ ശ്രീകൃഷ്ണന്റെ സഹായത്തോടെ വിജയിച്ച രാജസൂയവും കഴിഞ്ഞ് വാഴുന്ന കാലത്ത് അസൂയാലുക്കളായ കൗരവർ പാണ്ഡവരെ കള്ളച്ചൂതിൽ തോല്പിച്ച് വനവാസത്തിനയയ്ക്കുകയും അങ്ങനെ മഹാഭാരതയുദ്ധത്തിന് വഴിയൊരുങ്ങുകയും ചെയ്തു. ആ സമയത്ത് കുന്തി തന്റെ ആദ്യ പുത്രനായ കർണ്ണനെ സമീപിച്ച് പാണ്ഡവപക്ഷം ചേരുവാനപേക്ഷിക്കുകയും കർണ്ണൻ ആ അപേക്ഷ തിരസ്കരിക്കുകയും ചെയ്തു.

ഇങ്ങനെ പോകുന്നു മഹാഭാരതത്തിൽ കുന്തിയുടെ കഥ....

നമ്മളെന്നും മഹാഭാരതകഥയിലെ ഒരു കഥാപാത്രമായി കരുതുന്ന കുന്തിയെ ഒരു സാധാരണസ്ത്രീയായി നോക്കിക്കാണാൻ ശ്രമിച്ചാൽ എങ്ങനെയായിരിക്കും എന്ന് നോക്കാം... കുന്തിയുടെ ചില പ്രവർത്തികളിലെ ശരിതെറ്റുകൾ വിശകലനം ചെയ്യുവാൻ പ്രയാസം അനുഭവപ്പെട്ടേയ്ക്കാം. ഉദാഹരണത്തിന് വിവാഹം ചെയ്യും മുമ്പ് തന്നെ ഒരു പുത്രന് ജന്മം നൽകുക.. അവൾ എങ്ങനെ സദാചാരവതിയാകും. അഞ്ചുപുത്രന്മാരോടായി ഒരു ഭാര്യയെ പങ്കിട്ടെടുക്കുവാനാവശ്യപ്പെടുക.. അതിനെ എങ്ങനെ ന്യായീകരിക്കാനാവും... അതും പ്രത്യേകിച്ച് (സൂര്യഭഗവാനും, ധർമ്മ, വായു, ഇന്ദ്രദേവന്മാരും പിന്നെ പാണ്ഡുവും)അങ്ങനെ അഞ്ചുപേർ കുന്തിക്ക് ഭർതൃസമാനരായി ഉണ്ടായിരിക്കെ - കുന്തി എന്തുകൊണ്ട് ദ്രൗപതിയോടും ഇതാവശ്യപ്പെട്ടു എന്ന് കുന്തിയുടെ ഉദ്ദേശശുദ്ധിയിൽ നമുക്ക് സംശയം തോന്നാം.

എന്നാൽ കുന്തിയുടെ കുട്ടിക്കാലം മുതലുള്ള അനുഭവങ്ങളെ ഒരു സാധാരണ സ്ത്രീയുടേത് എന്ന നിലയിൽ നോക്കിക്കാണാൻ ഒന്ന് ശ്രമിച്ചുനോക്കൂ...

ജന്മം നൽകിയ പിതാവ് പുത്രിയെ വളർത്തച്ഛനായ കുന്തീഭോജന് വളർത്തുപുത്രിയായി നല്കി. രാജകീയ സുഖങ്ങളിൽ ജീവിച്ചെങ്കിൽപോലും സ്വഗൃഹത്തിൽ നിന്നുള്ള വേർപാട് ആ കുഞ്ഞുമനസ് എങ്ങനെയായിരിക്കും ഉൾക്കൊണ്ടിട്ടുണ്ടാവുക?

കുട്ടിത്തം വിട്ടുമാറാത്ത കൗമാരക്കാരിക്ക് മുനിശ്രേഷ്ഠൻ പ്രസാദിച്ചുനൽകിയ വരം പുത്രലബ്ധിക്കായുള്ള മന്ത്രമത്രെ. കുന്തിയുടെ ജീവിതഗതി നേരത്തെ കണ്ടറിഞ്ഞ് മുനി നൽകിയ അനുഗ്രഹം എന്ന് വേണമെങ്കിൽ പറയാം എങ്കിൽ പോലും അവൾക്കത് കൈകാര്യം ചെയ്യാനുള്ള പക്വത എത്തിയോഎന്ന് ചിന്തിക്കാനുള്ള ഉത്തരവാദിത്വം മുനിശ്രേഷ്ഠന് ഉണ്ടായിരുന്നില്ലേ?

അഥവാ മകളെ ഇങ്ങനെ ഒരു സാഹചര്യത്തിലെത്തിക്കാതിരിക്കാനുള്ള ഉത്തരവാദിത്വം മാതാപിതാക്കൾക്കുണ്ടായിരുന്നില്ലേ?

മന്ത്രജപത്താൽ പ്രസാദിച്ചെത്തിയ സൂര്യഭഗവാനും ബാലികയായ അവൾക്കുമേൽ ഉത്തരവാദിത്വങ്ങൾ ഏതുമുണ്ടായിരുന്നില്ലെ?

കന്യകാത്വം നിലനിർത്താനുള്ള വരം സൂര്യഭഗവാൻ നൽകി എങ്കിലും ആദ്യപുത്രനെ ഉപേക്ഷിക്കേണ്ടിവന്ന അവസ്ഥ കുന്തിയെ തകർത്ത് കളയാതിരുന്നത് വരാനിരിക്കുന്ന സംഭവ വികാസങ്ങൾക്ക് വേദിയൊരുങ്ങുവാൻ മാത്രമായിരിക്കണം.

വിവാഹശേഷം മാദ്രിരാജകുമാരിയെ സപത്നിയായി സ്വീകരിച്ച് സ്വന്തം സഹോദരിയെപ്പോലെ കരുതിയ കുന്തി മാനസികപീഢനങ്ങൾ ഒന്നും അനുഭവിച്ചില്ല എന്ന് കരുതുന്നതെങ്ങനെ?

തനിക്കും തന്റെ പൂർവികർക്കും സദ്ഗതി നേടുന്നതിനായി എങ്ങനെയും പുത്രന്മാരെ സമ്പാദിക്കുവാൻ ഭർത്താവായ പാണ്ഡു ആവശ്യപ്പെടുമ്പോൾ കുന്തി അനുഭവിച്ച മാനസികക്ലേശത്തെ എങ്ങനെ വിശദീകരിക്കാനാവും?

ഭർത്താവിന്റെയും സപത്നിയുടെയും മരണശേഷം ഒരു ശത്രുപാളയത്തിലെന്നത് പോലെ പുത്രന്മാരുടെ വിദ്യാഭ്യാസാർത്ഥം ബന്ധു ജനങ്ങളോടൊത്തുള്ള ജീവിതവും അവിടെ തരണം ചെയ്ത ആപത്തുകളും പുത്രന്മാർക്ക് നിതാന്ത ജാഗ്രതയുടെ പാഠങ്ങൾ പഠിപ്പിച്ച് കൊടുക്കുവാനും ഭാവിയിൽ ഒരു കയ്യിലെ അഞ്ച് വിരലുകൾ എന്നത് പോലെ ഒരുമയോടെ അവർ നിൽക്കണം എന്ന് മനസിലാക്കുവാനും കുന്തിക്ക് സഹായകമായിട്ടുണ്ടാവണം. ഇതാവാം ദ്രൗപതി അഞ്ചുപുത്രന്മാരുടെയും ഭാര്യയാവട്ടെ എന്ന് തീരുമാനിക്കുവാനുള്ള പ്രേരണ.

ഇത്രയൊക്കെ കഷ്ടതകൾ അനുഭവിച്ച സ്ത്രീ ആയിരുന്നിട്ട് പോലും സ്വന്തം പുത്രവധുവിനെ ബന്ധുക്കൾ സഭയിൽ അധിക്ഷേപിക്കുന്ന അവസരത്തിൽ കുന്തി സ്വന്തം പ്രാണൻ വെടിയാതെ കഴിഞ്ഞത് ശ്രീ കൃഷ്ണഭഗവാന്റെ അനുഗ്രഹമോ? പരീക്ഷണമോ?

എല്ലാ കഷ്ടതകൾക്കുമൊടുവിൽ ഇന്ദ്രപ്രസ്ഥം നഷ്ടപ്പെട്ട മക്കൾ വധുവിനോടൊപ്പം വനവാസത്തിന് പുറപ്പെടുമ്പോൾ കഷ്ടപ്പാടൊക്കെ വൃഥാവിലായെന്ന് കുന്തി വിലപിച്ചിരിക്കുമോ അതോ ശ്രീകൃഷ്ണഭഗവാനെ മാത്രം ധ്യാനിച്ച് എന്നോ സ്വീകരിച്ച സന്യാസജീവിതം നിർബാധം തുടർന്നിട്ടുണ്ടാവുമോ?

കർണ്ണന്റെ കയ്യിൽനിന്ന് തീഷ്ണമായ തിരസ്കാരം നേരിട്ടശേഷം അർജ്ജുനനെയല്ലാതെ മറ്റാരെയും താൻ വധിക്കില്ല എന്ന് കർണ്ണന്റെ പക്കൽനിന്ന് നേടി എടുത്ത ശപഥം കുന്തിക്കാശ്വാസം പകർന്നു എന്ന് കരുതുന്നതെങ്ങനെ?

കർണ്ണനെ ജ്യേഷ്ഠപുത്രനായി അംഗീകരിച്ചിരുന്നാൽ പോലും കർണ്ണന് നൽകുന്ന രാജ്യാധികാരം ദുര്യോധനാദികളുടെ കാൽച്ചുവട്ടിലേ എത്തുകയുള്ളൂ എന്ന് ദീർഘദർശിയായ ആ രാജ്യതന്ത്രജ്ഞ മനസിലാക്കിയിരുന്നിരിക്കണം.

വീരന്മാരായ വിജയികളുടെ മാതാവ്, സാക്ഷാൽ ശ്രീകൃഷ്ണഭഗവാന് മാതൃതുല്യയും പ്രിയങ്കരിയുമായിരുന്നവൾ, ദിഗ്‌വിജയം സാധിച്ചപാണ്ഡു മഹാരാജാവിന്റെ ധർമപത്നി, മഹാരാജ്ഞി, കുരുവംശത്തിലെ കുലവധു ഇതൊക്കെ കുന്തിയുടെ വിശേഷണങ്ങളാകുമ്പോൾ കുന്തിയനുഭവിച്ച വേദനകൾക്ക് ഇതൊന്നുമൊരു പരിഹാരമായിരുന്നില്ല.. എങ്കിലും സുഖങ്ങളുടെ അഹന്തയും ദുഃഖങ്ങളുടെ വേദനയും കുന്തിയെ തളർത്തിയില്ല എന്നതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം.

എല്ലാത്തിനുമവസാനം കുന്തി ധൃതരാഷ്ട്രരോടും ഗാന്ധാരിയോടുമൊപ്പം വനവാസത്തിനിറങ്ങിത്തിരിക്കുമ്പോൾ താനിതുവരെ ചെയ്ത കർമ്മങ്ങളൊക്കെയും തന്റെ ധർമ്മങ്ങൾ മാത്രമായിരുന്നു എന്നും താമരയിലയിൽ തങ്ങിയ വെള്ളത്തുള്ളി എന്നത് പോലെ ഇവയൊന്നും തന്റെ മനസിനെ ബാധിച്ചിട്ടില്ല എന്നും കുന്തി ദൃഢനിശ്ചയം ചെയ്തിരുന്നതായി നമുക്ക് മനസ്സിലാക്കാം. ദുർവിധികൾക്ക് കാരണക്കാരെന്ന് കരുതേണ്ട കൗരവരുടെ മാതാപിതാക്കളായ, അന്ധരും വൃദ്ധരുമായ ഈ ദമ്പതികളെ പരിചരിക്കലാണ് തന്റെ ഇപ്പോഴത്തെ ധർമ്മം എന്ന് കുന്തി പ്രവൃത്തിയിലൂടെ കാണിച്ചുതരുമ്പോൾ കുന്തിയുടെ പ്രവൃത്തികൾ മാത്രമല്ല ചിന്തകൾപോലും ധർമ്മത്തിലുറച്ചതായിരുന്നു എന്ന് നമുക്ക് നിശ്ചയിക്കാം.

ഡാർവിന് എത്തിച്ചേരാൻ പറ്റാത്ത ഒരു പരിണാമസിദ്ധാന്തത്തിന്റെ മേഖല സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻ നമുക്ക് കാണിച്ചു തന്നു. കഠിന ദുഃഖങ്ങളിൽ കൂടി കടന്ന് പോയിട്ടും അവസാനം വരെ ധർമ്മത്തിലുറച്ച കർമ്മങ്ങളിൽ വ്യാപൃതയായ കുന്തി പരിണാമസിദ്ധാന്തത്തിന്റെ ആ മേഖലയാവാം നമുക്ക് കാട്ടിത്തരുന്നത്.

കുട്ടികൾക്ക് അച്ഛനമ്മമാർ സ്വന്തം വേര് ശക്തമാക്കിക്കൊടുത്തില്ലെങ്കിൽ അവർ പായൽപോലെ അങ്ങോളമിങ്ങോളം ഒഴുകിനടക്കും. അതേ പാഠമല്ലേ കുന്തി നമുക്ക് കാണിച്ച് തരുന്നത്.

ഏറ്റവും വിപരീതമായ സാഹചര്യങ്ങളിൽ വളർന്നിട്ടും കുന്തിയുടെ നിരന്തരമായ നിരീക്ഷണവും ശിക്ഷണവും തന്നെയാവാം ആ പാണ്ഡവരെ ഭാരതചരിത്രത്തിലെ ഏറ്റവും വീരന്മാരായ പുരുഷന്മാരാക്കിത്തീർത്തത്.

ഒരു കുന്തിയായില്ലെങ്കിലും കുന്തിയുടെ ആയിരത്തിലൊരംശം എങ്കിലുമായി ശക്തമായ വേരുകളിൽ ഉറച്ച് നിൽക്കുന്ന മക്കളെ വളർത്തിയെടുക്കാൻ നമുക്കൊരുമിച്ച് ശ്രമിക്കാം.

*(കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ മയാമി കൺവെൻഷനിൽ 'ഭാരതത്തിലെ അഞ്ചു സ്ത്രീ രത്നങ്ങൾ' എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണ പരമ്പരയിൽ നിന്ന്)*

# ഹൈത്തിയിൽ

ഭീകരം ഭീകരം ഏറെ ഭയാനകം
ദുഃഖിതനായ് മണ്ണിൽ വീണു കരഞ്ഞു ഞാൻ.
പൈതലിൻ രോദനം കേട്ടു ദുഃഖിച്ചു ഞാൻ
അമ്മ തൻ രോദനം കേട്ടു വലഞ്ഞു ഞാൻ.

എന്നിട്ടുമെന്നിട്ടുമെന്തു ചെയ്തിന്നു നീ
സോദരാ ചൊല്ലുക എന്തിന്നു ചെയ്തു നീ
ഖിന്നനായ് കേണുകൊണ്ടേറെ ദുഃഖിച്ചു നീ
സോദരാ ചൊല്ലുക വേറെന്തു ചെയ്തു നീ.

പാവമാണിന്നു ഞാൻ ദീനനാണിന്നു ഞാൻ
എന്തു ഞാൻ ചെയ്തിടാം ദുഃഖിച്ചുകൊണ്ടിടാം
ഹൈത്തിയിൽ കണ്ടൊരാ ദീനമുഖങ്ങളെ
ഓർത്തുകൊണ്ടോർത്തു കൊണ്ടേറെ ദുഃഖിച്ചിടാം.

കൈകൾ നിനക്കുണ്ടു രണ്ടിന്നു കണ്ടുവോ -
ഉണ്ടതിൽ പത്തു വിരലുകൾ കണ്ടുവോ...
ഒരു വിരൽ ചെറുവിരൽ നീട്ടുക സോദരാ...
ഹൈത്തിയിൽ ചോരുന്ന കണ്ണുനീരൊപ്പുവാൻ.

ഒരു വിരൽ ചെറുവിരൽ നീട്ടുക സോദരാ...
ഹൈത്തിയിൽ ചോരുന്ന കണ്ണുനീരൊപ്പുവാൻ
നീട്ടുക സോദരാ...

(2010 -ൽ ഹൈത്തിയിൽ നടന്ന ഭൂകമ്പത്തെത്തുടർന്ന് ലക്ഷക്കണക്കിനാൾക്കാർ ദുരിതത്തിലായി. ഹൈത്തിയിലെ ജനങ്ങൾക്ക് ദുരിതാശ്വാസം എത്തിക്കുന്നതിനായി ഡിട്രോയിറ്റിലെ മലയാളി കൂട്ടായ്മയായ കേരള ക്ലബ് ഓഫ് ഡിട്രോയിറ്റ് നടത്തിയ ഫണ്ട് സമാഹരണത്തിനായി രചിച്ച കവിത. (For Tune search Youtube - Kerala Club Haiti Relief Programme - പാടിയത് ബിനി പണിക്കർ, സംഗീതം ബിനു പണിക്കർ)